# Study Guide for Logos 2019
# Gospel of Matthew

### ആമുഖം

**ഗ്രന്ഥകർത്താവ്**

മത്തായിയുടെ പേരിൽ അറിയപ്പെടുന്ന സുവിശേഷത്തിൽ, അതിന്റെ കർത്താവ് ആര്, എന്ന്, എവിടെവച്ച് അത് രചിക്കപ്പെട്ടു എന്നതിനെക്കുറിച്ചൊക്കെ നേരിട്ടുള്ള സൂചനകളില്ല. രചനയ്ക്ക് അജ്ഞാത കർത്തൃക സ്വഭാവമുണ്ടെങ്കിലും ഈ ആദ്യസുവിശേഷം രചിച്ചതു മത്തായി ആണെന്നാണ് പരമ്പരാഗതമായ വിശ്വാസം. മത്തായിയുടെ ലിസ്റ്റിൽ 'ചുങ്കക്കാരൻ' എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത് (cf മത്താ 10:3; 9:9). പപ്പിയാസിന്റെ കാലംമുതലുള്ള പാരമ്പര്യത്തിൽ മത്തായിയുടെ സുവിശേഷത്തിന്റെ കർത്താവ്, അപ്പസ്തോലനും യേശുവിനെ അനുഗമിച്ച പന്ത്രണ്ടുപേരിലൊരാളുമായ മത്തായിയാണ്. 2, 3, നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ഇറെനേയൂസ്, തെർത്തുല്യൻ, ഒരിജൻ തുടങ്ങിയ സഭാപണ്ഡിതരും ഈ പാരമ്പര്യം അംഗീകരിക്കുന്നുണ്ട്.

ഗ്രന്ഥകർതൃത്ത്വത്തെക്കുറിച്ചു രണ്ടാം നൂറ്റാണ്ടുവരെ നീളുന്ന പാരമ്പര്യവും മത്തായിയുടെ പേരിലുള്ള സുവിശേഷം എന്ന പ്രയോഗവും സുവിശേഷവും അപ്പസ്തോലനായ മത്തായിയും തമ്മിലുള്ള സജീവബന്ധം ദ്യോതിപ്പിക്കുന്നു. പല പണ്ഡിതന്മാരും പല രീതിയിലാണ് ഈ ബന്ധം മനസ്സിലാക്കുന്നത്. ചിലരുടെ അഭിപ്രായത്തിൽ മത്തായി എഴുതിയത് ഇന്നു നാം കാണുന്ന സുവിശേഷമല്ല. മത്തായി ആരംഭിച്ച ക്രിസ്തു സമൂഹത്തിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആരെങ്കിലും അദ്ദേഹത്തിന്റെ പേരിൽ ഈ സുവിശേഷം രചിച്ചു എന്നതാണ് മറ്റൊരു വാദം. ഒരാളല്ല, മത്തായിയുടെ ഒരു ശിഷ്യസമൂഹം, ക്രൈസ്തവരായ എഴുത്തുകാരുടെ ഒരു സംഘംതന്നെയാണീ രചനയുടെ പിന്നിലുള്ളതെന്ന് മറ്റൊരഭിപ്രായവുമുണ്ട്.

പഴയനിയമത്തിൽ നല്ല അവഗാഹമുള്ള ഒരു ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്റെ കൃതിയാണ് ഈ സുവിശേഷം എന്നു തീർച്ച. യഹൂദക്രൈസ്തവസമൂഹത്തിന്റെ രണ്ടാം തലമുറയിൽപ്പെട്ടയാളും ഗ്രീക്കും അറമായയും അനായാസം കൈകാര്യംചെയ്തിരുന്നയാളുമായ ഒരു എഴുത്തുകാരനാവണം (ദൈവശാസ്ത്രജ്ഞൻ) രചയിതാവ്. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന യേശുവിന്റെ ചില വാക്യങ്ങൾ സുവിശേഷകന്റെ സ്വന്തമാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഉദാ: 'സ്വർഗരാജ്യത്തിന്റെ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥനു തുല്യൻ (13:52).

**രചനാകാലം, സ്ഥലം**

മത്തായിയുടെ സുവിശേഷത്തിന്റെ മൂലരൂപം ഗ്രീക്കിലായിരുന്നു. പലസ്തീനായ്ക്കു പുറത്ത് ക്രൈസ്തവകേന്ദ്രമായിരുന്ന സിറിയായിലെ അന്ത്യോക്യയിൽവച്ചാണ് മത്തായി സുവിശേഷം രചിച്ചത്. രണ്ടാം നൂറ്റാണ്ടാദ്യം അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് തന്റെ ലേഖനങ്ങളിൽ മത്തായിയുടെ സുവിശേഷം ഉദ്ധരിച്ചിരുന്നത് ഈ അഭിപ്രായത്തിനു സ്ഥിരീകരണം നല്കുന്നു.

രചനാകാലവും തർക്കവിഷയംതന്നെ. ഭൂരിപക്ഷംപേരും മർക്കോസ് സുവിശേഷം രചിച്ചു വളരെക്കഴിഞ്ഞ് മത്തായി സുവിശേഷം എഴുതി എന്ന അഭിപ്രായക്കാരാണ്. മത്തായിയുടെ സുവിശേഷം മർക്കോസിനെയും ഉറവിടമായി ഉപയോഗിച്ചാണ് എഴുതിയിരിക്കുന്നത്. A.D. 70-ൽ ജെറുസലെം നശിപ്പിക്കുന്നതിനുമുമ്പ് മർക്കോസിന്റെ സുവിശേഷം രചിക്കപ്പെട്ടെങ്കിൽ അതിനുശേഷമാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടത്. ദേവാലയ - സിനഗോഗ് ബന്ധം, വിജാതീയ പ്രേഷിതദൗത്യം, രണ്ടാം വരവിന്റെ കാലതാമസം, ദേവാലയ പരിത:സ്ഥിതികൾ തുടങ്ങി മത്തായിയ്ക്കു താത്പര്യമുള്ള വിഷയങ്ങളും അവയ്ക്കു നല്കിയിരിക്കുന്ന പ്രമേയപരമായ ഊന്നലും രചനയുടെ പില്ക്കാല സാധ്യതകളിലേക്കാണു വിരൽ ചൂണ്ടുന്നത്. A.D. 80-നും 90-നുമിടയ്ക്ക് ഈ സുവിശേഷം രചിക്കപ്പെടാനാണു സാധ്യത. കൃത്യമായി പറഞ്ഞാൽ A.D. 85-ൽ.

മത്തായി സുവിശേഷമെഴുതിയത് തന്റെ യഹൂദ-വിജാതീയ ക്രൈസ്തവസമൂഹത്തിനുവേണ്ടിയായിരുന്നു. സുവിശേഷത്തിന്റെ ഉള്ളടക്കത്തിലും ധ്വനിയിലും കാണുന്ന യഹൂദത്വം വ്യക്തമാക്കുന്നത്, ആ

സമൂഹത്തിലെ ഭൂരിപക്ഷംപേരും, ഗ്രീക്ക് സംസാരിക്കുന്ന യഹൂദക്രൈസ്തവരായിരുന്നുവെന്നാണ്. എന്നാൽ, മത്തായി സുവിശേഷം രചിക്കുന്നകാലമായപ്പോഴേക്കും വിജാതീയർ കൂടുതൽ കൂടുതലായി സഭയിലേക്ക് വന്നുകൊണ്ടുമിരുന്നു. വിജാതീയർക്കുകൂടെ വാതിൽ തുറന്നിട്ടിരുന്ന ഒരു യഹൂദ-ക്രിസ്ത്യൻ സമൂഹത്തെയാണ് അദ്ദേഹം അഭിസംബോധന ചെയ്തിരുന്നത്.

**മത്തായിയുടെ ഉറവിടങ്ങൾ**

ഉറവിടങ്ങളെ തീർച്ചയായും മത്തായി ആശ്രയിക്കുന്നുണ്ട്. ലിഖിതരൂപത്തിലുള്ള പല ഉറവിടങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നിരിക്കണം. ഭൂരിപക്ഷം പുതിയ നിയമവിദഗ്ദ്ധരും കരുതുന്നതുപോലെ മത്തായി മർക്കോസിനെയും 'Q' (Quelle) എന്ന (ജർമൻ ഭാഷയിൽ ഉറവിടം എന്നർഥം) ഉറവിടങ്ങളെയും ആധാരമാക്കി. യേശുവിന്റെ വചനങ്ങളുടെ സമാഹാരമാണ് 'Q'. മറ്റു സുവിശേഷകന്മാർക്ക് കിട്ടാത്ത വസ്തുതകളും (കഥകൾ, യേശുവിന്റെ വാക്യങ്ങൾ...) ഉറവിടമായി മത്തായിക്കു ലഭിച്ചുകാണണം. മത്തായിക്കു മാത്രം കിട്ടിയതുകൊണ്ട് 'M' ഉറവിടം എന്നാണിതിനെ വിളിക്കുക. ഇവയിൽനിന്നു ശ്രദ്ധാപൂർവം തിരഞ്ഞെടുത്തു ക്രമീകരിച്ചാണ് തന്റെ ദൈവശാസ്ത്രമമടങ്ങുന്ന സുവിശേഷം മത്തായി തന്റെ പേരിൽ തയ്യാറാക്കിയത്.

**ശൈലി**

ക്രമീകൃതവും സംക്ഷിപ്തവുമാണ് മത്തായിയുടെ സുവിശേഷം. പൊതുവായി നോക്കുമ്പോഴും പ്രത്യേക വിഭാഗങ്ങളായി പരിഗണിക്കുമ്പോഴും സസൂക്ഷ്മം രചിക്കപ്പെട്ടതാണീ സുവിശേഷമെന്നു കാണാം. വിവരണ വിഭാഗങ്ങളുടെ ഇടയ്ക്കിടെ അഞ്ചു പ്രധാന പ്രഭാഷണങ്ങളുണ്ട്. ആവർത്തനങ്ങൾ, ദ്വയാർഥപ്രയോഗങ്ങൾ, തുടങ്ങിയവയും ദൃശ്യമാണ്.

മത്തായിയുടെ പ്രിയപ്പെട്ട ചില ശൈലികളും പ്രയോഗങ്ങളും ധാരാളമായി കടന്നുവരുന്നുണ്ട്. വിവരണത്തിൽ (3:13; 4:1; 9:14; 10:20; 12:22, 38...). അല്ലെങ്കിൽ പുതിയൊരു ഭാഗത്തിന്റെ നടുക്ക് (2:7; 16,17; 3:5, 15; 4:5; 10,11; 9:6,29,37...) 'പിന്നീട്', 'അനന്തരം' എന്നീ പദങ്ങൾ കടന്നുവരുന്നു. 'കണ്ടാലും ആണ് മത്തായിയുടെ സുവിശേഷത്തിൽ കൂടെക്കൂടെ കടന്നുവരുന്ന മറ്റൊരു പദം (ഉദാ: 1:20; 2:1 ...).

പഴയനിയമത്തിൽനിന്നുള്ള പല ഉദ്ധരണികളിലും പഴയനിയമപ്രവചനങ്ങൾ യേശുവിൽ നിറവേറുന്നതു സ്ഥാപിക്കാനാണ് മത്തായിക്കു ഉത്സാഹം. ഭക്ഷണത്തിനുമുമ്പ് കൈ കഴുകുന്ന യഹൂദാചാരവും (15:2, 11,18; cf മർക്കോ 7:2-5) വിളുമ്പുള്ള വസ്ത്രം ധരിക്കുന്ന രീതിയും (9:20; 14:36; 23:5) വിശദീകരണം കൂടാതെ എഴുതി ചേർത്തിരിക്കുന്നു. വായനക്കാർക്കു സുപരിചിതമാണെന്നറിയാവുന്നതുകൊണ്ടാണ് ഈ സെമിറ്റിക് ശൈലികളും യഹൂദാചാരങ്ങളും അതേപടിതന്നെ അദ്ദേഹം നിലനിറുത്തിയത്.

വസ്തുതകളെ 3, 7, അതിന്റെ ഗുണിതങ്ങൾ എന്നീ ഗണങ്ങളായി തിരിക്കുന്ന ശൈലീപരമായ മറ്റൊരു പ്രത്യേകതയും എടുത്തുപറയേണ്ടതായിട്ടുണ്ട്. യേശുവിന്റെ വംശാവലി (1:1-17) ഓരോ 14 വംശങ്ങളുടെയും മൂന്നു ഗണങ്ങളായിട്ടാണ് (7 ന്റെ ഗുണിതം) അവതരിപ്പിച്ചിരിക്കുന്നത്. കർത്താവിന്റെ പ്രാർത്ഥനയിൽ ഏഴു യാചനകളുണ്ട് (6:9-13). 13-ാം അദ്ധ്യായത്തിൽ 7 ഉപമകളുള്ളപ്പോൾ 23-ാം അദ്ധ്യായത്തിൽ ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ 7 ദുരിതങ്ങളാണ് പ്രഖ്യാപിക്കുന്നത്.

**പ്രമേയങ്ങൾ, താത്പര്യങ്ങൾ**

സഭയാണു യഥാർഥ ഇസ്രായേൽ എന്ന വിശ്വാസം, പഴയനിയമ പ്രവചനങ്ങൾ യേശുവിൽ നിറവേറുന്നു എന്ന വിശ്വാസം, സ്വർഗരാജ്യം യഥാർഥ നീതീകരണം, ശിഷ്യത്വം, സഭയുടെ സാർവത്രിക ദൗത്യം തുടങ്ങിയവ മത്തായിയുടെ ഇഷ്ടപ്പെട്ട പ്രമേയങ്ങളാണ്.

**പൂർത്തീകരണം എന്ന പ്രമേയം:** യേശുവിന്റെ പഠനങ്ങളെയും അവിടത്തെ സുപ്രധാന ജീവിതമുഹൂർത്തങ്ങളെയും പഴയനിയമത്തിന്റെ പൂർത്തീകരണമെന്നനിലയിലാണ് അദ്ദേഹം വിവരിക്കുന്നത്. പഴയനിയമത്തിൽനിന്നുള്ള 43 ഉദ്ധരണികൾ ഈ സുവിശേഷത്തിലുണ്ട്. ഇതിൽ 10 എണ്ണം 'പൂർത്തീകരണ ഫോർമുല' ഉപയോഗിച്ച് ആരംഭിച്ചിരിക്കയാൽ അവയെ 'ഫോർമുലാ ഉദ്ധരണികൾ' എന്നു വിളിക്കുന്നു (മത്താ 1:22-23; 2:15; 2:17-18; 2;23; 4:14-16; 8:17). ഇസ്രായേലിന്റെ വിശുദ്ധലിഖിതങ്ങളിലേക്കുള്ള താക്കോലാണ് മത്തായിയുടെ യേശു. അവിടന്നാണ് അവയുടെ പൂർത്തീകരണം, സാഫല്യം. അതുകൊണ്ടാണ് ഈ സുവിശേഷത്തെ പൂർത്തീകരണത്തിന്റെ സുവിശേഷം എന്നുവിളിക്കുന്നത്.

**സ്വർഗരാജ്യം:** സ്വർഗരാജ്യത്തിന്റെ സുവിശേഷം എന്നും ഇതിനു പേരുണ്ട്. സമവീക്ഷണസുവിശേഷങ്ങൾക്ക് പൊതുവായ യേശുവിന്റെ പ്രഖ്യാപനങ്ങളുടെ കേന്ദ്രസന്ദേശം ദൈവരാജ്യമാണ്. സ്വർഗരാജ്യം എന്ന സെമിറ്റിക് പ്രയോഗമാണ് മത്തായിക്കു കൂടുതൽ ഇഷ്ടം. യേശുവിന്റെ ശുശ്രൂഷയിൽ രാജ്യം എന്ന പ്രമേയത്തിന് വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട് മത്തായി.

**സഭ:** അനുപമമായ സഭാത്മക സുവിശേഷം എന്നാണ് മത്തായിയുടെ സുവിശേഷത്തെ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത്. സുവിശേഷകരിൽ അദ്ദേഹം മാത്രമേ സഭ എന്ന പദം ഉപയോഗിക്കുന്നുള്ളൂ (മത്താ 16:18; 18:17). 18-ാം അദ്ധ്യായം സഭയെ സംബന്ധിച്ചുമാത്രമാണ് ചർച്ചചെയ്യുന്നത്. പഴയ ഇസ്രായേലിന്റെ സ്ഥാനത്തു നില്ക്കുന്ന യഥാർഥ ഇസ്രായേലാണ് സഭ. മത്തായിയുടെ ദൃഷ്ടിയിൽ അതിന്റെ ദൗത്യം, മുഴുവൻ ലോകത്തിനും വേണ്ടിയുള്ളതാണ്.

**മത്തായിയുടെ സുവിശേഷവും യഹൂദമതവും**

മത്തായി യഹൂദചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും പശ്ചാത്തലമുള്ള, പഴയ നിയമത്തിന്റെ പൂർത്തീകരണമായ, യേശുവിനെയാണ് ആലേഖനം ചെയ്യുന്നത്. യേശു പഴയനിയമത്തിന്റെ തുടർച്ചയായി നിലകൊള്ളുന്നു. പഴയനിയമത്തെ ഇല്ലായ്മചെയ്യാനല്ല, പൂർത്തീകരിക്കാനാണ് അവിടന്നു വന്നത്. നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു ഞാൻ വന്നത്. 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കുവാനാണു ഞാൻ വന്നത്'' (5:17-18) എന്ന് യേശു തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

നിയമത്തിന്റെ സമ്പൂർണാർത്ഥം വ്യക്തമാക്കുന്നതാണ് അവിടത്തെ പഠനങ്ങൾ. നിയമം റദ്ദുചെയ്യുന്നതിനു പകരം നിയമം എന്തു ലക്ഷ്യംവെക്കുന്നുവെന്ന കാഴ്ചപ്പാടിനനുസൃതം അവയുടെ മുനയ്ക്ക് മൂർച്ചകൂട്ടുകയാണ് യേശു (cf 5:21-48). നിയമങ്ങൾ അനുസരിക്കുമ്പോൾ പാലിക്കേണ്ട ചില തത്ത്വങ്ങൾ അവിടുന്ന് ആവിഷ്കരിക്കുന്നു (cf 7:12 ലെ സുവർണ നിയമവും 22:40 ലെ സ്നേഹത്തിന്റെ ഇരട്ടപ്രമാണങ്ങളും). മത്തായിയും അദ്ദേഹത്തിന്റെ യഹൂദസമൂഹവും ഇസ്രായേലിന്റെ ഗുരുവും നിയമദാതാവുമായ മോശയ്ക്കു വളരെ ബഹുമാനാദരങ്ങൾ നല്കിയിരുന്നു. മത്തായിയുടെ യേശു 19:7-8 ൽ മോശയെ ന്യായീകരിക്കുകയും 23:1-2-ൽ, ഫരിസേയർക്കും നിയമജ്ഞർക്കും പരമ്പരാഗതമായി ലഭിച്ച മൂശയുടെ അധികാരത്തെ ബഹുമാനിക്കാൻ ശിഷ്യർക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നുണ്ട്.

ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ നിശതമായ വിമർശനത്തിന്റെയും നിരന്തര തർക്കത്തിന്റേതുമായ നിലപാടാണ് മത്തായി സ്വീകരിച്ചത്. യേശുവിനും യഹൂദനേതാക്കൾക്കും ഇടയിലുള്ള ഭിന്നതയും സംഘർഷാന്തരീക്ഷവും മത്തായിയുടെ സുവിശേഷത്തിൽ നന്നായി പ്രതിഫലിക്കുന്നുണ്ട്. ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിബോധത്തെക്കാൾ ഉയർന്ന നീതിബോധം സ്വർഗരാജ്യപ്രവേശനത്തിനു വ്യവസ്ഥയായി ശിഷ്യരിൽനിന്ന് ആവശ്യപ്പെടുന്നതുവഴി (5:20) യഹൂദനേതാക്കളെ പരോക്ഷമായി വിധിക്കുകയാണ് അവിടന്ന്. ദാനധർമ്മം, ഉപവാസം, പ്രാർത്ഥന തുടങ്ങിയ ഭക്താഭ്യാസങ്ങളിൽ യേശുശിഷ്യന്മാർ ആ കപടഭക്തരിൽനിന്ന് വ്യത്യസ്തരായിരിക്കണം (6:2, 5, 16). നിയമജ്ഞർക്കും ഫരിസേയർക്കുമെതിരെ രൂക്ഷമായ കടന്നാക്രമണമാണ് 23-ാം അദ്ധ്യായം.

യഹൂദനേതാക്കളെ യേശു കടുത്തഭാഷയിലം ചിത്രീകരിച്ചതിനു ചില കാരണങ്ങൾ ഉണ്ടായിരുന്നു. യഹൂദരുടെ ചരിത്രത്തിലെ സുപ്രധാന സംഭവമായിരുന്നു റോമാക്കാർ എ.ഡി. 70-ൽ ജെറുസലേം ദേവാലയവും നശിപ്പിച്ചത്. തത്ഫലമായി യഹൂദർക്ക് അവരുടെ ഭൂമിയുടെമേലും വിശുദ്ധസ്ഥാപനമായ ദേവാലയത്തിന്റെമേലും ഉണ്ടായിരുന്ന രാഷ്ട്രീയനിയന്ത്രണം നഷ്ടപ്പെട്ടു. A.D. 70-ലെ അത്യാഹിതത്തിനു ശേഷം ഫരിസേയഗ്രൂപ്പ് റബ്ബിമാർ, യോഹന്നാൻ ബെൻസക്കാറബിയുടെ നേതൃത്വത്തിൽ റബിനിക്/ഫരിസേയ യഹൂദമതം എന്നൊന്നു തട്ടിക്കൂട്ടി, ദേവാലയമോ രാജ്യമോ ഇല്ലെങ്കിലും ഒരു മതമെന്ന നിലയിൽ യഹൂദമതം നിലനില്ക്കുന്നതിന് തോറാ (നിയമസംഹിത) യുടെ പ്രാധാന്യം എടുത്തുകാട്ടി ഈ റബിനിക്/ഫരിസേയമതം.

പുനഃസംഘടിപ്പിക്കപ്പെട്ട മതമെന്നനിലയിൽ സ്വന്തം വ്യക്തിത്വം പാലിക്കാനും സൂക്ഷിക്കാനുമായിരുന്നു പുതിയ യഹൂദമതത്തിനു വ്യഗ്രത. യേശുവിനെ മിശിഹാ ആയി അംഗീകരിച്ച യഹൂദക്രിസ്ത്യാനികളെ അവർ പാഷണ്ഡതക്കാരും വിശ്വാസത്തിന്റെ വേരുമാന്തിയ വഞ്ചകരുമായിക്കരുതി പീഡിപ്പിക്കാൻ തുടങ്ങി(cf10:17).റബിനിക്യഹൂദമതത്തിന്റെ രംഗപ്രവേശനത്തോടെ മത്തായിയുടെ സഭ ആപത്കരമായ ഒരു സ്ഥിതിവിശേഷമാണ് നേരിടേണ്ടിവന്നത്. നിയമജ്ഞന്മാർക്കും ഫരിസേയർക്കുമെതിരെ കടുത്ത വിമർശനമുണ്ടാവാൻ ഇതാവാം കാരണം. രക്ഷാകര ചരിത്രത്തെക്കുറിച്ചുള്ള മത്തായിയുടെ വീക്ഷണത്തിൽ പഴയനിയമത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ശുശ്രൂഷ; 'ഇസ്രായേലിലെ നഷ്ടപ്പെട്ട കുഞ്ഞാടുകൾക്ക് മാത്രമായി അതു പരിമിതപ്പെടുത്തുകും ചെയ്തിരിക്കുന്നു' (cf മത്താ 10:5-6; 15:24). എന്നാൽ, യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം സഭ സാർവത്രിക ദൗത്യമുള്ള യഥാർഥ ഇസ്രായേലായിത്തീർന്നു (cf മത്താ 28:16-20).

## സുവിശേഷഘടന

ഏറ്റവും കൂടുതൽ ശ്രദ്ധയോടെ എഴുതപ്പെട്ട സുവിശേഷം മത്തായിയുടേതാണെന്നു വേണം പറയാൻ. ലഭ്യമായ പാരമ്പര്യങ്ങളെല്ലാം ഉപയോഗിച്ച് അതീവശ്രദ്ധയോടെയാണ് രചന നടത്തിയത്.

**I. പഞ്ചമുഖ വിഭജനം**

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ അഞ്ചു പ്രസംഗങ്ങൾ അടങ്ങിയിട്ടുണ്ട്. മലയിലെ പ്രസംഗമാണ് ഒന്ന് (5-7). അപ്പസ്തോലന്മാരുടെ ദൗത്യത്തെക്കുറിച്ചുള്ള പ്രസംഗം (10). ഉപമകളെക്കുറിച്ചുള്ള പ്രബോധനം (13). സഭയെപ്പറ്റിയുള്ള പ്രഭാഷണം (18) ലോകാവസാനകാല സംഭവങ്ങളെ ആസ്പദമാക്കിയുള്ള പ്രഭാഷണം (24-25) എന്നിവയാണ് മറ്റുള്ളവ. അഞ്ചു പ്രത്യേക സ്ഥലത്തും സന്ദർഭങ്ങളിലും വച്ചു യേശു ഓരോ വിഷയത്തെക്കുറിച്ചു സംസാരിച്ചു എന്ന് ഇതിൽനിന്നും മനസ്സിലാക്കേണ്ടതില്ല. യേശുവിന്റെ പ്രബോധനങ്ങളെക്കുറിച്ചു നിലവിലുണ്ടായിരുന്ന പാരമ്പര്യങ്ങൾക്കു മത്തായി പ്രസംഗങ്ങളുടെ രൂപം നല്കി; ഒരു സാഹിത്യരചനയാക്കി മാറ്റി എന്നുമാത്രം. ഈ പ്രബോധനങ്ങൾ ഓരോന്നും വിവരണാത്മകമായ ഒരു ആമുഖത്തോടെ ആരംഭിക്കുന്നു. എല്ലാറ്റിനും ഏതാണ്ട് ഒരേ മാതിരിയുള്ള ആവർത്തന വിരസതയുള്ള അന്ത്യമാണുള്ളത് (cf 7:28; 11:1; 13:53; 19:1; 26:1).

ഒരു പ്രബോധനവും ഒരു വിവരണവും ഒന്നിച്ചുചേർത്ത് ഒരു യൂണിറ്റ്, ഇങ്ങനെ അഞ്ചു യൂണിറ്റുകൾ - ഇതാണ് മത്തായി സ്വീകരിച്ചിരിക്കുന്ന ഘടനാരീതി. ബാല്യകാല വിവരണമാണ് (1-2) ആമുഖം; പീഡാനുഭവവിവരണം (26-28) ഉപസംഹാരവും. ഈ അഞ്ചു പ്രസംഗങ്ങൾ പഞ്ചഗ്രന്ഥിയിലെ അഞ്ചു പുസ്തകങ്ങളെവരെ അനുസ്മരിപ്പിക്കുന്നുവെന്നതാണ് ഇവയുടെ പ്രത്യേകത. അങ്ങനെ മത്തായിയുടെ സുവിശേഷം പുതിയ സഭയുടെ പഞ്ചഗ്രന്ഥിയായി മാറിയെന്ന പ്രതീതിയാണ് ഇത് വായനക്കാരനു നല്കുക. സുവിശേഷത്തിന്റെ ഘടന താഴെ കാണുന്ന പ്രകാരമാണ്:

| | | | |
|---|---|---|---|
| **ആമുഖം** | അദ്ധ്യായം | 1-2 | ബാല്യകാലവിവരണം |
| **പുസ്തകം I** | | | |
| | ” | 3-4 | വിവരണം |
| | ” | 5-7 | പ്രസംഗം |
| **പുസ്തകം II** | | | |
| | ” | 8-9 | വിവരണം |
| | ” | 10 | പ്രസംഗം |
| **പുസ്തകം III** | | | |
| | ” | 11-12 | വിവരണം |
| | ” | 13 | പ്രസംഗം |
| **പുസ്തകം IV** | | | |
| | ” | 14-17 | വിവരണം |
| | ” | 18 | പ്രസംഗം |
| **പുസ്തകം V** | | | |
| | ” | 19-23 | വിവരണം |
| | ” | 24-25 | പ്രസംഗം |
| **ഉപസംഹാരം** | ” | 26-28 | പീഡാനുഭവ വിവരണം |

**II ത്രിമുഖവിഭജനം**

സുവിശേഷത്തിന്റെ രണ്ടു പ്രധാന സന്ദർഭങ്ങളിൽ (4:17; 16:21) ഒരു ഫോർമുല കാണാം: ‘അപ്പോൾ മുതൽ യേശു...’ ശുശ്രൂഷയിലെ പുതിയൊരു ഘട്ടം ഇതുവഴി ആരംഭിക്കുകയാണ്. 1:1, വിസ്തരിച്ചു 4:16 വരെ എത്തിച്ച ആമുഖത്തിന്റെ തലവാചകംപോലെ പരിഗണിച്ചാൽ മത്തായിയുടെ സുവിശേഷത്തിന് മൂന്നു വിഭാഗങ്ങളുള്ള മറ്റൊരു ഘടനാരീതി കാണാൻ കഴിയും. അവ താഴെ കൊടുത്തിരിക്കുന്നു.

1:1 4:16:- യേശുവിന്റെ ജനനം, ബാല്യം, ശുശ്രൂഷയ്ക്ക് ഒരുക്കം.

4:17-16:20; വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സ്വർഗരാജ്യം വിളംബരംചെയ്യുന്നു. ജനക്കൂട്ടത്തിന്റെ പ്രതികരണം, യേശുവിന്റെ മറുപടി.

16:21-28:20: പീഡാനുഭവത്തിനുള്ള തയ്യാറെടുപ്പ്, ജെറുസലേം ശുശ്രൂഷ, പീഡാനുഭവ വിവരണം.

**ഉള്ളടക്കം**

## വിവാഹമോചനം (19:1–12)

യേശു നിയമത്തെ വ്യാഖ്യാനിക്കുന്നതിന്റെ മാതൃകയായിട്ട് മാത്രമാണ് ഈ വിശദീകരണത്തിൽ മത്താ 19:1–12നെ കാണുന്നത്. വിവാഹമോചനത്തെക്കുറിച്ചുള്ള വിശദീകരണം ഇതിനു മുമ്പ് 5:31–32ന്റെ വ്യാഖ്യാനത്തിൽ നല്കിയിട്ടുണ്ട്. (മത്തായി എഴുതിയ സുവിശേഷം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് 8 പേജ് 100–102 കാണുക).

ഫരിസേയരുടെ ഉദ്ദേശ്യം യേശുവിനെ പരീക്ഷിക്കുക എന്നതാണ്. ഭാര്യയെ ഏതെങ്കിലും കാരണത്താൽ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്നാണ് ചോദ്യം. മോശയുടെ നിയമവ്യവസ്ഥയിൽ വിവാഹമോചനം അനുവദനീയമായിരുന്നു. മത്താ. 5:31–32 യേശു ഒരു വൈപരീത്യ പ്രഖ്യാപനത്തിലൂടെ അതു നിരോധിച്ചിരുന്നു (കാണുക. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് - 8 പേജ് 100). ഇവിടെ അതിന്റെ വിശദീകരണം കൂടി യേശു നൽകുന്നു.

മോശയുടെ പാരമ്പര്യത്തിന് പിന്നിൽ, സൃഷ്ടിയുടെ സാഹചര്യത്തിലേക്കാണ് യേശു ശ്രദ്ധക്ഷണിക്കുന്നത്. ആ പ്രഥമസാഹചര്യത്തിൽ ദൈവം എന്ത് ഉദ്ദേശിച്ചു? അതാണ് നിയമത്തിന്റെ അരൂപി. അതാണ് നിയമത്തിന്റെ സമൂലമായ വ്യാഖ്യാനം. അതേസമയം മത്തായി ആ നിയമത്തിന് ഒരപവാദം ഉൾപ്പെടുത്തിയിട്ടുണ്ട്. ''പരസംഗം മൂലമല്ലാതെ'' എന്ന്. ഇത് 5:31–32ൽ വന്നിട്ടുണ്ട്. (വിശദീകരണത്തിന് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് -8 പേജ് 101 കാണുക).

ശിഷ്യന്മാർ പ്രതികരിക്കുന്ന രീതി ശ്രദ്ധിക്കേണ്ടതാണ്. ഭാര്യാഭർതൃബന്ധം ഈ വിധമാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണ് ഭേദം എന്നാണ് അവർ പറയുന്നത്. അവർ ഉദ്ദേശിക്കുക, ബ്രഹ്മചര്യം ആണ് വിവാഹമോചനത്തേക്കാൾ നല്ലത് എന്നാണ്. ഇത് വിശദീകരിക്കുമ്പോൾ യേശു വ്യക്തമാക്കുന്നത് ബ്രഹ്മചര്യം അതിന്റെ യഥാർഥ അർഥത്തിൽ ദൈവദാനമാണ് (''കൃപലഭിച്ചവരല്ലാതെ'' - 19:11) എന്നാണ്. ''സ്വർഗരാജ്യത്തെപ്രതി'' ഒരു വ്യക്തി സ്വയം തീരുമാനിച്ച് ദൈവത്തിൽ നിന്ന് സ്വീകരിക്കുന്ന പ്രത്യേകവരമാണത് എന്നു ചുരുക്കം. ''സ്വർഗരാജ്യത്തെപ്രതി'' എന്നു പറയുമ്പോൾ അർഥം മുഴുവൻ വ്യക്തമല്ല. ഗ്രീക്കിലെ dia (ദിയാ) എന്ന ഘടകം ''കാരണം'' വ്യക്തമാക്കാൻ ഉപയോഗിക്കാം. സ്വർഗരാജ്യം അത്ര അഗാധമായി അനുഭവിച്ചതു കാരണം ഒരു വ്യക്തി സ്വയം തീരുമാനിക്കുകയാണ്, വിവാഹം ചെയ്യാതെ, ബ്രഹ്മചാരിയായി ജീവിക്കാമെന്ന്. ദൈവരാജ്യത്തിന്റെ വില മനസ്സിലാക്കി എല്ലാം വില്ക്കാൻ തീരുമാനിക്കുന്നവന്റെ മനോഭാവമാണിത്.

''ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ'' എന്നു പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ പ്രബോധനത്തിന്റെ സമൂലതയും അത്യാവശ്യ സ്വഭാവവും അറിയിക്കുന്നു. വെല്ലുവിളിയുടെയും മുന്നറിയിപ്പിന്റെയും ചുവയുമുണ്ട് ഈ പ്രയോഗത്തിന്.

## ധനികനായ യുവാവ് (19:16–30)

മർക്കോസും ലൂക്കായും ഈ സംഭവം വിവരിക്കുന്നുണ്ട്. തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഇല്ല. മത്തായി ചോദ്യത്തിൽ വ്യത്യാസം വരുത്തുന്നുണ്ട്. ''നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മ ചെയ്യണം'' എന്നാണ് ചോദ്യം (19:16). നന്മയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് യേശു ആരംഭിക്കുന്നതും. അവസാനം യേശുവിന്റെ മറുപടിയിൽ ''നീ പരിപൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ....'' (19:21) എന്ന് ചേർക്കും. ഇതിന് സമാന്തരഭാഗം മറ്റു സുവിശേഷങ്ങളിൽ ഇല്ല. ഇതാകട്ടെ മത്തായിക്ക് താത്പര്യമുള്ള പ്രമേയവുമാണ് (മത്താ. 5:48).

അവസാനഭാഗം യേശുവും ശിഷ്യരും തമ്മിലുള്ള സംഭാഷണമാണ്. സമ്പത്തിനെക്കുറിച്ചും പരിത്യാഗത്തെക്കുറിച്ചും ''സമ്പത്ത്'' ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുന്നവരുടെ പ്രതിഫലത്തെക്കുറിച്ചുമാണ് ഈ ഭാഗം പ്രതിപാദിക്കുന്നത്.

യേശുവിനെ സമീപിക്കുന്നവന്റെ ആഗ്രഹം ''നിത്യജീവൻ പ്രാപിക്കണമെന്നാണ്.'' അവൻ കാണുന്ന മാർഗം ''നന്മ ചെയ്യണ'' മെന്നതും. ''നല്ലവൻ ഒരുവൻ'' മാത്രമാണ് എന്ന് യേശു പറയുമ്പോൾ ''ഏക ദൈവാരാധന''യിലേക്കാണ് വിരൽ ചൂണ്ടുന്നത് (നിയ 6:4f). യേശു ഈ ഏക ദൈവത്തിന്റെ സ്ഥാനത്ത് നില്ക്കുന്നവനാണ്. യേശുവിന്റെ അനന്യതയെ പരോക്ഷമായി വെളിപ്പെടുത്തുന്നതാണ് ഈ വാക്യം.

നിയമാനുഷ്ഠാനമാണ് യേശു ആദ്യം നിർദേശിക്കുന്നത്. ഇവയാകട്ടെ അവൻ അനുസരിക്കുന്നുണ്ട്. അതുകൂടാതെ എന്തോ പുതുമയാണ് അവന്റെ പ്രതീക്ഷ. യേശുവിന് നല്കാവുന്ന എന്തോ ഉണ്ട്, ജീവിതത്തിൽ പൂർണതയുണ്ടാകുവാൻ.

അവൻ വസിക്കുന്നതു കല്പനകൾകൊണ്ടു നിർമിച്ച വീട്ടിലാണ്. അവിടെ എല്ലാ സൗകര്യങ്ങളുമുണ്ട്. ഒരുതരം സ്വസ്ഥതയുമുണ്ട്. അവൻ ആഗ്രഹിച്ചത് അതിന്റെകൂടെ ''നിത്യജീവൻ'' എന്ന കൊച്ചുമുറി കൂടി എടുക്കാനാണ്.

ഇവിടെയാണ് യേശുവിന്റെ മറുപടി അവനെ കുലുക്കുന്നത്. ''നീ പരിപൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ'' എന്ന പ്രയോഗത്തിന്റെ അർഥമിതാണ് : നീ പൂർണമായി ദൈവമനോഭാവം ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നെങ്കിൽ, സ്വർഗരാജ്യത്തെ ജീവിതകേന്ദ്രമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിന്നെത്തന്നെ ഇല്ലാതാക്കി, നിന്നിലൂടെ ദൈവത്തിന്റെ നിസ്സീമവും സർവാശ്ലേഷകവുമായ സ്നേഹവും കാരുണ്യവും അവതരിപ്പിക്കാൻ തീരുമാനിക്കുന്നെങ്കിൽ.

അതിനുള്ള മാർഗമായി യേശു നാലു ക്രിയകളാണു പറയുക. ''വില്ക്കുക - കൊടുക്കുക - വരുക - അനുഗമിക്കുക''. യഥാർഥ ശിഷ്യന്റെ ജീവിതം ഈ ക്രിയകളിലുണ്ട്. അവൻ ക്രിയാത്മകമായി പ്രവർത്തിക്കേണ്ടവനാണ്. വെറുതെ നിഷ്ക്രിയനായി ''ഇരിക്കേണ്ട'' വനല്ല. അതുകൊണ്ടാണ് ക്രിയകൾ. അവൻ അവശ്യം ചെയ്യേണ്ടകാര്യങ്ങളാണ് ക്രിയകൾ സൂചിപ്പിക്കുന്നത്.

യേശു അവനോട് പറയുന്നത് വീടിന്റെ കൂടെ മുറിയെടുത്താൽ മതിയാവില്ല, വീട് പൊളിച്ചു പണിയണം എന്നാണ്. യേശുവാണ് നിത്യജീവൻ. യേശുവുമായി ബന്ധപ്പെടുകയാണ് ആവശ്യം. യേശുവുമായി ബന്ധപ്പെടണമെങ്കിൽ വീടിന്റെ പ്രധാന കവാടത്തിലൂടെ അവനെ അകത്തേക്കാനയിച്ച് അവൻ ആവശ്യപ്പെടുന്നത് ചെയ്യണം. അതാണ് വില്ക്കലും, കൊടുക്കലും, വരലും, അനുഗമിക്കലും. യേശുവാണ് അവന്റെ ജീവിതത്തിന്റെ നാഥൻ. അവനാണ് ഭരിക്കേണ്ടതും കല്പിക്കേണ്ടതും. ഇതാണ് സ്വർഗരാജ്യവും നിത്യജീവനും.

വിപ്ലവകരമായ ഈ മാറ്റത്തിന് അവൻ തയ്യാറായിരുന്നില്ല. രണ്ടും ഒന്നിച്ച് കിട്ടാനാണ് അവൻ ആഗ്രഹിച്ചത്. അതുകൊണ്ട് അവൻ യേശുവിനെ അനുഗമിച്ചില്ല, തിരിച്ചുപോയി.

ശിഷ്യരുമായുള്ള സംഭാഷണത്തിന്റെ സന്ദേശമിതാണ്:

- സ്വത്ത് ഉള്ളപ്പോൾ അഹങ്കാരവും സ്വാർഥതയും ശക്തിയും വർധിക്കും. സാധാരണഗതിയിൽ അവർക്ക് ഇഷ്ടം ഇപ്പോഴുള്ള ജീവിതത്തിൽ മാറ്റമില്ലാതിരിക്കുക എന്നതാണ്. അതിനാൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ വിഷമവുമാണ്. ഇതുകാണിക്കാനാണ് ഒട്ടകവും സൂചിക്കുഴയും പ്രതീകങ്ങളായി ഉപയോഗിച്ചിരിക്കുന്നത്.

- ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്നു വിശ്വസിച്ച് ദൈവകരങ്ങളിൽ തന്നെത്തന്നെ അർപ്പിക്കുകയാണ് ഉത്തമമാർഗം. ദൈവത്താൽ ഭരിക്കപ്പെടാനും കല്പിക്കപ്പെടാനും വിധിക്കപ്പെടാനും ഉള്ള ഹൃദയ വിശാലതയാണിത്. സ്വന്തം ശക്തിയിൽ ആശ്രയിക്കാതിരിക്കലാണ് ഇത്. വിശ്വാസത്തിന്റെ അർഥം ഇതാണല്ലോ.

- ഈ വിപ്ലവകരമായ മാറ്റത്തിന് തീരുമാനിക്കുന്നവർക്ക് ദൈവം നൂറിരട്ടി നല്കും എന്നാണ് യേശു പറയുക. 12 അപ്പസ്തോലന്മാർ വിധിദിവസം യേശുവിന്റെകൂടെ വിധിക്കും. ഉപേക്ഷിച്ചത് ലഭിക്കും. നിത്യജീവൻ കിട്ടുകയും ചെയ്യും. അവരെ ദൈവം പരിപാലിക്കും. ''കർത്താവ് അവർക്കു വീടുപണിയുകയും അവരുടെ നഗരം കാക്കുകയും ചെയ്യും.'' (സങ്കീ 127).

അവസാനവാക്യം (19:30) വ്യക്തമാക്കുന്നത് ദൈവത്തിന്റെ പ്രവർത്തന ശൈലിയാണ്, നമ്മുടേതല്ല പ്രധാനം എന്നാണ്. നാം ചിന്തിക്കുമ്പോൾ മുമ്പന്മാരെന്ന് തോന്നുന്നവർ ദൈവത്തിന് മുമ്പന്മാരല്ല. ദൈവത്തിന്റെ വഴികൾ മനുഷ്യന്റെ വഴികളല്ല. ദൈവത്തിനു തന്നത്തന്നെ വിട്ടുകൊടുത്ത് ജീവിക്കുക എന്നതാണ് പ്രധാനം.

## സർവാധിപനായ ദൈവം 20:1–16

ഇതൊരു ഉപമയാണ്. മത്തായി മാത്രമേ ഇതവതരിപ്പിക്കുന്നുള്ളൂ. ജോലിക്കാരെ അന്വേഷിക്കുന്ന വീട്ടുടമസ്ഥനാണ് പ്രധാന കഥാപാത്രം. പിന്നെ ജോലിക്കായി വിവിധ സമയങ്ങളിൽ അയയ്ക്കപ്പെടുന്ന ജോലിക്കാർ, കൂലി നല്കുന്ന സമയമാകുമ്പോൾ ജോലിക്കാരുടെ പ്രതികരണം ശ്രദ്ധിക്കണം. എല്ലാറ്റിലുമുപരി വീട്ടുടമസ്ഥനെയും അവന്റെ പെരുമാറ്റരീതിയെയും, അവൻ പറയുന്ന വാക്കുകളെയും ശ്രദ്ധിക്കുക.

1-ാം മണിക്കൂർ (രാവിലെ 6 മണി) മുതൽ 11-ാം മണിക്കൂർ വരെ (വൈകുന്നേരം 5 മണി) ജോലിക്കാരെ സ്വീകരിക്കുന്ന വീട്ടുടമസ്ഥൻ. മുന്തിരിത്തോട്ടത്തിന്റെ കാര്യം കേൾക്കുമ്പോൾതന്നെ ഇസ്രായേൽ ദൈവത്തിന്റെ മുന്തിരിത്തോപ്പാണ് എന്ന ആശയം ശ്രോതാക്കളുടെ മനസ്സിൽ എത്തുന്നു (ഏശ 5:1f). പിന്നെ ഉടമസ്ഥനെ അവർ ദൈവമായി മനസ്സിലാക്കും. കൂലി കൊടുക്കുന്ന സമയമാകുമ്പോൾ പ്രശ്നം ഉദിക്കുന്നു. ആദ്യം വന്നവർക്കും അവസാനം വന്നവർക്കും കൂലി ഒന്നുതന്നെ. ആദ്യം വന്നവരോട് വ്യക്തമായി സമ്മതിച്ചിരുന്ന കൂലിയാണുതാനും. അവരുടെ അവകാശമാണത്. നീതിയുമുണ്ട്. പക്ഷേ, നീതിയല്ല ഇവിടെ പ്രശ്നം.

ആദ്യത്തെ ജോലിക്കാർ ''വീട്ടുടമസ്ഥനെതിരേ പിറുപിറുത്തു''. ഇതാണു പ്രധാനപ്രശ്നം. വീട്ടുടമസ്ഥന്റെ അധികാരത്തെയും സ്വാതന്ത്ര്യത്തെയും ചോദ്യം ചെയ്യുന്നവരാണ് അവർ. ആദ്യം വന്നതിനാൽ അർഹത കൂടണമെന്നല്ല. അവസാനം വന്നതിനാൽ അർഹത കുറയണമെന്നുമല്ല, അതിനാൽ അസൂയയ്ക്ക് സ്ഥാനമില്ല. സന്തോഷത്തിനാണ് പ്രസക്തി. ഒരാൾ വിളിക്കപ്പെടുന്നതും മറ്റേയാൾ വിളിക്കപ്പെടുന്നതും വീട്ടുടമസ്ഥനാലാണ്. അവൻ അധികാരവും സ്വാതന്ത്ര്യവുമുള്ളവനുമാണ്. തന്റെ ഇഷ്ടമനുസരിച്ച് തീരുമാനിക്കാൻ അവന് അവകാശമുണ്ട്.

ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നവരാണ് ശിഷ്യർ. ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെയും വിധിയുടെയും രഹസ്യാത്മകതയുടെ മുമ്പിൽ തലകുനിക്കുന്നവനാണ് ശിഷ്യൻ. കൂലി കൊടുക്കുന്ന രംഗം യുഗാന്ത്യവിധിയെ അനുസ്മരിപ്പിക്കുന്നുണ്ട്. മത്തായിയുടെ സമൂഹത്തിലെ യഹൂദ ക്രൈസ്തവരും വിജാതീയ ക്രൈസ്തവരും തമ്മിലുള്ള ബന്ധത്തിന്റെ സൂചനയും ഇവിടെയുണ്ട്. യഹൂദർ തെരഞ്ഞെടുക്കപ്പെട്ടവരാകയാൽ ക്രൈസ്തവ സമൂഹത്തിൽ വിജാതീയ ക്രൈസ്തവരേക്കാൾ അർഹതയുള്ളവരാകണമെന്നില്ല.

### അധികാരമോ ശക്തിയോ? (20:20–28)

മർക്കോസും ഈ സംഭവം വിവരിക്കുന്നുണ്ട്. സെബദീപുത്രന്മാരുടെ വിളിയും മത്തായിയും മർക്കോസും ഒരുപോലെയാണല്ലോ അവതരിപ്പിക്കുക (മത്താ 4:21–22; മർക്കോ 1:19–20). മർക്കോസിന്റെ വിവരണത്തിൽ സഹോദരന്മാർ നേരിട്ടാണ് അപേക്ഷ നടത്തുന്നത്. മത്തായിയുടെ വിവരണത്തിലാകട്ടെ, അവരുടെ അമ്മയാണ് ഇതുചെയ്യുന്നത്. ശിഷ്യന്മാരെ ആദർശപരമായി അവതരിപ്പിക്കാനുള്ള പ്രവണത മത്തായിക്കുണ്ടല്ലോ. അതുകൊണ്ടായിരിക്കാം സെബദീപുത്രന്മാരുടെ അമ്മയെക്കൊണ്ട് ഇത് ചോദിപ്പിക്കുന്നത്. രണ്ടാം ഭാഗത്തിൽ മറ്റുശിഷ്യന്മാരോട് യേശു സംഭാഷിക്കുന്ന രംഗമാണ്.

സെബദീപുത്രന്മാരെ വീക്ഷിക്കുന്നതോടൊപ്പം മറ്റുശിഷ്യന്മാരെ പ്രത്യേകം ശ്രദ്ധിക്കണം. നാം പലപ്പോഴും അവരുടെ സ്ഥാനത്താണ് നില്ക്കുന്നത്. തീർച്ചയായും ഈ സാഹചര്യത്തിൽ യേശുവിന്റെ മനോഭാവവും വാക്കുകളുമാണ് ഏറ്റം പ്രധാനപ്പെട്ടത്.

സ്ഥാനങ്ങളും പദവികളുമാണ് സെബദീപുത്രന്മാർക്കു വേണ്ടത്. അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ അവർക്ക് വിരോധമില്ല. യേശു കുടിക്കുന്ന ''പാനപാത്രത്തിൽ'' നിന്ന് കുടിക്കുവാൻ അവർ ഒരുക്കമാണ്. ''പാനപാത്രം'' സഹനത്തിന്റെ പ്രതീകം ആണ് (മത്താ 26:39–42, സങ്ക 75:18; ജറെ 25:15–29, ഏശ 51:17–23). അവർ വിചാരിച്ചത്, യേശു ജറുസലേമിൽ എത്തുമ്പോൾ രാജാവായി വാഴിക്കപ്പെടുമെന്നായിരിക്കണം. അവർ പാനപാത്രത്തിൽ നിന്ന് കുടിക്കും എന്ന് പറയുമ്പോൾ ശിഷ്യർ എന്നനിലയിൽ ഗുരുവിനെപ്പോലെ സഹനത്തിന്റെ പാതയിൽ അവരും ജീവൻ ബലികഴിക്കും എന്നതിന്റെ സൂചനയാണ് യേശു നല്കുന്നത്.

പക്ഷേ, അതിനുശേഷം യേശു പിതാവിന്റെ പരമാധികാരം ഏറ്റുപറയുന്നു. രക്ഷാകരപദ്ധതിയുടെ പൂർത്തീകരണ പ്രക്രിയയിൽ പിതാവിനാണ് പരമാധികാരം. പിതാവിന്റെ കീഴിൽ നില്ക്കുന്ന, അവിടത്തെ ഹിതം നിറവേറ്റാൻ തന്നത്തന്നെ അർപ്പിച്ചവനാണ് പുത്രൻ. പിതാവാണ് എല്ലാം നിശ്ചയിക്കുന്നത്. യേശുവിന്റെ മാതൃകയുടെ വെളിച്ചത്തിൽ ശിഷ്യന്മാർക്കുള്ള സന്ദേശം വ്യക്തമാ

ണ്. ചുരുക്കത്തിൽ, സ്ഥാനമോ, മാനമോ നോക്കിയിട്ടാവരുത് ശിഷ്യർ എന്തും ചെയ്യുന്നത്. മറിച്ച് സ്ഥാനവും മാനവും നല്കപ്പെടുന്നതാണ്, ദാനമാണ്. അന്വേഷിക്കുന്നവർക്കാകണമെന്നില്ല അത് നല്കപ്പെടുന്നത്.

10 ശിഷ്യന്മാർക്ക് ഇവരുടെ ചോദ്യം സഹിക്കാനാവുന്നില്ല. അമർഷം തോന്നിയ വരോടാണ് ഇനി യേശു സംസാരിക്കുന്നത്. യഥാർഥത്തിൽ സ്ഥാനങ്ങൾ അന്വേഷിക്കുകയും അപേക്ഷിക്കു കയും ചെയ്യുന്നവരുടേതിനെക്കാൾ കഷ്ടമാണ്, അതുകണ്ട് അമർഷം തോന്നുന്നവരുടെ സ്ഥിതി. ഈ പശ്ചാത്തലത്തിലാണ് ക്രൈസ്തവ അധികാരത്തിന്റെ അർത്ഥം വ്യക്തമാകുന്നത്.

അധികാരത്തെയും ശക്തിയെയും തമ്മിലാണ് താരതമ്യപ്പെടുത്തേണ്ടത്. ശക്തിപ്രയോഗം വിജാതീയരുടെ ശൈലിയാണ്. ക്രൈസ്തവനുള്ളത് അധികാരമാണ്. അത് ശുശ്രൂഷ (diakonia) യിലാണ് പ്രകടമാകേണ്ടത്. ശുശ്രൂഷയിലൂടെയാണ് അധികാരം അംഗീകരിക്കപ്പെടുക. ശുശ്രൂഷ യുടെ ഏറ്റവും വലിയ പ്രകടനമാണ് സ്വയം അർപ്പിക്കലും മരണവും. യേശു തന്നത്തന്നെ ശുശ്രൂ ഷയുടെ മാതൃകയായി അവതരിപ്പിക്കുന്നു. സഹനത്തിന്റെ പാതയിലേയ്ക്ക് പ്രവേശിക്കുന്ന, ജറു സലേമിൽ കടക്കുന്ന യേശുവിന്റെ വാക്കുകൾ ഉടൻ സംഭവിക്കാൻ പോകുന്നവയെപ്പറ്റിയുള്ള പ്രവ ചനമായിത്തീരുന്നു.

### കാഴ്ചകിട്ടിയ ശിഷ്യർ 20:29–34

മർക്കോസും (10:46–52) ലൂക്കായും (18:35–43) ഈ സംഭവം വിവരിക്കുന്നു. മത്തായിയുടെ അവതരണം വ്യത്യസ്തമാണ്. രണ്ട് അന്ധർ: മത്തായിയ്ക്ക് താത്പര്യമുള്ള സംഖ്യയാണ് രണ്ട് (8:28–34; 9:27–31). വിശദവും പലവിധത്തിലും പുതുമയുള്ളതുമാണ് മർക്കോസിന്റെ വിവരണം. ''ബർതിമേയൂസ് പുറംകുപ്പായം ദൂരെയെറിഞ്ഞ് കുതിച്ചു ചാടി യേശുവിന്റെ അടുത്തെത്തി'' (മർക്കോ 10:50) എന്ന വിശദാംശം മർക്കോസിന്റെ പ്രത്യേകതയ്ക്ക് ഉദാഹരണമാണ്.

യേശു ജറുസലേമിൽ പ്രവേശിക്കാറായി. ജനക്കൂട്ടം യേശുവിനെ അനുഗമിക്കുന്നു. വിവ രണം തീരുമ്പോൾ 'കാഴ്ചകിട്ടിയവരും' യേശുവിനെ അനുഗമിക്കും. അപ്പോൾ പ്രധാന വിഷയം അത്ഭുതമല്ല, മറിച്ച് ശിഷ്യത്വമാണ്. അവരുടെ നിരന്തര പ്രാർഥനയാണ് രോഗശാന്തിയിലേക്കും, പിന്നീട് സഹനത്തിന്റെ പാതയിൽ അനുഗമിക്കുന്നതിലേക്കും കൊണ്ടെത്തിക്കുന്നത്. ജറുസലേം പ്രവേശനത്തിന് തൊട്ടുമുമ്പ് ഈ സന്ദേശം വരുന്നത് യുക്തമാണ്. സഹനത്തിന്റെ അന്തിമരംഗം അരങ്ങേറുന്നതിനുമുമ്പ് സഹനത്തിന്റെ അർഥവും രക്ഷണീയദൗത്യവും മനസ്സിലാക്കി ആ പാത യിൽ ചരിക്കുന്നവരാണ് ശിഷ്യർ എന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു.

# യേശുവും യഹൂദരും തമ്മിൽ അന്തിമ വിവാദം (21:1– 24:2)

യേശുവിന്റെ ജറുസലേം പ്രവേശനത്തോടെ ഈ ഭാഗം ആരംഭിക്കുന്നു. ദേവാലയത്തിന്റെ അശുദ്ധിയെക്കുറിച്ചുള്ള പ്രഖ്യാപനവും അതിനോടു ബന്ധമുള്ള അത്തിവൃക്ഷത്തിന്റെ ശാപവും ഇതിൽ വിവരിക്കുന്നുണ്ട്. ഈ സംഭവങ്ങളുടെ ഫലമായി വിവാദം ആരംഭിക്കുന്നു. യേശുവിന്റെ അധികാരത്തെക്കുറിച്ചാണ് ചോദ്യം. അവരുടെ വിവാദത്തോടും അവർ ഉയർത്തുന്ന വെല്ലുവിളി യോടും യേശു പ്രതികരിക്കുന്നത് മൂന്നു ഉപമകളിലൂടെയാണ് (രണ്ടുപുത്രന്മാരുടെ ഉപമ, മുന്തിരി ത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ, വിവാഹവിരുന്നിന്റെ ഉപമ). അതേത്തുടർന്നു വിവാദം മറ്റു പല വിഷയങ്ങളിലേക്കും വ്യാപിക്കുന്നു. അത് ഉച്ചകോടിയിലെത്തുന്നത് 23-ാം അധ്യായത്തിലെ ദുരിതങ്ങളുടെ പ്രഖ്യാപനത്തോടെയാണ്. ഇസ്രായേൽ വിധിക്കപ്പെടുന്ന രംഗമാണിത്.

## 1 യേശുവിന്റെ ജറുസലേം പ്രവേശം (21:1–11)

നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുള്ള വിവരണമാണ് യേശുവിന്റെ ജറുസലേം പ്രവേശം (മർക്കോ 1:1–11; ലൂക്കാ 19:20–40; യോഹ 12:12–19). യേശുവിന്റെ പ്രവർത്തനത്തിന്റെ നിർണായകഘട്ടത്തിലേക്കുള്ള പ്രവേശനമായിട്ടാണ് എല്ലാ സുവിശേഷകരും ഇതവതരിപ്പിക്കുന്ന ത്. വിവരണങ്ങൾ തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസവുമില്ല. യേശുവിന്റെ കഴുതപ്പുറ

ത്തുള്ള യാത്ര ജനക്കൂട്ടത്തിന്റെ ഓശാന പാടലിനുള്ള പ്രതികരണമായിട്ടാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. കഴുതയെ ഒരുക്കാനുള്ള നിർദേശങ്ങൾ 4-ാം സുവിശേഷത്തിലില്ല.

മത്തായി **രണ്ടു** മൃഗങ്ങളെക്കുറിച്ച് - കഴുത, കഴുതക്കുട്ടി - പറയുന്നുണ്ട്. ശിഷ്യന്മാർ **രണ്ടിനെയും** അഴിച്ചുകൊണ്ടുവരികയും അവയുടെ മേൽ വസ്ത്രം വിരിക്കുകയും ചെയ്യുന്നു. സഖറിയാപ്രവാചകന്റെ വാക്കുകൾ അക്ഷരാർഥത്തിൽ നിറവേറി എന്നു കാണിക്കാനുള്ള തീക്ഷ്ണതയായിരിക്കണം സുവിശേഷകനെ ഇത്തരം വിവരണത്തിന് പ്രേരിപ്പിച്ചത്. സഖറിയാ പ്രവാചകനാകട്ടെ, രണ്ടു മൃഗങ്ങളെക്കുറിച്ചല്ല പറഞ്ഞത് (9:9), മറിച്ച്, ഒരേ മൃഗത്തെക്കുറിച്ച് രണ്ടുപ്രാവശ്യമാണ് പറഞ്ഞത് (Synthetic Parallelism; സങ്കീ 2:1-5; 33:10-12). മത്തായി മാത്രമാണ് പ്രവാചകന്റെ വാക്കുകൾ ഒരു പൂർത്തീകരണ ഉദ്ധരണിയായി ഉപയോഗിക്കുന്നതും (മത്താ 21:5). അതുപോലെ തന്നെ മത്തായി മാത്രമാണ് ജനക്കൂട്ടത്തിന്റെ ആർത്തുവിളിയിൽ ''ദാവീദിന്റെ പുത്രൻ'' എന്ന സംജ്ഞ ഉപയോഗിക്കുന്നതും. മത്തായി വിവരണം അവസാനിപ്പിക്കുന്നത് യേശുവിന്റെ നഗരപ്രവേശനം സൃഷ്ടിച്ച ശക്തമായ ഇളക്കത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. അവിടെ ഉയർന്നു നില്ക്കുന്ന ചോദ്യം ''യേശു ആരാണ്?'' എന്നതാണ്. യേശുവിന്റെ അനന്യതയെക്കുറിച്ചുള്ള ഈ ചോദ്യം യേശുവിന്റെ പ്രവർത്തനത്തിന്റെ ഈ നിർണായകഘട്ടത്തിൽ സുപ്രധാനമാണ്.

ജറുസലേം നഗരം യേശുവിന്റെ യാത്രയുടെ അവസാനത്തെ സ്റ്റേഷനാണ്. രക്ഷയുടെ നാടകത്തിന്റെ അന്തിമരംഗത്തിന്റെ അവതരണത്തിന് കർട്ടനുയരുമ്പോൾ അടിസ്ഥാനപരമായ ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടത് അത്യാവശ്യമാണ് എന്നു സുവിശേഷകന് അറിയാം.

രണ്ടു ശിഷ്യന്മാർക്കു നല്കുന്ന നിർദേശങ്ങളും അവയുടെ അക്ഷരാർഥത്തിലുള്ള നടപ്പിലാക്കലും ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണമാണ് നടക്കുന്നത് എന്നതിന്റെ സൂചനയാണ്. കഴുതയുടെയും കഴുതക്കുട്ടിയുടെയും ഉടമസ്ഥന് തടസ്സം പറയാനാവില്ല. ''കർത്താവിന്'' ആവശ്യമുള്ള കാര്യമാണ് നടക്കുന്നത്. ഈ സന്ദേശം അടിവരയിട്ടവതരിപ്പിക്കാനും അർഥം വിശദീകരിക്കാനുമാണ് ഉടൻ തന്നെ പൂർത്തീകരണവാക്യം കൊണ്ടുവരുന്നത്. ഏശയ്യ 62:11 ഉം സഖറിയ 9:9 ഉം ആണ് ഈ വാക്യത്തിന്റെ പശ്ചാത്തലം. ''ജറുസലേം'' ആണ് ''സീയോൻ പുത്രി''. ഇത് വലിയ രാജാവിന്റെ നഗരമാണ്. അവിടെ യേശു അംഗീകരിക്കപ്പെടുകയും രക്ഷകനായി പ്രഖ്യാപിക്കപ്പെടുകയും വേണം.

പക്ഷേ യേശു പ്രവേശിക്കുന്ന രീതി പുതിയ രാജാവിന്റെ സവിശേഷതയും വ്യത്യാസവും വ്യക്തമാക്കുന്നു. യുദ്ധത്തിന്റെയും ശക്തിയുടെയും പ്രതീകമായ കുതിരപ്പുറത്തല്ല, വിനയത്തിന്റെയും താഴ്മയുടെയും പ്രതീകമായ കഴുതപ്പുറത്താണ് അവിടന്ന് പ്രവേശിക്കുന്നത്. ശക്തിപ്രകടനവും അത്ഭുതങ്ങളും മറ്റും പ്രതീക്ഷിക്കുന്നവർക്ക് വലിയ നിരാശ. ശാന്തശീലനും എളിമയുള്ളവനുമായ യേശുവാണ് രക്ഷ പ്രദാനം ചെയ്യുന്നവൻ.

ജനങ്ങളുടെ ആർത്തുവിളിയിൽ ഈ കാര്യം വ്യക്തമാകുന്നു. ''ദാവീദിന്റെ പുത്രൻ'' എന്ന സംജ്ഞ വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള യഹൂദരുടെ പ്രതീക്ഷയുടെ ഭാഗമായിരുന്നു. യേശുവാണ് രക്ഷകൻ എന്നാണ് അവർ ഏറ്റുപറയുന്നത്. ''ഹൊസാന'' എന്ന പ്രയോഗവും ഈ അർഥം വിശദീകരിക്കുന്നു. ''ഹൊഷിയ നാ'' എന്ന ഹീബ്രു പ്രയോഗമാണ് അതിന്റെ ആദ്യരൂപം. ''ദയവായി രക്ഷിക്കണേ'' എന്നാണതിന്റെ അർഥം. ഇതു ഭാഷയുടെയും അതിന്റെ ഉള്ളടക്കത്തിന്റെയും വളർച്ചയുടെ രണ്ടാം ഘട്ടത്തിൽ യാചനാരൂപത്തിൽ നിന്ന് സ്തുതിപ്പിന്റെ രൂപത്തിലേക്ക് മാറി. ''സ്തുതിപ്പ്'' എന്ന അർഥത്തിലാണ് ''ഹൊസാനാ'' എന്ന് ഇവിടെ ഉപയോഗിക്കുന്നത്. പക്ഷേ സ്തുതിക്കാൻ കാരണമന്വേഷിക്കുമ്പോൾ പ്രഥമ അർഥം വീണ്ടും പ്രത്യക്ഷപ്പെടുന്നു. രക്ഷകനായതിനാലാണ് സ്തുതിക്കർഹനാകുന്നത്.

''കർത്താവിന്റെ നാമത്തിൽ വരുന്നവൻ'' എന്നു പറയുമ്പോൾ സങ്കീർത്തനം 118: 26-ന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ പ്രവേശം വ്യാഖ്യാനിക്കപ്പെടുന്നു. രാജാവിന്റെ സ്ഥാനാരോഹണ ചടങ്ങാണ് 118-ാം സങ്കീർത്തനത്തിന്റെ പശ്ചാത്തലം. സ്ഥാനം സ്വീകരിച്ച രാജാവ് നഗരത്തിൽ പ്രവേശിക്കുന്നതിനെപ്പറ്റിയാണ് ഈ സ്തോത്രഗീതം. യേശുവിനെക്കുറിച്ചുള്ള പ്രതീക്ഷയുടെ ചിത്രം ഇത് വെളിപ്പെടുത്തുന്നു. യഹൂദർ ഒരു രാജാവിനെയാണ് പ്രതീക്ഷിക്കുന്നത്. രാജാവാകട്ടെ, അവർക്ക് നല്കുന്നത് സ്വാതന്ത്ര്യവും തല്ഫലമായുള്ള മഹത്ത്വവും സന്തുഷ്ടിയുമാണ്. രാജാവിന് ഇതു ചെയ്യാൻ സാധിക്കുക, ശക്തിപ്രകടനത്തിലൂടെയും യുദ്ധത്തിലൂടെയുമാണ്.

ഈ പശ്ചാത്തലത്തിലാണ് ഒരു വെല്ലുവിളിയായി യേശു പ്രത്യക്ഷപ്പെടുന്നത്. യേശു രക്ഷപ്രദാനം ചെയ്യുന്നത് എളിമയുടെയും ശാന്തശീലത്തിന്റെയും പ്രവർത്തനങ്ങളിലൂടെയാണ്. മത്തായിയുടെ ഫോർമുല ഉദ്ധരണിയുടെ കേന്ദ്രസ്ഥാനം ഈ പശ്ചാത്തലത്തിലാണ് തെളിയിക്കപ്പെടുന്നത്. ഏശയ്യ 62:11 ൽ നിന്നെടുത്ത ആമുഖത്തിൽ ആരംഭിക്കുന്ന ഉദ്ധരണിയിൽ നിന്ന് ചില പ്രയോഗങ്ങൾ മാറ്റിയപ്പോൾ (''അവൻ പ്രതാപവാനും ജയശാലിയുമാണ്''), ''വിനയാന്വിതനായി'' എന്ന പ്രയോഗത്തിന് മുഴുവൻ പ്രാധാന്യവും കിട്ടി. ഇത് സുവിശേഷകൻ സോദ്ദേശ്യം വരുത്തിയ മാറ്റമാണ് എന്നു വേണം വിചാരിക്കാൻ. ജറുസലേം പ്രവേശനവിവരണത്തെ മുഴുവൻ നിയന്ത്രിക്കുന്നത് ''നിന്റെ രാജാവ് വിനയാന്വിതനായി....'' എന്ന പ്രയോഗമാണ് എന്നുപറയാം.

യുഗാന്ത്യത്തിൽ ശക്തനായ വിധിയാളനായി പ്രത്യക്ഷപ്പെടുന്നവൻ, ഇപ്പോൾ ശക്തിയും മഹത്ത്വവും മാറ്റിവച്ചു, താഴ്മയോടെ കുരിശിന്റെ പാതയിൽ പ്രത്യക്ഷപ്പെടുന്നു. എളിമയും അനുസരണവും നിശബ്ദതയും എല്ലാം ഈ പ്രയോഗത്തിന്റെ ഉൾഭാവങ്ങളാണ്: ''അവൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ ഇല്ല. തെരുവീഥികളിൽ അവന്റെ ശബ്ദം ആരും കേൾക്കില്ല............. നീതിയെ വിജയത്തിലെത്തിക്കുംവരെ അവൻ ചതഞ്ഞ ഞാങ്കണ ഒടിക്കുകയില്ല, പുകഞ്ഞതിരി കെടുത്തുകയില്ല'' (മത്തായി 12:19-20); ''ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ...........'' (11:29). സുവിശേഷത്തിന്റെ മുൻഭാഗങ്ങളിൽ അവതരിപ്പിക്കപ്പെട്ട വിഷയം ഇവിടെ ക്രിസ്തുവിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം നിർണായകമായ അവസരത്തിൽ വീണ്ടും അവതരിപ്പിക്കുകയാണ്,
സുവിശേഷകൻ.

സുവിശേഷകന്റെ വായനക്കാരുടെ സമൂഹം പ്രത്യേകം ശ്രദ്ധിക്കേണ്ട യേശുവിന്റെ ചിത്രത്തിന്റെ വശമാണിത്. പരസ്പര ഭിന്നതയും ചെറുപ്പവലുപ്പ വ്യത്യാസങ്ങളുടെ പേരിലുള്ള വഴക്കും അഹങ്കാരവും പ്രശ്നങ്ങളായിരുന്ന ആ സമൂഹത്തിൽ വിനയാന്വിതനായ യേശുവിന്റെ കഴുതപ്പുറത്തുള്ള യാത്രയുടെ വിവരണം പ്രവർത്തനമാതൃകയായിരുന്നു.

വിവരണം അവസാനിക്കുന്നത് നഗരത്തിന്റെ പ്രതികരണം വിവരിച്ചു കൊണ്ടാണ്. ''നഗരം മുഴുവൻ ഇളകിവശയായി'' എന്നു പറയുമ്പോൾ അല്പം അതിശയോക്തി ഇല്ലേ എന്നു ചോദിച്ചുപോകും. യേശുവിന്റെ സാന്നിധ്യം ഇസ്രായേലിനെ മുഴുവൻ കുലുക്കുന്ന യാഥാർഥ്യമാണ്. യേശു ജനിക്കുമ്പോഴും ജറുസലേം മുഴുവൻ ഞെട്ടുന്നുണ്ട് (2:3). അവരെ അസ്വസ്ഥരാക്കുകയും തന്റെ അനന്യതയെ അന്വേഷിക്കാൻ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർണായകവ്യക്തിയാണ് യേശു എന്നു സാരം. ''നഗരം'' ഈ അന്വേഷണം നടത്തുമ്പോൾ ''ജനക്കൂട്ടം'' മറുപടി പറയുന്നു: ''പ്രവാചകനായ യേശുവാണ്'' എന്ന് (21:11). ജനക്കൂട്ടമാണ് യേശുവിനെ തിരിച്ചറിയുന്നത്. പട്ടുവസ്ത്രങ്ങളണിഞ്ഞ് മഹത്ത്വത്തോടുകൂടി വിജയശ്രീലാളിതനായി, പൊൻകിരീടമണിഞ്ഞ്, പടയാളികളുടെ അകമ്പടിയോടെ പ്രവേശിക്കുന്ന രാജാവിനെ കാത്തുനിന്നവർക്കല്ല, മറിച്ച്, ദൈവത്തിന്റെ പ്രവർത്തനശൈലിക്കനുസരിച്ച് ഹൃദയത്തെ തുറന്നു പിടിക്കുന്ന സാധാരണ മനുഷ്യർക്കാണ് കഴുതപ്പുറത്തു വരുന്ന യേശുവിനെ മനസ്സിലാക്കുവാൻ കഴിയുന്നത്.

## 2. അശുദ്ധമാക്കപ്പെട്ട ദേവാലയം (21:12-22)

ദേവാലയത്തിന്റെ ശുദ്ധീകരണമെന്ന് സാധാരണ വിളിക്കാറുള്ള സംഭവമാണിത്. ദേവാലയത്തിന്റെ അശുദ്ധി പ്രഖ്യാപിക്കലാണ് എന്നു പറയുന്നതാവും കൂടുതൽ ശരി. അത്തിവൃക്ഷത്തെ ശപിക്കുന്ന സംഭവത്തിന്റെ വിവരണവും ഇതിന്റെ ഭാഗമായിട്ടാണ് നമ്മൾ മനസ്സിലാക്കുന്നത്.

ദേവാലയത്തിലും വഴിയിലുമാണ് ഈ സംഭവങ്ങൾ നടക്കുന്നത്. കഥാപാത്രങ്ങൾ യേശു, ശിഷ്യർ, യഹൂദപ്രമാണികൾ, കച്ചവടക്കാർ, കുട്ടികൾ. അന്ധർ, മുടന്തർ എന്നിവരാണ്. യേശു ജറുസലേം നഗരത്തിൽ നിന്നു യാത്രതുടങ്ങി ബഥനിയായിലേക്ക് പോയി, തിരിച്ച് ജറുസലേമിൽ എത്തുന്നു. യേശു ചെയ്യുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്: ക്രയവിക്രയക്കാരെ ദേവാലയത്തിൽ നിന്നു പുറത്താക്കുന്നു. അവരുടെ മേശകളും ഇരിപ്പിടങ്ങളും തട്ടിമറിക്കുന്നു. രോഗികളെ സുഖപ്പെടുത്തുന്നു. ചോദ്യങ്ങൾക്കു മറുപടി കൊടുക്കുന്നു, അത്തിവൃക്ഷത്തെ ശപിക്കുന്നു, പഠിപ്പിക്കുന്നു.

ഈ സംഭവങ്ങളെപ്പറ്റിയുള്ള മത്തായിയുടെയും മർക്കോസിന്റെയും വിവരണങ്ങൾ പലവിധത്തിലും വ്യത്യസ്തങ്ങളാണ്. മർക്കോസ് മൂന്നു ദിവസങ്ങളിലായിട്ടാണ് ഈ സംഭവങ്ങൾ ക്രമീകരിച്ചിരിക്കുന്നത് (11:12-25): (1) ''നേരം വൈകിയതിനാൽ....... ''(11:11); (2) ''അടുത്ത ദിവസം.....'' (11:12); (3) ''അവർ രാവിലെ.... '' (11:20).

മത്തായിയാകട്ടെ, രണ്ടു ദിവസങ്ങളിലെ സംഭവങ്ങളായിട്ടാണ് അവയെ വിവരിക്കുന്നത്:

(1) ''യേശു ദേവാലയത്തിൽ പ്രവേശിച്ചു....'' (21:12)

''.....ബഥനിയായിലേക്ക് പോയി അവിടെ താമസിച്ചു'' (21:17)

(2) ''പ്രഭാതത്തിൽ.....'' (21:18)

സംഭവങ്ങളുടെ ക്രമത്തിലും വ്യത്യാസമുണ്ട്. മർക്കോസിന്റെ വിവരണത്തിൽ ആദ്യത്തെ ദിവസം യേശു ഒന്നും ചെയ്യുന്നില്ല. എല്ലാം വീക്ഷിച്ചശേഷം പോകുകയാണ്. അത്തിവൃക്ഷത്തെ ശപിച്ചശേഷമാണ് ദേവാലയത്തിന്റെ അശുദ്ധി പ്രഖ്യാപിക്കുന്നത്. ആദ്യത്തേത് രണ്ടാമത്തേതിന്റെ പ്രതീകാത്മകമായ മുന്നവതരണമാണ്. മത്തായിയുടെ വിവരണത്തിലാകട്ടെ, ദേവാലയത്തിന്റെ അശുദ്ധി പ്രഖ്യാപിക്കൽ കഴിഞ്ഞാണ് അത്തിവൃക്ഷത്തെ ശപിക്കുന്ന സംഭവം നടക്കുന്നത്. വിശ്വാസത്തിന്റെ ശക്തി പ്രകടിപ്പിക്കുന്ന സംഭവമായിട്ടാണ് അതു മനസ്സിലാക്കേണ്ടത്.

അന്ധരും മുടന്തരും ദേവാലയത്തിൽ വരുന്നതും സൗഖ്യം അനുഭവിക്കുന്നതും കുട്ടികൾ ആർപ്പുവിളിക്കുന്നതും പ്രമാണികൾ രോഷാകുലരാകുന്നതും മത്തായിയുടെ വിവരണത്തിന്റെ സവിശേഷതകളാണ്.

ഈ വിവരണത്തിൽ ഉപയോഗിച്ചിരിക്കുന്ന ഘടന ''പ്രവൃത്തി - വിശദീകരണം'' എന്നതാണ്. മൂന്നു പ്രാവശ്യം ഈ സ്കീം പ്രയോഗിക്കുന്നുണ്ട്: 1) ദേവാലയത്തിലെ ശുദ്ധീകരണപ്രവൃത്തി - ദേവാലയത്തിന്റെ അർഥം. 2) ദേവാലയത്തിൽ സൗഖ്യം നല്കൽ - വിശദീകരണം. 3) അത്തിവൃക്ഷത്തിന്റെ ശാപം - വിശദീകരണം. ഈ ക്രമത്തിലാണ് നമ്മുടെ വിശദീകരണവും മുന്നോട്ടുപോകുന്നത്.

ദേവാലയത്തിൽ കച്ചവടം നടക്കുന്നു എന്നത് വ്യക്തമായ വൈരുധ്യമാണ്. ദേവാലയത്തിന്റെ ശരിയായ ഉദ്ദേശ്യം നടക്കുന്നില്ല. യേശു എല്ലാവരെയും പുറത്താക്കി ഇരിപ്പിടങ്ങളും മേശകളും തട്ടിമറിച്ചു എന്നു പറയുമ്പോൾ അക്രമമല്ലേ ചെയ്തത് എന്നു ചോദിക്കാം. എന്തുകൊണ്ട് യേശു ഇതു ചെയ്തു എന്നും ചോദിക്കാം. യേശുവിന്റെ പ്രവൃത്തി അക്ഷരാർഥത്തിൽ മനസ്സിലാക്കാൻ വിഷമമാണ്. ദേവാലയത്തിൽ ക്രയവിക്രയം നടക്കുന്ന അങ്കണം 300 X 150 അടി വിസ്തീർണമുള്ളതായിരുന്നു. ഒരാൾക്ക് ഒറ്റയ്ക്ക് ഓടിനടന്ന് അവിടെയുള്ള മേശകളും ഇരിപ്പിടങ്ങളും മറിക്കാനും കച്ചവടക്കാരെ പുറത്താക്കാനും എളുപ്പമല്ലായിരുന്നു. യേശുവിന്റെ പ്രവൃത്തി പ്രവാചകപ്രവൃത്തിയായും അവിടുന്നു പ്രഖ്യാപിക്കാൻ പോകുന്ന സന്ദേശത്തിന്റെ തെളിവായും മനസ്സിലാക്കണം. തന്റെ സന്ദേശം സ്വീകരിക്കാൻ മനുഷ്യനെ പ്രകോപിപ്പിച്ച് ഒരുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

രണ്ടു പഴയനിയമവാക്യങ്ങളാണ് യേശു ഉപയോഗിക്കുന്നത്: ഏശയ്യ 56:7, ജറെ 7:11. ഏശയ്യ ദേവാലയത്തിന്റെ ആദർശപരമായ ദൗത്യം പ്രഖ്യാപിക്കുമ്പോൾ ജറെമിയാ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയാണ് വ്യക്തമാക്കുന്നത്: ''പ്രാർഥനാലയം''/''കവർച്ചക്കാരുടെ ഗുഹ''. ജറെമിയാ പ്രവാചകന്റെ വാക്കുകൾ പ്രഖ്യാപിക്കപ്പെടുന്ന രംഗം യേശുവിന്റെ പ്രവൃത്തിയെയും സന്ദേശത്തെയും പ്രകാശിതമാക്കുന്നുണ്ട്. ദൈവം പ്രവാചകനോടു പറയുന്നു, ''നീ കർത്താവിന്റെ ആലയത്തിന്റെ വാതിൽക്കൽ നിന്നുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്യുക.... ഇസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. നിങ്ങളുടെ മാർഗങ്ങളും പ്രവൃത്തികളും നേരെയാക്കുവിൻ. എങ്കിൽ ഈ സ്ഥലത്തു വസിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കാം. കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം എന്ന പൊള്ളവാക്കുകളിൽ ആശ്രയിക്കരുത്...'' (ജറെ 7:2-4)

മാർഗങ്ങളും പ്രവൃത്തികളും നേരെയാക്കാൻ എന്താണ് വഴി? യഥാർഥ മതം അതിനുള്ള മാധ്യമമാവണം. അയൽക്കാരനോട് യഥാർഥ നീതിപുലർത്തുകയും, പരദേശികളെയും, അനാഥ

രെയും വിധവകളെയും ചൂഷണം ചെയ്യാതിരിക്കുകയും, നിഷ്കളങ്കരക്തം ചിന്താതിരിക്കുകയും അന്യദേവന്മാരുടെ പിന്നാലെ പോകാതിരിക്കുകയും ചെയ്താൽ നേരായ മാർഗത്തിലാണ് ഒരുവൻ ചരിക്കുന്നത് (ജറെ 7:5-6). യഥാർഥ ദേവാലയം മതാചരണത്തിന്റെ കേന്ദ്രബിന്ദുവാണ്. അത് യഥാർഥമതത്തിന്റെ പ്രതീകമാണെങ്കിൽ, കച്ചവടവും ചൂഷണവുമല്ല, മറിച്ച് സ്നേഹവും ഐക്യവും, കൂട്ടായ്മയും നീതിയുമാണ് അതു വർദ്ധിപ്പിക്കേണ്ടത്. അതാണ് പ്രാർഥനയുടെ അർഥം. യഥാർഥ ദേവാലയത്തിൽ പ്രാർഥന നടക്കുമ്പോൾ ഹൃദയങ്ങൾ സർവനാഥനായ ദൈവ ത്തിന്റെ നാമത്തിൽ ഒന്നിക്കുന്നു. അതിന്റെ ഫലമായി ഒരു സ്നേഹസമൂഹം ഉടലെടുക്കുന്നു. ചുരുക്കത്തിൽ, പ്രാർഥനാലയവുമായുള്ള ബന്ധം മനുഷ്യരെ ദൈവവും മനുഷ്യരുമായി ബന്ധിപ്പി ക്കുന്നു.

ഈ വിധം ദൈവത്തിന്റെ മുമ്പിൽ തുറവിയുള്ളവരാണ് അന്ധന്മാരും മുടന്തരും. യഹൂദപ്രമാ ണികളുടെ വീക്ഷണത്തിൽ ഇവരൊക്കെ ദേവാലയത്തിൽ പ്രവേശിക്കാൻ അർഹതയില്ലാത്ത മനു ഷ്യരാണ്. യേശു അവരെ അകത്തു കടക്കാൻ അനുവദിക്കുകയും അവർക്കു സൗഖ്യം നല്കു കയും ചെയ്യുമ്പോൾ വീണ്ടും യഥാർഥ ദേവാലയത്തിന്റെ ചിത്രം പ്രതീകാത്മകമായി അവതരിപ്പി ക്കുകയാണ്. ദാവീദ് ജറുസലേം പിടിച്ചെടുക്കുന്ന യുദ്ധം വിവരിക്കുമ്പോൾ (2 സാമു 5:8) കുരു ടരും മുടന്തരും ആലയത്തിൽ പ്രവേശിക്കരുത് എന്ന ചൊല്ലിനെക്കുറിച്ചു പറയുന്നുണ്ട്. അംഗവൈ കല്യമുള്ള ഇവർ അനർഹരായി കണക്കാക്കപ്പെട്ടിരുന്നു.

യേശുവിന്റെ പ്രവൃത്തി രക്ഷയുടെ പൂർത്തീകരണമാണ് വിളിച്ചു പറയുന്നത് (മത്താ 11:2-6). പക്ഷേ ഈ സന്ദേശം സ്വീകരിക്കുകയും ദൈവത്തിന്റെ പ്രവർത്തനത്തിന് തങ്ങളെത്തന്നെ വിട്ടു കൊടുക്കുകയും ചെയ്യുന്നത് പരമ്പരാഗതമായി അനർഹതയുടെ മുദ്രയുമായി ജീവിക്കുന്ന മുട ന്തരും അന്ധരുമാണ്. യേശു അവരുടെ അർഹത പ്രഖ്യാപിക്കുകയാണ്, അതും ദേവാലയത്തിനു ള്ളിൽവച്ച്.

അതുപോലെ പ്രധാനപ്പെട്ടതാണ് ശിശുക്കളുടെ പ്രതികരണം. കുട്ടികൾ യേശുവിന്റെ പ്രവൃ ത്തികൾ കണ്ട് ഹോസാന പാടി. അവർക്കാണ് യഥാർഥ തുറവിയും വിവേചനാശക്തിയുമുള്ളത്.

മറുഭാഗത്ത് ചിലർ നിഷേധാത്മകമായി പ്രതികരിക്കുന്നുണ്ട്. പുരോഹിതപ്രമുഖന്മാരും നിയ മജ്ഞരുമാണവർ. അവരാണ് ദേവാലയത്തിന്റെ സൂക്ഷിപ്പുകാർ. അവരാണ് മതത്തിന്റെ കാവൽക്കാർ. യേശുവിന്റെ പ്രവൃത്തികളും കുട്ടികളുടെ പ്രതികരണവും കണ്ടു രോഷാകുലരാ കുന്ന അവർക്കു യേശു നല്കുന്ന മറുപടി സങ്കീർത്തനം 8:2 ഉദ്ധരിച്ചുകൊണ്ടാണ്. അതോടെ കഠിനഹൃദയരായ അവരുടെ പൊള്ളയായ മതാചാരങ്ങളുടെയും അവയ്ക്കുവേണ്ടി നിലകൊ ള്ളുന്ന കൊള്ളക്കാരുടെ ഗുഹയായിത്തീർന്ന ദേവാലയത്തിന്റെയും അപ്രസക്തിയും അർഥശൂന്യ തയും വെളിവാക്കപ്പെട്ടു.

അത്തിവൃക്ഷത്തിന്റെ ശാപം രണ്ടുകാര്യങ്ങൾ പഠിപ്പിക്കുന്നു. ഫലം നല്കാത്ത, വന്ധ്യയായ ദേവാലയത്തിന്റെയും മതാചാരങ്ങളുടെയും പ്രതീകമാണ് ഉണങ്ങിയ അത്തിവൃക്ഷം. ഫലം നല്കാത്തതിനാൽ അതിന് അസ്ഥിത്വം നിലനിറുത്താൻ അവകാശമില്ല. അതോടൊപ്പം യഥാർഥ മതത്തിന്റെ അടിസ്ഥാനമായി നില്ക്കേണ്ടത് വിശ്വാസമാണ് എന്നും ഈ സംഭവത്തിൽ വ്യക്തമാ ക്കപ്പെടുന്നു. യഥാർഥ മതാനുഷ്ഠാനത്തിന്റെ കാതലായ പ്രാർഥന വിശ്വാസത്തിൽ അധിഷ്ഠിതമാ ണ്. വിശ്വസിക്കുന്നവൻ ദൈവശക്തിയിൽ കലവറയില്ലാതെ ആശ്രയിക്കുന്നവനാണ്. അവന് അസാധ്യമായി ഒന്നും തന്നെയില്ല. വിശ്വാസത്തിന്റെ ശക്തിക്ക് അളവുകളില്ല എന്നു വ്യക്തമാക്കാ നാണ് യേശു അതിശയോക്തിയുള്ള ഭാഷ ഉപയോഗിച്ചിരിക്കുന്നത്.

# 3 വിവാദവും വിധിയും (21:23-24:2)

## A അധികാരത്തെക്കുറിച്ചുള്ള ചോദ്യവും മറുപടിയും (21:23-24:2)

മത്തായി സ്വന്തം ദൈവശാസ്ത്രവീക്ഷണത്തിന്റെ വെളിച്ചത്തിൽ രൂപം കൊടുത്തിരിക്കുന്ന ഒരു ഭാഗമാണിത്. അധികാരത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഉടനെ മറുപടി കൊടുക്കാതെ യേശു ഒരു മറുചോദ്യം ചോദിക്കുകയാണ്. എന്നാൽ അതിനുശേഷം മൂന്നു ഉപമകളിലൂടെ വ്യക്തമായ

മറുപടി നല്കുന്നുമുണ്ട്. രണ്ടു പുത്രന്മാരുടെ ഉപമ മത്തായിയുടെ സവിശേഷതയാണ്. മുന്തിരി ത്തോട്ടത്തിലെ വേലക്കാരുടെ ഉപമ മറ്റു രണ്ടു സമാന്തരസുവിശേഷകരും രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോസ് 12:1–12; ലൂക്കാ 20:9–19). എന്നാൽ മത്തായി സഭാശാസ്ത്രത്തിന് ഊന്നൽ കൊടുത്തു കൊണ്ട് അത് അപ്പാടെ പുനർവ്യാഖ്യാനം ചെയ്തു. ഫലരഹിതമായ പഴയ ഇസ്രായേലിൽ നിന്ന് എടുക്കപ്പെടുകയും പുതിയ ഇസ്രായേലിനെ ഏല്പിക്കുകയും ചെയ്യുന്ന മുന്തിരിത്തോപ്പാണ് മത്തായി അവതരിപ്പിക്കുന്നത്. വിരുന്നിന്റെ ഉപമയുടെ ആദ്യഭാഗത്തിന് ലൂക്കായുടെ സുവിശേഷ ത്തിൽ സമാന്തര വിവരണമുണ്ട് (ലൂക്കാ 14:15–24). അവസാന ഭാഗത്ത് കല്യാണവസ്ത്രത്തെക്കുറി ച്ചുള്ള രണ്ടാമത്തെ ഉപമ മത്തായിയുടെ സവിശേഷതയാണ്.

ഈ മൂന്ന് ഉപമകളിലും യേശുവിന്റെ അധികാരത്തിന്റെ അടിസ്ഥാനം വ്യക്തമാ ക്കുന്ന പിതാവും വീട്ടുടമസ്ഥനും രാജാവുമാണ് പ്രധാന കഥാപാത്രങ്ങൾ. മറുവശത്ത്, പിതാ വിന്റെ അപേക്ഷയോടു പ്രതികരിക്കുന്ന പുത്രന്മാരും, വീട്ടുടമസ്ഥന്റെ മുന്തിരിത്തോട്ടത്തിലെ ജോലിക്കാരും, വിരുന്നിന് ക്ഷണിക്കപ്പെടുന്നവരുമുണ്ട്. ഈ രണ്ടുതരം കഥാപാത്രങ്ങളെയും വീക്ഷിച്ചാൽ സന്ദേശം മനസ്സിലാക്കാൻ എളുപ്പമായിരിക്കും.

ദേവാലയത്തിൽ പഠിപ്പിക്കുന്ന യേശുവിനെയാണ് പ്രധാന പുരോഹിതരും ജനപ്രമാണി കളും സമീപിക്കുന്നത്. ഈ പശ്ചാത്തലം തന്നെ യേശുവിന്റെ അധികാരമാണ് സൂചിപ്പിക്കുന്നത്. അധികാരത്തെക്കുറിച്ചാണ് ചോദ്യവും. ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദരുടെ വിശ്വാസ ത്തിന്റെ കേന്ദ്രബിന്ദു ഏക ദേവാലയമായിരുന്നു. ആ ദേവാലയത്തെ സ്പർശിക്കാൻ ആർക്കും അധികാരമില്ല, ദൈവത്തിനൊഴികെ. അതുകൊണ്ടാണ് യേശുവിനോടു ചോദിക്കുന്നത് എന്ത് അധികാരത്തിലാണ് ദേവാലയത്തിന്റെ അശുദ്ധി പ്രഖ്യാപിക്കാൻ ഒരുങ്ങിയത് എന്ന്. അവരുടെ ചോദ്യത്തിൽ തന്നെ പരോക്ഷമായി യേശുവിന്റെ അധികാരത്തിന്റെ ഏറ്റുപറച്ചിലുണ്ട്.

അതിനുനേരിട്ടു മറുപടി കൊടുക്കാതെ യേശു അവരോട് ഒരു മറുചോദ്യം ചോദിക്കുന്നു: യോഹന്നാന്റെ ജ്ഞാനസ്നാനത്തിന്റെ ഉറവിടം സ്വർഗമോ ഭൂമിയോ? രണ്ടുത്തരങ്ങളും കുഴപ്പമു ണ്ടാക്കുന്നതായതിനാൽ അവർ ''അറിയില്ല'' എന്നാണ് പറയുന്നത്. ഇത് ആധാരമാക്കി യേശുവും അവരുടെ ചോദ്യത്തിന് മറുപടി കൊടുക്കുന്നില്ല. തുടർന്ന് യേശു പറയുന്ന മൂന്ന് ഉപമകളും വ്യക്തമായ മറുപടിയാണു താനും.

## മൂന്ന് ഉപമകൾ

രണ്ടു മക്കളുടെ പെരുമാറ്റമാണ് ഒന്നാമത്തെ ഉപമയുടെ വിഷയം. മുന്തിരിത്തോട്ടത്തിൽ പോയി ജോലി ചെയ്യാം എന്നു സമ്മതിക്കുകയും എന്നാൽ പോകാതിരിക്കുകയും ചെയ്യുന്ന ഒന്നാ മൻ; പോകില്ല എന്നു പറയുകയും എന്നിട്ട് മനസ്തപിച്ച് പോയി ജോലി ചെയ്യുകയും ചെയ്യുന്ന രണ്ടാമൻ. പിതാവിന്റെ ഹിതം ''അനുഷ്ഠിക്കുന്നവൻ'' രണ്ടാമനാണ്. യേശു പ്രാധാന്യം കൊടു ക്കുന്നത് പ്രവൃത്തിക്കാണ്. യേശുവിനെ സ്വീകരിക്കുന്നവർ ഇതുവരെ ''പുറന്തള്ളപ്പെട്ടവർ'' എന്ന മുദ്രയുള്ളവരാണ്. അവർ ദൈവഹിതം അനുസരിക്കാത്ത, നിയമം അറിയാത്ത പാവപ്പെട്ടവരാണ്. എന്നാൽ നിയമം അറിയാമെന്ന് നടിക്കുകയും ദൈവഹിതമാണ് അനുസരിക്കുന്നതെന്നു ഭാവിക്കു കയും ചെയ്യുന്ന യഹൂദപ്രമാണികൾ യഥാർഥത്തിൽ ദൈവഹിതം വാക്കിൽ മാത്രം അനുഷ്ഠിക്കു ന്നവരാണ്. ഇസ്രായേലിന്റെ മേൽ യേശു വിധി നടത്തുന്നതിന്റെ ആരംഭമാണിത്. ചുങ്കക്കാരും വേശ്യകളും യേശുവിൽ വിശ്വസിച്ച് സ്വർഗരാജ്യത്തിന് അർഹതനേടുമ്പോൾ പ്രതീക്ഷിച്ചിരുന്ന വരും ഉറപ്പുണ്ടായിരുന്നവരും അനർഹരായിത്തീരുന്ന സാഹചര്യമുണ്ടാകും. അവരുടെ വലിയ തെറ്റ്, അവർ അതു കണ്ടിട്ടും തങ്ങളുടെ ഹൃദയകാഠിന്യത്തിൽ നിന്നും പുറത്തുവന്നില്ല എന്നതാ ണ്.

മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമയിൽ ഈ സന്ദേശം കുറെക്കൂടി വ്യക്തമാകുന്നു. മർക്കോസിന്റെ വിവരണവുമായി താരതമ്യപ്പെടുത്തുമ്പോൾ ''സഭാശാസ്ത്ര'' ത്തിനാണ് ഇവിടെ ഊന്നൽ എന്നു സ്പഷ്ടമാകുന്നു. ഭൃത്യന്മാരെ കൂട്ടമായിട്ടയയ്ക്കുന്നതും, ഫലശേഖരണത്തെക്കു റിച്ച് ആവർത്തിച്ചു പറയുന്നതും അവസാനം വ്യക്തമായ വിധിവാചകം (21:43) പ്രഖ്യാപിക്കു ന്നതും ഈ വീക്ഷണത്തിന്റെ സൂചനകളാണ്.

ഉപമ തുടങ്ങുമ്പോൾതന്നെ ഫരിസേയരും പുരോഹിതപ്രമുഖരും മനസ്സിലാക്കുന്നുണ്ട്, ഇത് അവരുടെ കഥയാണ് എന്ന്. ഇസ്രായേൽ യഹോവയുടെ മുന്തിരിത്തോപ്പാണ് എന്ന് അവർ അഭി

മാനിച്ചിരുന്നു. ഏശയ്യാ 5:1-7 ആണ് പശ്ചാത്തലം. ഫലം നല്കാത്ത വേലക്കാർ ഇസ്രായേൽ ജനത്തെയാണ് സൂചിപ്പിക്കുന്നത്. അവരാണ് ഏകപുത്രനായ യേശുവിനെ തിരസ്കരിച്ചുകൊണ്ട് ദൈവഹിതം നിഷേധിക്കുന്നവർ. ''ഫലം നല്കുന്നവർ'' എന്നതാണ് പുതിയ ഇസ്രായേലിന്റെ സവിശേഷത. ഈ സമൂഹമാകട്ടെ, ദൈവശക്തിയാൽ വളരുന്നതാണ്. അതിനാലാണ് സങ്കീർത്തനം 118:22-23 പ്രാധാന്യം അർഹിക്കുന്നത്. പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായി മാറിയിരിക്കുന്നു എന്നു പറയുമ്പോൾ യേശുവിന്റെ നിർണായക സാന്നിധ്യവും അതിന്റെ സ്വീകരണവുമാണ് സൂചിപ്പിക്കപ്പെടുന്നത് എന്നതിൽ സംശയമില്ല. ''ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും......'' (21:44) എന്നു പറയുമ്പോഴും ഒഴിച്ചുകൂടാനാവാത്ത തീരുമാനത്തിലേക്കു നയിക്കുന്ന, ശക്തിയാണ് യേശു എന്നാണർഥം. യേശുവിനെ നിഷേധിക്കുന്നവർ നിത്യനാശം തെരഞ്ഞെടുക്കുന്നു.

വിവാഹവിരുന്നിന്റെ ഉപമയിലും തിരസ്കരിക്കപ്പെടുന്ന വിളിക്കപ്പെട്ടവരുടെ കഥയാണ് പ്രധാനം. തിരസ്കരണത്തിന്റെ കാരണം, വിളിക്കനുസരിച്ച് പ്രവൃത്തിക്കുന്നില്ല എന്നതാണ്. വിളിച്ചവന്റെ ഹിതത്തിനുപകരം സ്വന്തം ഇഷ്ടങ്ങളും താത്പര്യങ്ങളുമാണ് അവർ അനുഷ്ഠിക്കുന്നത്. രാജാവ് സൈന്യത്തെ അയച്ച് അവരുടെ നഗരം നശിപ്പിച്ചു എന്നു പറയുമ്പോൾ ജറുസലേം നഗരത്തിന്റെ നാശമാണ് സൂചിപ്പിക്കപ്പെടുന്നത്. ഏ.ഡി. 70 നു ശേഷമാണല്ലോ മത്തായി സുവിശേഷം എഴുതുന്നത്.

യേശുവിനെ സ്വീകരിക്കുന്നവരാണ് വിരുന്നുശാലയിൽ പ്രവേശിക്കാൻ അർഹത നേടുന്ന - വഴിവക്കിലും നിരത്തുകളിലും നിന്നും വിളിക്കപ്പെടുന്ന- പാവപ്പെട്ടവർ. അതാണ് ദൈവഹിതമനുഷ്ഠിക്കുന്നവരുടെ പുതിയ സമൂഹം.

വിവാഹവസ്ത്രത്തെക്കുറിച്ചുള്ള ഉപമ മറ്റൊരു പാരമ്പര്യത്തിൽ നിന്നും എടുത്ത് മത്തായി ഇവിടെ ചേർത്തതാവാം. ഈ ഉപമയിൽ രാജാവിന്റെ പ്രവൃത്തിയുടെ ധാർമികതയല്ല പ്രശ്നം. മറിച്ച്, അകത്തായിരുന്നിട്ടും അർഹതയില്ലാത്ത സ്ഥിതിയിലേക്ക് താഴാനുള്ള സാധ്യതയാണ് വിഷയം. യേശുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും ക്രിയാത്മകമായി ജീവിക്കുന്ന വിശ്വസ്തതയും ദൈവഹിതാനുഷ്ഠാനവുമാണ് പ്രധാനം.

മത്തായിയുടെ സമൂഹത്തിൽ ഉണ്ടായിരുന്ന അനൈക്യത്തിന്റെയും അഹന്തയുടെയും മനോഭാവങ്ങൾക്കെതിരേ യേശുവിന്റെ മാതൃകയുടെ അടിസ്ഥാനത്തിൽ നിർദേശങ്ങൾ നല്കുകയാണ് സുവിശേഷകൻ. ''വിളിക്കപ്പെട്ടവർ ധാരാളവും, തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവും'' എന്ന ഒറ്റവാക്യത്തിൽ ഇതുവരെ കൊടുത്ത സന്ദേശം മുഴുവൻ ഉൾക്കൊണ്ടിരിക്കുന്നു.

## B വിവാദം തുടരുന്നു: നികുതി, പുനരുത്ഥാനം, പ്രധാന കല്പന, ദാവീദിന്റെ പുത്രൻ (22:15-46)

അധികാരത്തെക്കുറിച്ചുള്ള ചോദ്യത്തിനു ശേഷം ശത്രുക്കൾ യേശുവിനെ തോല്പിക്കാനുള്ള ശ്രമം തുടർന്നു. മൂന്നു വിവിധ വിഷയങ്ങളെക്കുറിച്ചാണ് വിവാദം നടക്കുന്നത്: നികുതി, പുനരുത്ഥാനം, പ്രധാനകല്പന. ഫരിസേയരും ഹേറോദേസ് പക്ഷക്കാരുമൊന്നിച്ചാണ് (ഹേറോദേസിന്റെ കുടുംബത്തിൽപെട്ടവരും അല്ലാത്തവരുമായി റോമൻ ആധിപത്യത്തോടു ചായ്‌വുള്ള ഹേറോദേസിന്റെ നിലപാടിനെ അംഗീകരിക്കുന്നവരാണ് ഹേറോദേസ് പക്ഷക്കാർ. സ്ഥാനമാനങ്ങൾ ആയിരുന്നു അവരുടെ ലക്ഷ്യം) നികുതിയെക്കുറിച്ചു ചോദിക്കുന്നത്. സദുക്കായരാണ് പുനരുത്ഥാനത്തെക്കുറിച്ച് സംശയവുമായി വരുന്നത്. ഫരിസേയരിൽ തന്നെയുള്ള നിയമജ്ഞരാണ് പ്രധാന കല്പനയെക്കുറിച്ച് യേശുവിനെ പരീക്ഷിക്കുന്നത്. ''വാക്കിൽ കുടുക്കാൻ'' (22:15), ''വാക്കു മുട്ടിച്ചെന്ന്'' (22:34), ''പരീക്ഷിക്കാൻ'' (22:35) എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കേണ്ടവയാണ്. ഇവയ്ക്കൊക്കെ മറുപടി കൊടുക്കുന്ന യേശു അവസാനം അവരോടു ചോദിക്കുന്നത് ദാവീദിന്റെ പുത്രനെക്കുറിച്ചാണ്. ''അതിന് ഉത്തരമായി ഒരു വാക്കുപോലും പറയാൻ ആർക്കും കഴിഞ്ഞില്ല. അന്നു മുതൽ അവനോട് എന്തെങ്കിലും ചോദിക്കാൻ ആരും ധൈര്യപ്പെട്ടതുമില്ല'' (22:46) എന്നു പറഞ്ഞ് വിവരണം അവസാനിക്കുമ്പോൾ വിവാദത്തിന്റെ അന്തിമസ്ഥിതി വിളിച്ചു പറയേണ്ട ആവശ്യമില്ല.

നികുതി കൊടുക്കുന്നതു നിയമാനുസൃതമാണോ എന്ന ചോദ്യത്തിന് യേശു അതെ എന്നോ അല്ല എന്നോ മറുപടി പറഞ്ഞാലും കുറ്റം ചാരാവുന്നതാണ്. അതെ എന്നുപറഞ്ഞാൽ റോമാക്കാരോടു പക്ഷം ചേരുന്നു എന്ന കുറ്റം ആരോപിക്കാം. അല്ല എന്നുപറഞ്ഞാൽ റോമൻ ആധിപത്യത്തെ എതിർക്കുന്നു എന്നു വരുത്താം. അവരുടെ ദുഷ്ടത മനസ്സിലാക്കുന്ന യേശു, അപ്രതീക്ഷിതമായ മറുപടിയാണ് കൊടുക്കുന്നത്. ''സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക''. രണ്ടും ഒരേ തട്ടിൽ വച്ച് ജീവിക്കണം എന്നല്ല സന്ദേശം. മറിച്ച്, എല്ലാ അധികാരങ്ങളും അവസാന വിശകലനത്തിൽ ദൈവത്തിന്റെ അധികാരത്തിൻ കീഴിലാണെന്നും അതിനാൽ ഭൗമിക രാജാവിനോടുള്ള അനുസരണം ദൈവത്തോടുള്ള അനുസരണയിൽ അധിഷ്ഠിതമാക്കണമെന്നുമാണ് സന്ദേശം (റോമ 13:1-7; 1 പത്രോ 2:13-17 വായിക്കുക). ദൈവത്തിനു വിധേയരായിരിക്കുകയാണ് അടിസ്ഥാനകാര്യം. ആ ബന്ധം ശരിയായാൽ ഭൗമിക ഭരണാധികാരികളോടുള്ള ബന്ധവും ശരിയാകും. ഈ രണ്ടാമത്തേത് ആദ്യത്തേതിന് കീഴ്പ്പെടുത്തി കോർത്തിണക്കുന്നതിനു സാധിക്കും. ഇപ്രകാരമാണ് ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതും.

സദുക്കായർ പുനരുത്ഥാനത്തിൽ വിശ്വസിക്കാത്തവരാണ്. ഫരിസേയരാകട്ടെ, അതിൽ വിശ്വസിക്കുന്നവരും. യേശു ഏതു ഭാഗത്താണെന്ന് പരീക്ഷിക്കുകയാണ് അവരുടെ ലക്ഷ്യം. നിയമാവർത്തനം 25:5-10ൽ പറഞ്ഞിരിക്കുന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ചോദ്യം (ഉത്പ 38:8ഉം വായിക്കുക). സഹോദരൻ മക്കളില്ലാതെ മരിച്ചാൽ അവന്റെ ഭാര്യയെ സ്വഭാര്യയായി സ്വീകരിച്ച് മക്കളെ ജനിപ്പിച്ച് അവന്റെ പേരു നിലനിറുത്തേണ്ടത് സഹോദരധർമമാണ് എന്നാണ് നിയമം. അങ്ങിനെ ഏഴു സഹോദരന്മാർ മക്കളില്ലാതെ മരിക്കുന്നു. അവസാനം ആ സ്ത്രീ വിധവയായി മരിക്കുന്നു. പുനരുത്ഥാനത്തിൽ അവൾ ഏഴു സഹോദരന്മാരിൽ ആരുടെ ഭാര്യയായിരിക്കും എന്നതാണ് ചോദ്യം.

യേശുവിന്റെ മറുപടി ആരംഭിക്കുന്നത് ചോദ്യത്തിനുതന്നെ അടിസ്ഥാനമില്ല എന്നു കാണിച്ചുകൊണ്ടാണ്. പുനരുത്ഥാനം എന്നത് മാനുഷികവശത്തുനിന്നും മാത്രം വീക്ഷിക്കേണ്ട ഒരു യാഥാർഥ്യമല്ല. വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കുമ്പോഴും ദൈവത്തെക്കുറിച്ചു പറയുമ്പോഴും ഈ തത്ത്വം കണക്കിലെടുക്കേണ്ടതുണ്ട്. ഈ യുഗത്തിൽമാത്രം ഊന്നിക്കൊണ്ട് കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചാൽ പൂർണമാവില്ല. വരാനിരിക്കുന്ന യുഗത്തിലും കാലൂന്നണം. അപ്രകാരം ചിന്തിച്ചാൽ പുനരുത്ഥാനത്തിൽ മനുഷ്യർ ചെയ്യുന്നതുപോലെ വിവാഹം ചെയ്യലോ ചെയ്ത് കൊടുക്കലോ ഇല്ല എന്നു മനസ്സിലാകും. അവിടെ മനുഷ്യർ എല്ലാ വ്യത്യാസങ്ങൾക്കും അതീതമായ ഒരു സാഹചര്യത്തിലാണ്. കാരണം, മനുഷ്യന്റെ മരണം നിർണായകമല്ല. ദൈവത്തിന്റെ ശക്തി മരണത്തേക്കാൾ വലുതാണ്. ദൈവമാകട്ടെ മരിച്ചവരുടെ ദൈവമല്ല. ജീവിക്കുന്നവരുടെ ദൈവമാണ്. അടിസ്ഥാനമായി യേശു ഉദ്ധരിക്കുന്നത് പുറപ്പാട് 3:6 ആണ്. മോശയ്ക്കു പ്രത്യക്ഷപ്പെട്ട് ദൈവം തന്നത്തന്നെ വെളിപ്പെടുത്തുന്നത്, ''അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ് ഞാൻ'' എന്നു പറഞ്ഞുകൊണ്ടാണ്. അവർ മരണത്തിനതീതനായ ജീവിക്കുന്ന ദൈവത്തിന്റെ ശക്തി അനുഭവിച്ച് പുനരുത്ഥാനത്തിന് അർഹരായി എന്നതിനാൽ അവരുടെ ദൈവമാണ് എന്ന് പറയുമ്പോൾ അർഥമുണ്ട്. പുനരുത്ഥാനത്തെ മനസ്സിലാക്കേണ്ടത് ദൈവത്തിന്റെ നിസ്സീമമായ ശക്തിയുടെ അടിസ്ഥാനത്തിലാണ് എന്നാണ് സന്ദേശം.

സുപ്രധാന കല്പന ഏതെന്നാണ് നിയമപണ്ഡിതന്റെ ചോദ്യം. യേശുവിന്റെ മറുപടി പ്രത്യക്ഷമാണ്. നിയ 6:5ഉം ലേവ്യർ 19:18ഉം ഉദ്ധരിച്ചാണ് യേശു ഉത്തരം പറയുന്നത്. എന്നാൽ യഹൂദർ ഈ രണ്ടു കല്പനകളും ഒരിക്കലും ഒന്നിച്ചു കണ്ടിരുന്നില്ല. വ്യത്യസ്തങ്ങളായ, വേർപ്പെടുത്തി കാണാവുന്ന രണ്ടു കല്പനകളായിട്ടാണ് അവയെ അവർ കരുതിയിരുന്നത്. യേശു അവയെ ഒരു കല്പനയാക്കി അവതരിപ്പിക്കുന്നു. ആദ്യത്തേതിന്റെ പ്രായോഗികമായ വശമാണ് രണ്ടാമത്തേത്. രണ്ടാമത്തേതിന്റെ ഉറവിടം ആദ്യത്തേതാണ്. അവ പരസ്പരപൂരകങ്ങളാണ്. പരസ്പരം വേർപ്പെടുത്തിക്കണ്ടാൽ അവയ്ക്ക് അർഥമില്ല. ''സമസ്തനിയമവും പ്രവാചകന്മാരും'' ഈ കല്പനകളിൽ അടങ്ങിയിരിക്കുന്നു എന്നു പറയുമ്പോൾ മത്തായി 5:17-48ഉം 7:12ഉം ആണ് ഓർമയിൽ വരുന്നത്. ദൈവഹിതത്തിന്റെ സംക്ഷിപ്തരൂപമാണ് സ്നേഹത്തിന്റെ നിയമം.

ദൈവാവിഷ്കാരത്തിന്റെ രത്നച്ചുരുക്കവും അതുതന്നെ. യേശു ഈ രണ്ടു കല്പനകൾ ഒന്നാക്കി അവതരിപ്പിച്ചു എന്നതാണ് നവീനത. ഇനി മനുഷ്യരെ സ്നേഹിക്കാതെ ദൈവത്തെ

സ്നേഹിക്കാമെന്നോ, ദൈവത്തെ സ്നേഹിക്കാതെ മനുഷ്യരെ സ്നേഹിക്കാമെന്നോ പറയുന്നതു വ്യാജമാണ്. ക്രൈസ്തവസമൂഹത്തിന്റെ അടിസ്ഥാന ജീവിതശൈലി ഇവിടെ വ്യക്തമായി.

ഇനി ചോദ്യം ചോദിക്കാനുള്ള ഊഴം യേശുവിന്റേതാണ്. തന്റെ അധികാരത്തെക്കുറിച്ച് ചോദിച്ചവർക്കുള്ള മറുപടി ഒരു ചോദ്യത്തിലൂടെ ഒന്നുകൂടി നല്കുകയാണ് യേശു. യഹൂദരുടെ പ്രതീക്ഷയുടെ അടിസ്ഥാനത്തെയാണ് യേശു സ്പർശിക്കുന്നത്. മിശിഹാ ''ദാവീദിന്റെ പുത്രൻ'' ആണ് എന്ന് അവൻ വിശ്വസിച്ചിരുന്നു. ദാവീദിന്റെ വംശത്തിൽപ്പെട്ടവൻ എന്ന മാനുഷികവും ശാരീരികവുമായ ബന്ധത്തെക്കുറിച്ചാണ് അവർ ''ദാവീദിന്റെ പുത്രൻ'' എന്ന സംജ്ഞ ഉപയോഗിക്കുമ്പോൾ ചിന്തിച്ചിരുന്നത്.

110-ാം സങ്കീർത്തനമാണ് ഈ പ്രതീക്ഷയ്ക്കതീതമായി ചിന്തിക്കാൻ യേശു ഉപയോഗിക്കുന്നത്. സങ്കീ. 110:1 ൽ ''കർത്താവ് എന്റെ കർത്താവിനോടരുൾചെയ്തു'' എന്ന് എഴുതിയിരിക്കുന്നു. ദാവീദാണ് സങ്കീർത്തനം പാടിയത് എന്ന് യഹൂദർ അംഗീകരിച്ചിരുന്നു. അങ്ങനെയാണെങ്കിൽ ദാവീദ് സ്വന്തം പുത്രനെയാണ് ''കർത്താവ്'' എന്ന് വിളിക്കുന്നത്. 110-ാം കീർത്തനത്തിന്റെ മെസയാനിക വ്യാഖ്യാനം യഹൂദരുടെ ഇടയിൽ സ്വീകരിക്കപ്പെട്ടിരുന്നു. യേശുവിന്റെ നിഗമനം ഇതാണ്: ദാവീദ് മിശിഹായെ ''കർത്താവേ'' എന്നു വിളിച്ചാൽ അവിടന്നു ദാവീദിന്റെ മകനാകാൻ സാധ്യമല്ല. ഒരു ചോദ്യരൂപത്തിൽ ചർച്ച അവസാനിക്കുന്നു. ശരിയായ ഉത്തരം ഇവിടെ നല്കിയിട്ടില്ല. എന്നാൽ വളരെ വ്യക്തവുമാണ്. യഥാർഥ മിശിഹാ ദൈവത്തിന്റെ പുത്രനാണ്. മാനുഷികവും ഭൗമികവുമായ തലത്തിൽമാത്രം ഒതുക്കി നിറുത്തി മനസ്സിലാക്കിയാൽ ദൈവരാജ്യത്തിന്റെയും യേശുവിന്റെയും ആന്തരാർഥവും ശക്തിയും ഗ്രഹിക്കാനാവില്ല. യേശു ദൈവത്തിന്റെ പുത്രനാണ്. അതാണ് സത്യം.

## C വിധി: ദുരിതത്തിന്റെ വാക്കുകൾ (23:1–24:2)

23-ാം അധ്യായം മത്തായി എഴുതിയ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. ചിലവാക്യങ്ങൾക്കുമാത്രം ലൂക്കായുടെ സുവിശേഷത്തിൽ സമാന്തരഭാഗമുണ്ട്. ക്രൈസ്തവസമൂഹത്തിന്റെ അടിത്തറയായിരിക്കേണ്ട തത്ത്വങ്ങൾ വിശദീകരിക്കുന്ന ഭാഗമാണ് ഈ അധ്യായത്തിന്റെ ആമുഖം. അവിടെയും ഫരിസേയരുടെ മനോഭാവങ്ങളുമായി താരതമ്യപ്പെടുത്തിയാണ് അവതരണം. അതേത്തുടർന്ന്, ഒരേ ഫോർമുല ഉപയോഗിച്ചു കൊണ്ടുള്ള അനവധി ''ദുരിതത്തിന്റെ വാക്യ''ങ്ങളാണ്. യേശു ജറുസലേമിനെക്കുറിച്ചു വിലപിക്കുന്നതും ദേവാലയത്തിന്റെ നാശം പ്രവചിക്കുന്നതുമാണ് സമാപന ഭാഗത്ത്. ''ദുരിതം'' പ്രഖ്യാപിക്കുക പഴയനിയമത്തിൽ പ്രവാചകന്മാർ ഉപയോഗിച്ചിട്ടുള്ള ഒരു സാഹിത്യരൂപമാണ് (ഉദാ: ഏശയ്യ 5). വളരെ നിഷേധാത്മകമായ രൂപമാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും മാനസാന്തരത്തിനുള്ള ക്ഷണമാണ് അടിസ്ഥാനപരമായ ഉദ്ദേശ്യം. മറ്റെല്ലാരീതിയിലും പരിശ്രമിച്ചിട്ടും സാധിക്കാതിരുന്നിട്ട്, അവസാന മാർഗമായിട്ടാണ് ശക്തമായ ഈ ദുരിതപ്രഖ്യാപനരൂപം ദൈവം സ്വീകരിക്കുന്നത്. സാഹിത്യരൂപത്തിന്റെ ലക്ഷ്യം മനസ്സിലാകുമ്പോൾ, ''ദയവായി ഇനിയെങ്കിലും ശ്രമിക്കു, മാനസാന്തരപ്പെടൂ'' എന്ന സന്ദേശമാണ് ശ്രോതാക്കൾക്ക് ലഭിക്കേണ്ടത്.

മത്തായിയുടെ ദൈവശാസ്ത്രവീക്ഷണമനുസരിച്ച് യേശുവിനെ തിരസ്കരിക്കുന്നവർ ദൈവത്താൽ തിരസ്കരിക്കപ്പെടുമെന്ന സൂചന ഈ വാക്യങ്ങളിലുണ്ട്. അതേസമയം അവർക്ക് യേശുവിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ദൈവത്തിലേക്കു തിരിഞ്ഞ് വിശ്വസിക്കാനുള്ള ആഹ്വാനവും അതിനുള്ള സാധ്യതയുമുണ്ട്.

മത്തായി 23:1 ൽ തന്നെ ഈ സന്ദേശം എവിടെ എത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യേശു സംസാരിക്കുന്നത് ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടുമാണ്. ശിഷ്യന്മാരെയും അവരുടെ കൂടെയുള്ള മറ്റു ക്രൈസ്തവരെയും മാറ്റിനിർത്തിയിട്ടുമില്ല. പ്രത്യേകിച്ച് ആദ്യഭാഗം അവർക്കു വേണ്ടിയുള്ളതാണ്. യേശുവിന്റെ കാലഘട്ടത്തിൽ ആരംഭിച്ച വിവാദം മത്തായി സ്വന്തം സമൂഹത്തിന്റെ അല്ലെങ്കിൽ സഭയുടെ സാഹചര്യത്തിൽ പുനർ വ്യാഖ്യാനിച്ച് അവതരിപ്പിക്കുന്നു.

''മോശയുടെ സിംഹാസനം'' പ്രബോധനാധികാരത്തെയാണ് സൂചിപ്പിക്കുന്നത്. നിയമജ്ഞരുടെയും ഫരിസേയരുടെയും പ്രബോധനാധികാരമാണ് യേശു അംഗീകരിക്കുന്നത്. അതേ സമയം, ശക്തമായ ഭാഷയിൽ അവരെത്തന്നെയാണ് തുടർന്ന് യേശു ശാസിക്കുന്നതും. മത്തായിയുടെ സമൂഹത്തിൽ ഫരിസേയവിഭാഗത്തിൽ നിന്നും വിശ്വാസം സ്വീകരിച്ച് ഫരിസേയരുടെ പ്രബോധനാധികാരത്തെ ഉയർത്തിക്കാട്ടുകയും അതിനായി യേശുവിന്റെ വാക്കുകൾതന്നെ ഉപയോഗിക്കുകയും ചെയ്തിരുന്ന ഒരു കൂട്ടർ ഉണ്ടായിരുന്നിരിക്കാം. സുവിശേഷകൻ അത് ഉപയോഗിക്കുകയും അതേ സമയം വളരെ കൃത്യമായ അർഥവ്യത്യാസങ്ങളുടെ അവതരണത്തിലൂടെ ഈ മനോഭാവങ്ങളുടെ മറുവശം അവതരിപ്പിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലം മനസ്സിലാക്കിയാൽ സുവിശേഷത്തിന്റെ മറ്റു ഭാഗങ്ങളുമായി പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന വൈരുധ്യം മനസ്സിലാക്കാൻ കഴിയും.

ഫരിസേയരുടെ പ്രബോധനാധികാരം അംഗീകരിച്ച യേശു അതേ സമയം അവർ ചെയ്യുന്നതും പറയുന്നതും തമ്മിൽ ബന്ധമില്ല എന്നും പ്രഖ്യാപിക്കുന്നു. അവർ പറയുന്നത് അനുസരിക്കുകയും അവർ ചെയ്യുന്നതു ചെയ്യാതിരിക്കുകയും വേണം എന്നാണ് സൂചന.

അവർ മനുഷ്യരുടെ ചുമലിൽ ഭാരം വച്ചുകൊടുക്കുകയും അതു വഹിക്കാൻ അവരെ സഹായിക്കാതിരിക്കുകയും ചെയ്യുന്നു. നിയമമാണ് ഇവിടെ വിഷയം. നിയമജ്ഞർ ദൈവ നിയമത്തിന്റെ സ്ഥാനത്ത് 613 (365 നിഷേധാത്മകം; 248 ഭാവാത്മകം) ചെറിയ നിയമങ്ങൾ ഉണ്ടാക്കുകയും അതനുസരിച്ചാലേ ദൈവഹിതമനുഷ്ഠിക്കലാകൂ എന്ന് നിർബന്ധം പിടിക്കുകയും ചെയ്തു. പാവപ്പെട്ട സാധാരണക്കാർക്കാകട്ടെ, ഒരിക്കലും പഠിക്കാനോ കാത്തുപാലിക്കാനോ സാധ്യമല്ലായിരുന്നു ഈ ചെറിയ നിയമങ്ങൾ. അക്ഷരാർഥപരവും കർശനവുമായ അവരുടെ ഈ നിയമവ്യാഖ്യാനം വലിയ ഭാരമായി മാറി, ഈ സാധുക്കൾക്ക്. അക്ഷരാർഥത്തിൽ നിയമം പാലിക്കാൻ ശ്രമിച്ചതിന്റെ ഫലമായി പുറ 13:9-16; നിയ 6:8; 11:18; 22:12; സംഖ്യ 15:38-39 തുടങ്ങിയ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഫരിസേയർ ബാഹ്യ ആചാരങ്ങളിലൂടെ അനുഷ്ഠിച്ചുപോന്നു. അതുപോലെതന്നെ, 'റബ്ബി' എന്ന അഭിസംബോധനയും വളരെ പ്രധാനപ്പെട്ടതായിരുന്നു.

ഇതിനൊക്കെ വിപരീതമായി യേശു തന്റെ ശിഷ്യരിൽ നിന്ന് ആഗ്രഹിക്കുന്നത് വ്യത്യസ്തമായ മനോഭാവങ്ങളാണ്. ആരെയും റബ്ബി എന്നു വിളിക്കേണ്ട. ഭൂമിയിൽ ആരെയും പിതാവെന്നും വിളിക്കേണ്ട. നേതാക്കൾ എന്നു വിളിക്കപ്പെടുകയുമരുത്. അടിസ്ഥാനം ഇതാണ്: നമുക്ക് ഒരേ ഒരു പിതാവേ ഉള്ളൂ. എല്ലാവരും സഹോദരന്മാരാണ്.

ദൈവത്തിന്റെ പരമാധികാരവും പിതൃത്വവും മറച്ചുകളയുന്ന എന്തും ഉപേക്ഷിക്കണം എന്നതാണ് പ്രധാനപ്പെട്ടത്. കാരണം ദൈവത്തിന്റെ പിതൃത്വം അംഗീകരിക്കുമ്പോഴാണ് പരസ്പര സാഹോദര്യം അനുഭവിക്കാൻ സാധിക്കുന്നത്. നമ്മുടെ ഭൂമിയിലെ പിതാക്കന്മാർപോലും ദൈവത്തിന്റെ പിതൃത്വത്തിൻ കീഴിൽ സഹോദരന്മാരാണ്. ഇങ്ങനെ മനസ്സിലാക്കിയാൽ പരസ്പരം അടിച്ചമർത്താനും ഇല്ലാതാക്കാനും ശക്തിയുപയോഗിച്ച് അടക്കിഭരിക്കാനും ശ്രമിക്കുക അസാധ്യമായിത്തീരും. യേശുവാണ് ഏകനേതാവും ഗുരുവും എന്നു പറയുമ്പോൾ സഭയുടെ അടിസ്ഥാന വിശ്വാസമാണ് പ്രഖ്യാപിക്കപ്പെടുന്നത്. ഏകരക്ഷകനായ ക്രിസ്തുവിന്റെ സ്ഥാനത്ത് ആരും നിന്നു കൂടാ. ക്രൈസ്തവൻ ശിഷ്യത്വത്തിൽ എത്ര വളർന്നാലും ഒരിക്കലും ഗുരുവാകില്ല. യേശു നിത്യം ഗുരുവും ക്രൈസ്തവൻ നിത്യം ശിഷ്യനുമായിരിക്കും. എന്നാൽ യഹൂദരുടെ പാരമ്പര്യമനുസരിച്ച്, പഠനം തീരുമ്പോൾ ശിഷ്യൻ പുതിയ റബ്ബിയായി മാറുമായിരുന്നു.

ഈ ഭാഗം അവസാനിക്കുന്നത് സുവിശേഷകൻ ഇതിനുമുമ്പ് വിപുലീകരിച്ചിട്ടുള്ള രണ്ടു ക്രൈസ്തവ മനോഭാവങ്ങൾ പഴഞ്ചൊല്ലുരൂപത്തിൽ അവതരിപ്പിച്ചുകൊണ്ടാണ്. ഏറ്റം വലിയവൻ = ശുശ്രൂഷകൻ; താഴ്ത്തുന്നവൻ = ഉയർത്തപ്പെടും: ഉയർത്തുന്നവൻ = താഴ്ത്തപ്പെടും. ചുരുക്കത്തിൽ, ക്രൈസ്തവർ ഏകപിതാവിന്റെ പരമാധികാരത്തിനും സ്നേഹത്തിനും കീഴിൽ ഏകഗുരുവും രക്ഷകനുമായ യേശുവിനോടൊത്ത് സാഹോദര്യത്തിലും കൂട്ടായ്മയിലും ശുശ്രൂഷയിലും എളിമയിലും ജീവിക്കുമ്പോഴാണ് ക്രൈസ്തവസമൂഹം രൂപീകരിക്കപ്പെടുന്നത്.

ഏഴു ദുരിതവാക്യങ്ങളാണ് ഉള്ളടക്കം. മത്താ 5:3-12ലെ അഷ്ടസൗഭാഗ്യങ്ങൾക്ക് സമാന്തരമായി ചില പണ്ഡിതന്മാർ ഈ ഭാഗത്തെ കാണാറുണ്ട്. ഏഴു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്ന ഫോർമുല അടിസ്ഥാനപരമായി ഒന്നുതന്നെയാണ്: അഭിസംബോധന + ദുരിതം + കാരണം.

അഭിസംബോധനയിൽ എല്ലാപ്രാവശ്യവും തന്നെ ആവർത്തിക്കപ്പെടുന്ന പ്രയോഗമാണ് ''കപടനാട്യക്കാർ'' (ഗ്രീക്കിൽ Hypokritai). മറ്റൊരു റോളിൽ അഭിനയിക്കാൻ വേണ്ടി സ്വന്തം മുഖം മറച്ചുവയ്ക്കാൻ മുഖംമൂടി ധരിക്കുകയോ ചായം പൂശുകയോ ചെയ്യുന്ന നടന്മാരെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. കാപട്യം നിറഞ്ഞ നാട്യമാണ് (duplicity) ഇവരുടെ ജീവിതശൈലി. ആത്മവഞ്ചന എന്നു പറയാം. ഇത് യേശു വിധിക്കുന്ന അടിസ്ഥാനപരമായ കുറ്റമാണ്. അതിനാലാണ് നിയമജ്ഞർ, ഫരിസേയർ എന്നീ പ്രയോഗങ്ങളുടെ പര്യായമെന്നോണം കപടനാട്യക്കാർ എന്ന പ്രയോഗം വരുന്നത്. ''അന്ധരും മൂഢരുമായ മാർഗദർശികൾ'' എന്ന പ്രയോഗവും ശക്തമായി ഫരിസേയരുടെ ഇരട്ടസ്വഭാവം വിവക്ഷിക്കുന്നുണ്ട്. ഇവരുടെ മറ്റു കുറ്റങ്ങൾ താഴെ പറയുന്നവയാണ്.

– സ്വർഗരാജ്യം അടയ്ക്കുക = പ്രവേശിക്കാതിരിക്കുകയും പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യുക. ഫരിസേയർക്കും നിയമജ്ഞർക്കും ദൈവരാജ്യത്തെക്കുറിച്ചുള്ള സന്ദേശം മറ്റുള്ളവർക്കു ലളിതമായി പകർന്നുകൊടുക്കാനുള്ള അധികാരമുണ്ട്. അതു സങ്കീർണമാക്കി അവതരിപ്പിക്കുന്നതിലൂടെ അവർക്കും കേൾക്കുന്നവർക്കും സത്യം മനസ്സിലാകാത്ത ഒരു സാഹചര്യം ഫരിസേയർ സൃഷ്ടിക്കുന്നു.

– മതപരിവർത്തനത്തിനുവേണ്ടി മറ്റുള്ളവരോട് കാണിക്കുന്ന തീക്ഷണതയും അതിനുശേഷമുള്ള അവഗണനയും. വളരെ ബുദ്ധിമുട്ടിയാണ് ഒരു വ്യക്തിയെ അവർ യഹൂദവിശ്വാസത്തിലേക്ക് കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തുന്നത്. എന്നാൽ വിശ്വാസം സ്വീകരിച്ചാൽ പിന്നെ ഫരിസേയരുടെ അർഥമില്ലാത്ത നിയമാനുഷ്ഠാനവും ബാഹ്യമായ ആചാരങ്ങളും അവരെ പഴയതിലും മോശമായ സ്ഥിതിയിലാക്കിത്തീർക്കുന്നു.

–ആണയിടൽ. ദേവാലയത്തെക്കാൾ പ്രാധാന്യം ദേവാലയത്തിലെ സ്വർണത്തിനും ബലിപീഠത്തെക്കാൾ പ്രാധാന്യം ബലിവസ്തുവിനും കൊടുക്കുന്ന ഫരിസേയർക്ക് യഥാർഥ വിവേചനശക്തിയില്ല. അകക്കാമ്പ് വിട്ടുകളഞ്ഞിട്ട് പുറന്തോടിൽ കടിച്ചു തൂങ്ങിക്കിടക്കുന്നവരാണ് അവർ എന്നു സാരം.

– അക്ഷരാർഥത്തിലുള്ള നിയമവ്യാഖ്യാനം. നിയമത്തിന്റെ ഏറ്റം ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിച്ചിട്ട് ചില അപ്രധാന പാരമ്പര്യങ്ങൾക്കും നിയമത്തിന്റെ അക്ഷരത്തിനും അമിതമായ പ്രാധാന്യം കൊടുക്കുന്നു (സംഖ്യ 18:12; ലേവ്യർ 27:30; നിയ 14:22–23). സുവിശേഷത്തിന്റെ മറ്റു ഭാഗങ്ങളിൽ വിശദമായി വിശകലനം ചെയ്ത കാര്യമാണിത് (5:17–48; 12:1–14; 15:1f). നീതി ദൈവഹിതം (രക്ഷാകരപദ്ധതി) അനുസരിച്ചുള്ള ജീവിതമാണ്. കാരുണ്യം ദൈവത്തിന്റെ കലവറയില്ലാത്ത സ്നേഹത്തിന്റെയും കൃപയുടെയും (ഹീബ്രു: Hesed; ഗ്രീക്ക്: Eleos) അനുഭവത്തിൽ നിന്ന് ഉരുത്തിരിയുന്ന മനോഭാവമാണ്. ഉടമ്പടിയുടെ സമൂഹത്തിലെ അംഗങ്ങളോടുള്ള സ്നേഹവും കരുണയുമാണ് അർഥമാക്കുന്നത്. വിശ്വസ്തതയാകട്ടെ, ഉടമ്പടിയോടു പൂർണവിശ്വസ്തത പാലിക്കുന്ന ദൈവത്തിന്റെ വിശ്വസ്തത (ഹീബ്രു: Emet; ഗ്രീക്ക്: Pistis) സ്വന്തമാക്കുന്നതാണ്. കൊതുകിന്റെയും ഒട്ടകത്തിന്റെയും ചിത്രങ്ങളിലൂടെ മേൽപറഞ്ഞ സന്ദേശം തന്നെയാണ് അവതരിപ്പിക്കുന്നത്.

– ബാഹ്യമായ ശുദ്ധി. ഉൾഭാഗത്തിനു പ്രാധാന്യം കൊടുക്കാത്ത മനോഭാവം.

– വെള്ളയടിച്ച കുഴിമാടങ്ങളെപ്പോലെ പുറമേ മനോഹരവും അകമേ മലിനവും ആയ അവസ്ഥ.

– പ്രവാചകരുടെ കുഴിമാടങ്ങൾ നിർമിച്ച് പ്രവാചകരെ കൊന്നവരുടെ സന്താനങ്ങൾ ആണു തങ്ങൾ എന്നു തെളിയിക്കുന്നു. ഈ പശ്ചാത്തലത്തിൽ പ്രവാചകരോടുള്ള ഇസ്രായേലിന്റെ പൊതുവായ ശത്രുതാമനോഭാവം വിവരിക്കാനും തന്റെ അന്ത്യത്തിന്റെ സൂചന നല്കാനും ഈ വിഷയം യേശു വിപുലീകരിക്കുന്നു. രക്ഷാകരചരിത്രത്തിന്റെ ഒരു ചെറിയ രൂപം ഇവിടെയുണ്ട്. പ്രവാചകന്മാരെയും ജ്ഞാനികളെയും നിയമജ്ഞരെയും ദൈവം ഇസ്രായേലിലേക്ക് അയച്ചു. അവരെയൊക്കെ ജനം സ്വീകരിച്ചില്ല. ഈ മൂന്നുതരം അയയ്ക്കപ്പെട്ടവരും ക്രൈസ്തവ മിഷനറിമാരുടെ അന്ത്യവും വിധിയും കൂടി അവതരിപ്പിക്കുന്നുണ്ട്. അവരൊക്കെ ഗുരുവിന്റെ പാതയിൽ തന്നെ കാൽവരി കയറിയവരാണ്. യഹൂദരുടെ ഈ മനോഭാവത്തിന്റെ രണ്ട് ഉദാഹരണങ്ങൾ

മാത്രം എടുത്തു പറയുന്നു: (ഉത്പത്തി 4:8–10; 2 ദിന 24:20–22; സഖ 1:1–7). ''ഈ തലമുറ'' എന്ന പ്രയോഗം പൊതുവേ നിഷേധാത്മകമാണ്. യേശുവിൽ വിശ്വസിക്കാത്തവരെയാണ് ഈ പ്രയോഗം ഉദ്ദേശിക്കുന്നത്. ഇവിടെ ഫരിസേയരും, നിയമജ്ഞരും സദുക്കായരും അവരുടെ മനോ ഭാവങ്ങളുമായി ബന്ധമുള്ളവരുമാണ് സൂചിപ്പിക്കപ്പെടുന്നത്.

**ജറുസലേമിനെക്കുറിച്ചുള്ള വിലാപം; ജറുസലേമിന്റെ നാശത്തെക്കുറിച്ചു പ്രവചനം (23:37–24:2)**

മത്തായിയും ലൂക്കായും മാത്രമേ ഈ രംഗം വിവരിക്കുന്നുള്ളൂ. ഫരിസേയരിൽ നിന്നും നിയമജ്ഞരിൽ നിന്നും ശ്രദ്ധ തിരിച്ച് ജറുസലേം നഗരത്തെപ്പറ്റി ചിന്തിക്കുന്ന യേശു തന്റെ നിഷ്ഫലശ്രമങ്ങൾ ഓർക്കുകയാണ്. പഴയനിയമത്തിൽ ദൈവം സ്വന്തം ജനത്തെ തന്റെ ചിറകിൻ കീഴിൽ ഒന്നിച്ചുകൂട്ടാൻ ശ്രമിച്ചതുപോലെ (ഏശ 31:5; സങ്കീ 17:8; 91:4) യേശു ഇസ്രായേൽ ജനത്തെ ഒന്നിച്ചു കൂട്ടാനും രക്ഷിക്കാനും ശ്രമിച്ചു. എന്നാൽ പ്രത്യുത്തരിക്കാൻ ജനങ്ങൾക്കു സാധിച്ചില്ല. ഫലമോ? ജറുസലേം നശിക്കും. യേശുവിന്റെ വാക്കുകൾക്ക് ഏശയ്യായുടെ വാക്കുക ളോട് സാമ്യമുണ്ട് (ഏശ 1:4–8). യേശു ഈ നഗരം ഉപേക്ഷിച്ചു പോകുന്നു എന്നതുതന്നെയാണ് അതിന്റെ പരിത്യക്തവും ശൂന്യവുമായ അവസ്ഥ.

''കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാണ് എന്നു നിങ്ങൾ പറയുന്നതു വരെ'' (23:39) എന്നു മത്തായി എഴുതുമ്പോൾ ജനം അപ്രകാരം പറഞ്ഞതായി 21–ാം അധ്യായ ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് ഓർക്കണം. ലൂക്കായാകട്ടെ, ജറുസലേം പ്രവേശനത്തിനു മുമ്പാണ് ഈ കാര്യം വിവരിക്കുന്നത്. എങ്കിൽ മത്തായി അർഥമാക്കുന്നത്, യേശുവിന്റെ വിധിയാ ളനായിട്ടുള്ള രണ്ടാം വരവാണ് എന്നു വ്യക്തം.

വിധിയുടെ മറ്റൊരു രൂപമാണ് ദേവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനം. ഫലം നല്കാത്ത അത്തിവൃക്ഷം പോലെ ഫലശൂന്യവും, എല്ലാവരുടെയും പ്രാർഥനാലയമായി നില കൊള്ളേണ്ടതും, എന്നാൽ, ഇപ്പോൾ കച്ചവടസ്ഥലവും കൊള്ളക്കാരുടെ ഗുഹയുമായിത്തീർന്നിരി ക്കുന്നതുമായ ദേവാലയത്തിന്റെ അർത്ഥമില്ലായ്മയും അപ്രസക്തിയും ഇവിടെ പൂർണമാകുന്നു. സമ്പൂർണനാശമാണ് ''കല്ലിൻമേൽ കല്ലു ശേഷിക്കാതെ'' എന്നു പറയുമ്പോൾ ഉദ്ദേശിക്കുക. യേശുവിന്റെ സമയത്തു പോലും പണിനടന്നുകൊണ്ടിരിക്കുന്ന ഹേറോദേസ് പണിത ദേവാലയം അതിഗംഭീരമായിരുന്നു. അതിന്റെ വലുപ്പവും മനോഹാരിതയും കണ്ട് അത്ഭുതപ്പെടുന്ന ശിഷ്യ ന്മാർക്ക് അതിന്റെ നാശത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനം വലിയൊരു ഞെട്ടലായി മാറുന്നു.

# യേശുവിന്റെ അന്തിമ പ്രഭാഷണം (24:3 – 25:46)

മത്തായിയുടെ സുവിശേഷത്തിലെ അഞ്ചു പ്രഭാഷണങ്ങളിൽ അവസാനത്തേതാണ് യുഗാ ന്ത്യത്തെക്കുറിച്ചുള്ള ഈ പ്രഭാഷണം. 5:1 ൽ ആരംഭിക്കുന്ന പ്രഥമപ്രഭാഷണം ഗിരിപ്രഭാഷണം - പോലെ ഇതും മലയുടെ മുകളിൽ ഇരുന്നുകൊണ്ടാണ് യേശു നടത്തുന്നത്. യുഗാന്ത്യത്തെക്കു റിച്ചു പറഞ്ഞു തുടങ്ങി ജാഗരൂകതയുടെ ആവശ്യം ഉപമകളിലൂടെ വ്യക്തമാക്കുന്ന പ്രഭാഷണം അന്ത്യവിധിയുടെ വിവരണത്തിൽ അവസാനിക്കുന്നു.

യുഗാന്ത്യത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ മറ്റു രണ്ട് സമവീക്ഷണ സുവിശേഷകരും രേഖ പ്പെടുത്തിയിട്ടുണ്ട് (മർക്കോസ് 13; ലൂക്കാ 21). വെളിപാടു സാഹിത്യരൂപത്തിന്റെ പല ഘടകങ്ങളും ഈ പ്രഭാഷണത്തിൽ എല്ലാ സുവിശേഷകരും ഉപയോഗിച്ചിട്ടുണ്ട്. വരാനിരിക്കുന്ന സംഭവങ്ങ ളുടെ അർഥം വിശദമാക്കുകയാണ് ലക്ഷ്യം. പുതിയ ആകാശവും പുതിയ ഭൂമിയും ഇവിടെ ആരം ഭിക്കുന്നു. യേശുവിന്റെ സഹനം, മരണം, ഉത്ഥാനം എന്നിവയാണ് ഉടൻ വരാനിരിക്കുന്ന സംഭവ ങ്ങൾ. അവയുടെയും അവയുമായി ബന്ധമുള്ള എല്ലാ സംഭവങ്ങളുടെയും അർഥം അറിഞ്ഞിരി ക്കുക ആവശ്യമാണ്. ഇതാണ് പ്രഭാഷണത്തിന്റെ ലക്ഷ്യം.

അതേ സമയം യേശുവിന്റെ രണ്ടാംവരവിന്റെ താമസം സമൂഹത്തിൽ വിശ്വാസമാന്ദ്യത്തിനും ജാഗ്രതക്കുറവിനും കാരണമായി. അതിനാലാണ് മൂന്ന് ഉപമകൾ (വിശ്വസ്തനായ ഭൃത്യൻ, പത്തു കന്യകകൾ, താലന്തുകൾ) പ്രത്യേകം എടുത്ത് ''ജാഗരൂകരായിരിക്കുവിൻ'' എന്ന തലക്കെട്ടിന്റെ കീഴെ പ്രായോഗിക നിർദേശങ്ങൾ നല്കാനുള്ള ഉദ്ദേശ്യത്തോടെ വിവരിച്ചിരിക്കുന്നത്. അന്തിമവിധിയുടെ വിവരണവും ഇന്നത്തെ വിശ്വാസനവീകരണത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. ഈ വിവരണം മത്തായിയുടെ പ്രത്യേകതയാണ്.

## 1) 24:3–36: അന്തിമദിനത്തിന്റെ ആരംഭങ്ങൾ

ശിഷ്യന്മാർ രണ്ടുചോദ്യങ്ങളാണ് ഉന്നയിക്കുന്നത്: ജറുസലേം ദേവാലയത്തിന്റെ നാശം (24:1–2) എന്നു സംഭവിക്കും? യേശുവിന്റെ ആഗമനവും യുഗാന്ത്യവും തിരിച്ചറിയാനുള്ള അടയാളങ്ങൾ ഏവ?

മത്തായി ഏ.ഡി. 70നുശേഷമാണ് സുവിശേഷം എഴുതപ്പെടുന്നത്. അപ്പോൾ ദേവാലയത്തിന്റെ നാശം സംഭവിച്ചു കഴിഞ്ഞിരുന്നു. അതിനാൽ യേശുവിന്റെ പ്രഭാഷണത്തിന്റെ പ്രധാന വിഷയം രണ്ടാമത്തെ ചോദ്യമാണ്. ''ആഗമനം'' എന്നു ശിഷ്യന്മാർ പറയുമ്പോൾ രണ്ടാം വരവ് (ഗ്രീക്കുഭാഷയിൽ Parousia) ആണ് ഉദ്ദേശിക്കുന്നത്.

വ്യാജപ്രവാചകന്മാരെക്കുറിച്ച് മുന്നറിയിപ്പു നല്കിക്കൊണ്ടാണ് പ്രഭാഷണം ആരംഭിക്കുന്നത്. ഗിരിപ്രഭാഷണത്തിൽ തന്നെ ഈ മുന്നറിയിപ്പു നല്കിയിട്ടുണ്ട് (മത്താ 7:15–25). ഇനിയും ആവർത്തിക്കപ്പെടുകയും ചെയ്യും. സുവിശേഷകന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന ഒരു പ്രധാന പ്രശ്നമായിരുന്നു, വ്യാജപ്രവാചകരും ക്രിസ്തുവിന്റെ പേരിൽ സമൂഹത്തിൽ തുടർച്ചയായി പ്രത്യക്ഷപ്പെട്ട വ്യാജരക്ഷകരും. സമൂഹത്തിൽ സംഭവിക്കുന്ന യുദ്ധവും, ഭിന്നതയും പ്രകൃതിക്ഷോഭങ്ങളുമെല്ലാം അടയാളങ്ങളല്ല, ഈറ്റുനോവിന്റെ ആരംഭം മാത്രമാണ്. യേശുവിന്റെ അനുയായികൾ പീഡിപ്പിക്കപ്പെട്ടിരുന്ന സമയമായിരുന്നു അത്. യഹൂദരിൽ നിന്നും വിജാതീയരിൽ നിന്നും സഭയ്ക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. വ്യാജപ്രവാചകരുടെ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ടും പീഡനങ്ങളിൽ പിടിച്ചുനില്ക്കാനാവാതെയും പലരും ക്രിസ്തുവിനെ ഉപേക്ഷിച്ചു. അതേസമയം ഭാവാത്മകമായ ഒരു വശവുമുണ്ട്. എതിർപ്പിന്റെ പശ്ചാത്തലത്തിലും യേശുവിനു സാക്ഷ്യം നല്കുന്നവർ ധാരാളമുണ്ടാകും. സുവിശേഷം പ്രസംഗിക്കപ്പെടുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട തത്ത്വമാണ്, അന്ത്യംവരെ സഹിച്ചു നല്ക്കുക എന്നത്. ഏതു പശ്ചാത്തലത്തിലും യേശുവിനോടു ചേർന്നു നില്ക്കുകയും ഇടർച്ചയ്ക്ക് ഇടം കൊടുക്കാതെ അവിടത്തെ പ്രഖ്യാപിക്കുകയും ചെയ്യുക. നിലനില്ക്കുന്ന വിശ്വാസമാണ് വിജയം തരുന്നത്.

വളരെ പൊതുവായ ഈ സംഭവങ്ങളിൽ നിന്ന് സുവിശേഷകൻ വായനക്കാരന്റെ ശ്രദ്ധയെ ചില പ്രത്യേക സംഭവങ്ങളിലേക്ക് തിരിക്കുന്നു (24:15). ദാനിയേൽ പ്രവാചകൻ പറഞ്ഞ ''വിനാശത്തിന്റെ അശുദ്ധലക്ഷണം'' ദേവാലയത്തിൽ പ്രത്യക്ഷപ്പെടും എന്നാണ് സൂചന. ദാനിയേൽ പ്രവാചകൻ വിരൽ ചൂണ്ടുന്നത്, അന്തിയോക്കസ് എപ്പിഫാനസ് നാലാമൻ എന്ന ഗ്രീക്കു രാജാവ് യഹൂദരെ പീഡിപ്പിക്കാനായി ജറുസലേം ദേവാലയത്തിൽ സേവൂസ് ദേവന്റെ പ്രതിമ സ്ഥാപിച്ച സംഭവത്തിലേക്കായിരിക്കണം (ദാനി 9:27; 11:31; 12:11). പക്ഷേ, മത്തായി ''വായിക്കുന്നവൻ ഗ്രഹിക്കട്ടെ'' (24:15) എന്ന് ഇടയ്ക്കു കൂട്ടിച്ചേർക്കുമ്പോൾ ആ കാലഘട്ടത്തിൽ നടന്നതും ശ്രോതാക്കൾക്ക് ഓർമിക്കാവുന്നതുമായ ഏതോ സംഭവമാണ് ഉദ്ദേശിക്കുന്നത് എന്നു തോന്നുന്നു. ഏ.ഡി. 67–68 ൽ തീക്ഷ്ണമതികളുടെ ഭാഗത്തു നിന്ന് ഇത്തരം ''അശുദ്ധലക്ഷണം'' സംഭവിച്ചിരുന്നു. രാഷ്ട്രീയ വീക്ഷണം മതപരമായ നിലപാടിനെ നിയന്ത്രിക്കാൻ തുടങ്ങിയപ്പോൾ തീക്ഷ്ണമതികൾ ഫാന്നി എന്നൊരു വിദൂഷകനെ പ്രധാനപുരോഹിതനായി വാഴിക്കുന്ന സംഭവമുണ്ട്. അന്ന് ആളുകൾ പലായനം ചെയ്തതായി ചരിത്രകാരൻ എവുസേബിയസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനു മുമ്പ് ഏ.ഡി. 37–41 ൽ കലിഗുള (റോമൻ ചക്രവർത്തി) ജറുസലേം ദേവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കാൻ ആജ്ഞാപിച്ചിരുന്നു. ഇതു പല വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവമാകയാൽ മത്തായി ഇത് ഉദ്ദേശിച്ചിരിക്കാൻ സാധ്യതയില്ല.

ഏതു സംഭവമായാലും അടിയന്തിര സ്വഭാവമുള്ളതാണ് അവസ്ഥ എന്നതാണ് പ്രധാനം. ഇതു വ്യക്തമാക്കാൻ ഏതാനും ബിംബങ്ങൾ ഉപയോഗിച്ചിരിക്കുന്നു. പുരമുകളിലിരിക്കുന്നവനും വയലിലായിരിക്കുന്നവനും വീട്ടിലേക്ക് തിരിച്ചുപോയി സമയം കളയരുത്. ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ദുരിതം. സമയമില്ലാത്തതിനാൽ വേഗത്തിലും അടിയന്തിരമായും നീങ്ങുവാൻ വിഷമമായിരിക്കും എന്നാണർഥം. അതുപോലെ മഞ്ഞുകാലത്ത് യാത്ര സുഗമമല്ല. പലസ്തീനാ

യിലെ വഴികൾ വെള്ളം കുത്തിയൊലിക്കുന്ന തോടുകളും പുഴകളുമായി മാറുന്ന സമയമാണത്. സാബത്തു ദിവസവും അതുപോലെ അസൗകര്യമാണ്. ക്രൈസ്തവർ അന്ന് അടിയന്തിരമായി യാത്രചെയ്താൽ യഹൂദർ അതു ശ്രദ്ധിക്കും (ക്രൈസ്തവ സമൂഹം അന്നു സാബത്തു കാത്തിരുന്നു എന്നതിന് തെളിവായി ഈ വാക്യം എടുക്കുന്നതു ശരിയല്ല. സഭയും സിനഗോഗും വേർപെട്ട സാഹചര്യത്തിലാണ് മത്തായി എഴുതുന്നത്). അത് അപകടത്തിനു കാരണമാകും.

വീണ്ടും വ്യാജപ്രവാചകരും വ്യാജക്രിസ്തുമാരും വിശ്വാസികളെ വഴിതെറ്റിക്കും. അവരുടെ പ്രലേഭനങ്ങളിൽ അകപ്പെടാതിരിക്കാനാണ് മുന്നറിയിപ്പ്. യേശുവിന്റെ രണ്ടാംവരവ്, അവർ ഉദ്ദേശിക്കുന്നതുപോലെ കൃത്യമായി നിശ്ചയിക്കാനാവില്ല. മിന്നൽ പിണർപോലെയാണ് അവിടന്നു വരിക. കാലം നിശ്ചയിക്കുകയല്ല യേശു ചെയ്യുന്നത്. മറിച്ച് രക്ഷാകരസമയം വ്യക്തമാക്കുകയാണ് (Chronological x Kairological). രക്ഷാകരസമയത്തെക്കുറിച്ചു പറയുമ്പോൾ ഏതു സംഭവവും പ്രധാനപ്പെട്ടതാണ്. യേശുവിന്റെ പീഡാസഹനത്തിന്റെയും സഭയുടെ സഹനത്തിന്റെയും തുടർച്ചയായിട്ടാണ് എല്ലാം സംഭവിക്കുന്നത്. മനുഷ്യപുത്രന്റെ ആഗമനവും ഇപ്രകാരമാണ് നാം കാണേണ്ടത്.

''ശവമുള്ളിടത്ത് കഴുകന്മാർ വന്നുകൂടും'' (24:28) എന്നത് ഒറ്റപ്പെട്ട ഒരു വാക്യമായിത്തോന്നും. മനുഷ്യപുത്രന്റെ ആഗമനവുമായി ബന്ധപ്പെടുത്തി വിധിയുടെ സൂചനയാണ് കഴുകന്റെ വരവ് എന്നു പറയാറുണ്ട്. അതു ശരിയാണെന്ന് തോന്നുന്നില്ല. ഈ വാക്യം വ്യാജപ്രവാചകരുടെയും വ്യാജക്രിസ്തുമാരുടെയും പിന്നാലെ പോകുന്നവരെയാണ് സൂചിപ്പിക്കുന്നത് എന്നു മനസ്സിലാക്കുന്നതാണ് ശരി. അവർ ശവത്തിന്റെ മീതേ വന്നുകൂടുന്ന കഴുകന്മാരെപ്പോലെയാണ്.

29-36 വാക്യങ്ങൾ മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചാണ് പറയുന്നത്. വെളിപാട് സാഹിത്യരൂപമാണ് മാധ്യമം. ഒരു യുഗത്തിന്റെ അസ്തമയവും പുതിയ യുഗത്തിന്റെ ഉദയവുമാണ് വരച്ചു വയ്ക്കുന്നത്. സൂര്യൻ ഇരുളുക, ചന്ദ്രൻ പ്രകാശം നല്കാതിരിക്കുക, നക്ഷത്രങ്ങൾ ആകാശത്തിൽ നിന്നു വീഴുക തുടങ്ങിയ സംഭവങ്ങൾ ഈ നിർണ്ണായക കടന്നുപോകലിനെയാണ് സൂചിപ്പിക്കുന്നത്. ദാനി 7:13 ആണ് പഴയനിയമ പശ്ചാത്തലം. വിധിയാളനായ മനുഷ്യപുത്രന്റെ സർവഅധികാരങ്ങളോടും കൂടെയുള്ള വരവാണ്, സർവ്വം സ്പർശിയായ വിധിയാണ് (''ഒരറ്റം മുതൽ മറ്റേ അറ്റം വരെ''; ''നാലു ദിക്കുകളിലും നിന്ന്'') നടക്കുക.

അത്തിമരത്തിൽ വരുന്ന വ്യതിയാനങ്ങൾ കണ്ട് കാലത്തിന്റെ മാറ്റം തിരിച്ചറിയുന്നതുപോലെ ചുറ്റും നടക്കുന്ന സംഭവങ്ങൾ കണ്ടു മനസ്സിലാക്കുവാനാണ് ആഹ്വാനം. ഇതുവരെ വിവരിച്ച സംഭവങ്ങളാണ് സൂചിപ്പിക്കുന്നത്. അവയാണ് കാലത്തിന്റെ ചുമരെഴുത്തുകൾ.

''ഇതെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നു പോകയില്ല'' (24:34) എന്നതിന്റെ അർഥമെന്ത്? ''ഇതെല്ലാം'' എന്ന പ്രയോഗം കൊണ്ട് യേശുവിന്റ രണ്ടാംവരവും അതിനെ സൂചിപ്പിക്കുന്ന എല്ലാ സംഭവങ്ങളും എന്നർഥമില്ല. യേശുവിൽ വിശ്വസിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒരു സംഭവത്തിന്റെ അനുഭവം യുഗാന്ത്യപ്രസക്തി വ്യക്തമാക്കുന്നതാണ്. യേശുവിന്റെ മരണവും ഉത്ഥാനവും അനുഭവിക്കുന്ന ക്രൈസ്തവരുടെ ജീവിതത്തിലെ ഏതു സംഭവവും അതിന്റെ യുഗാന്ത്യവീക്ഷണപരമായ അർഥത്തിന്റെ വെളിപ്പെടുത്തൽ കൂടിയാണ് എന്നു സാരം. വരാനിരിക്കുന്നതിന്റെ പ്രസക്തിയും രക്ഷാകരമായ നിർണായകതയും മുൻകൂട്ടി അനുഭവിക്കാൻ അവർക്ക് സാധിക്കുന്നു എന്നു ചുരുക്കം. ആരാണ് ഭാവി നിശ്ചയിക്കുന്നത് എന്നാണ് പരമപ്രാധാന്യമർഹിക്കുന്ന ചോദ്യം. അതായത്, ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുകയാണ് സുപ്രധാനം. അതുകൊണ്ടാണ്, യേശുവിന്റെ സന്ദേശം (''വചനങ്ങൾ'') എന്നും പ്രസക്തവും നിർണായകവുമാണെന്നു പറയുന്നത്. ആകാശവും ഭൂമിയും കടന്നുപോയാലും അതിന്റെ സാംഗത്യം ഒരിക്കലും അവസാനിക്കില്ല.

യേശു സംസാരിക്കുന്നത് കാലസംബന്ധമായ (Chronological) തലത്തിലല്ല എന്നു നേരത്തേ സൂചിപ്പിച്ചല്ലോ. ''എന്ന്, എപ്പോൾ, ഏത് ദിവസം'' ഇതു സംഭവിക്കും എന്നു തീരുമാനിക്കേണ്ടത് പിതാവായ ദൈവമാണ്. പൂർണമായും പിതാവിന്റെ പരമാധികാരത്തിൻ കീഴിലാണ് ഇതെന്നു പറയുമ്പോൾ രക്ഷാകര സമയത്തിന്റെ തലത്തിലാണ് (Kairological) നമ്മൾ ചിന്തിക്കേണ്ടത് എന്നാണ് അർഥം. ''പുത്രനു പോലും'' അറിയില്ല. കാരണം പുത്രൻ പിതാവിനാൽ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഉപകരണമായി അയയ്ക്കപ്പെട്ടവനാണ്. പരമാധികാരം

പിതാവിനു തന്നെ. എന്നു നടന്നാലും നമ്മെ സംബന്ധിച്ചിടത്തോളം അതിന്റെ രക്ഷാകര പ്രസക്തി ഇന്നും എന്നും ഒരു പോലെയാണ്. അതിനാൽ ഏറ്റവും ആവശ്യമായിട്ടുള്ളത് എന്നും ജാഗരൂകരായിരിക്കുക എന്നതാണ്. ഇല്ലെങ്കിൽ നിത്യനാശമാണു ഫലം (24:51). അതാണ് തുടർന്നുള്ള ഭാഗത്തെ പ്രതിപാദ്യ വിഷയം.

## 2) 24:37–25:30: ജാഗരൂകരായിരിക്കുവിൻ

മനുഷ്യപുത്രന്റെ ആഗമനം വരാനിരിക്കുന്ന ഒരു സംഭവമായി കണക്കാക്കുന്ന മനോഭാവമല്ല മത്തായിയുടേത്. ഭാവിയിൽ നടക്കുന്ന സംഭവമാണെങ്കിലും വർത്തമാനകാല ജീവിതത്തെ സ്പർശിക്കുന്നതാണ് അത്. മത്തായിയുടെ ആഗ്രഹം തന്റെ സമൂഹത്തിന് ഈ ഭാവിസംഭവ ത്തിന്റെ വെളിച്ചത്തിൽ വർത്തമാനകാലത്തെ രൂപപ്പെടുത്താൻവേണ്ട നിർദേശങ്ങൾ കൊടുക്കണം എന്നാണ്. ''നാളെയാകാം, നാളെയാകാം'' എന്നു പറഞ്ഞു മാറ്റിവയ്ക്കാൻ പാടില്ല. ഇനി എല്ലാ ''ഇന്നു''കളും രക്ഷയുടെ നിർണായകമായ വരവാണ്. ഈ ''ഇന്നു''കളാണ് നാളത്തെ ''യേശു വിന്റെ ആഗമന''ത്തിൽ എത്തിച്ചേരുന്നത്.

അപ്രതീക്ഷിതമായ വരവിനെ സൂചിപ്പിക്കാൻ നോഹയുടെ ദിവസങ്ങളുമായിട്ടാണ് താരതമ്യ പ്പെടുത്തൽ. ജലപ്രളയം അവരെ നശിപ്പിക്കാൻ തുടങ്ങുന്നതുവരെ ജനം ഒന്നുമറിഞ്ഞില്ല. നോഹ യാകട്ടെ, ജാഗരൂകനായിരുന്നതിനാൽ മുമ്പേ അറിഞ്ഞു. ഇവിടെ ജാഗരൂകതകൊണ്ട് ഉദ്ദേശിക്കു ന്നത് നിരന്തരമായ വിശ്വസ്തതയാണ്. ദൈവത്തിന്റെ ഹിതം അന്വേഷിച്ച് അവിടത്തെ നിരന്തരം ശ്രവിച്ചു ജീവിക്കുന്നവരാണ് ജാഗരൂകരായിരിക്കുന്നവർ. നമ്മുടെ കാതുകളെയും ഹൃദയത്തെയും ദൈവത്തിന്റെ ശ്രുതിയ്ക്കൊത്തു ട്യൂൺചെയ്യാനാണ് വിളി.

നിർണായകത വെളിപ്പെടുത്താനാണ് വയലിൽ ഉള്ള രണ്ടുപേരെക്കുറിച്ചും തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കുന്ന രണ്ടു സ്ത്രീകളെക്കുറിച്ചും പറഞ്ഞിരിക്കുന്നത്. ഒരുങ്ങിയിരിക്കുന്നവർ തിരഞ്ഞെടുക്കപ്പെടുന്നു. അന്ത്യനിമിഷത്തിൽ ഒരുങ്ങാൻ സമയമുണ്ടാവില്ല എന്നാണു സന്ദേശം.

അതുപോലെ, കള്ളൻ വരുന്ന സമയം അറിയാമെങ്കിൽ ഗൃഹനാഥൻ ആ സമയത്തു മാത്രം ഉണർന്നിരിക്കും. സമയം അറിയാൻ പാടില്ലാത്തതുകൊണ്ട് ഏതു സമയത്ത് കള്ളൻ വന്നാലും കവർച്ചചെയ്യാൻ വയ്യാത്തവിധം എന്നും ഉണർന്നിരിക്കണം. ഇതുതന്നെയാവണം ക്രൈസ്തവന്റെ നിലപാടും.

ഉണർന്നിരിക്കുന്ന രീതിയുടെ വിവിധവശങ്ങൾ വിശദീകരിക്കുന്ന മൂന്ന് ഉപമകളാണ് അടു ത്തത്: വിശ്വസ്തനായ ഭൃത്യൻ, പത്തുകന്യകമാർ, താലന്തുകൾ.

നേരത്തേ സൂചിപ്പിച്ചതുപോലെ, യേശുവിന്റെ രണ്ടാം വരവ് പ്രതീക്ഷിച്ചപ്രകാരം സംഭവി ക്കാതിരുന്നത് മത്തായിയുടെ കാലഘട്ടത്തിൽ വിശ്വാസസംബന്ധമായ ഒരു പ്രശ്നമായിരുന്നു. രണ്ടുതരത്തിൽ പ്രതികരണങ്ങളുണ്ടായി. കാത്തിരുന്നു വിഷമിച്ചപ്പോൾ തന്നിഷ്ടം ചെയ്തവർ; കാത്തിരുന്നു കാണാതിരുന്നിട്ടും വീണ്ടും വിശ്വസ്തതയോടെ കാത്തിരുന്നവർ. യജമാനനും ഭൃത്യ ന്മാരും ആണ് ഉപമയിലെ കഥാപാത്രങ്ങൾ. സഭയിലെ നേതാക്കന്മാർക്കാണ് വീടുകാക്കാൻ കടമ. യജമാനന്റെ അഭാവത്തിൽ ഉത്തരവാദിത്വത്തോടെ ചെയ്യേണ്ടതൊക്കെ ചെയ്യുന്നവനാണ് വിശ്വ സ്തൻ. ക്രൈസ്തവൻ വെറുതെ കാത്തിരിക്കയല്ല വേണ്ടത്, മറിച്ച് ക്രിയാത്മകമായും ഉത്തരവാദി ത്വത്തോടുകൂടിയും തന്നെ ഏല്പിച്ചിരിക്കുന്ന കടമകൾ നിർവഹിക്കുകയും ശുശ്രൂഷിക്കുകയു മാണ് വേണ്ടത്. സ്ഥിരോത്സാഹം, നിരന്തരപരിശ്രമം - ഇതാണു സന്ദേശം.

പത്തുകന്യകമാരുടെ ഉപമ യഹൂദ വിവാഹാചാരത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാലേ മനസ്സിലാകുകയുള്ളൂ. മണവാളന്റെ വരവു പ്രതീക്ഷിച്ചിരുന്ന പെൺകുട്ടികൾ മണവാളനെ സ്വീക രിച്ച് അകത്ത് കത്തുന്ന പന്തങ്ങളുമായി (വിളക്കല്ല, പന്തങ്ങളാണ് ഉപയോഗിക്കുന്നത്) നൃത്തം ചെയ്യേണ്ടവരാണ്. പന്തം എണ്ണയിൽ മുക്കി തീ കൊളുത്തി കെട്ടുപോകുംവരെയാണ് നൃത്തം. അതിനാൽ പാത്രങ്ങളിൽ എണ്ണകരുതേണ്ടതാവശ്യമാണ്.

ഉപമയിൽ അഞ്ചുപേർ എണ്ണകരുതുകയും അഞ്ചുപേർ കരുതാതിരിക്കുകയും ചെയ്തു. അവിടെയാണ് ഉപമയുടെ സന്ദേശത്തിന്റെ കേന്ദ്രബിന്ദു. മണവാളൻ യേശു തന്നെയാണ്. യേശു വിന്റെ രണ്ടാം ആഗമനം അപ്രതീക്ഷിതമായിരിക്കും. മണവാളൻ രാത്രിയിൽ പെട്ടെന്ന് വന്നപ്പോൾ എണ്ണകരുതാതിരുന്നവരുടെ പന്തങ്ങൾ കത്തിക്കാൻ വയ്യാതായി. അവർ എണ്ണയുള്ളവരോട് അപേ ക്ഷിച്ചപ്പോൾ വില്പനക്കാരോട് വാങ്ങാൻ പറയുന്നു. രാത്രിയിലും ചില കടകൾ തുറന്നുവയ്ക്കുക

പതിവായിരുന്നു. എണ്ണയുള്ളവർക്ക് സഹായിക്കാമായിരുന്നില്ലേ? എന്നു ചിലർ ചോദിക്കാറുണ്ട്. പരസ്നേഹമല്ല ഇവിടെ വിഷയം എന്ന് ഓർക്കണം. അവർ പറയുന്നുമുണ്ട്, ഞങ്ങൾ പങ്കുവച്ചാൽ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും എന്ന്.

മണവാളനോടൊത്ത് അഞ്ചുപേർ അകത്തുകടന്നു. അകത്തുള്ള അങ്കണമാണ് വ്യംഗ്യം, മണിയറയല്ല. അവിടെയാണ് നൃത്തം നടക്കുക. അതുകഴിഞ്ഞാൽ സ്ത്രീകളും പുരുഷന്മാരും പ്രത്യേക സ്ഥലങ്ങളിലേക്ക് പോയി ആഘോഷങ്ങൾ തുടരുന്നു. താമസിച്ചെത്തുന്ന പെൺകുട്ടികളുടെ ''തുറന്നു തരേണമേ'' എന്ന അപേക്ഷ തിരസ്കരിക്കപ്പെടുന്നു. ''നിങ്ങളെ ഞാൻ അറിയുകയില്ല'' എന്നാണ് മറുപടി. ഗിരിപ്രഭാഷണത്തിൽ യഥാർഥശിഷ്യനെക്കുറിച്ചു പറയുമ്പോൾ ഇതേ പ്രയോഗം ഉപയോഗിച്ചിട്ടുണ്ട് (7:23). ''കർത്താവേ, കർത്താവേ'' എന്നു വിളിച്ചു പ്രാർഥിച്ചാൽപോരാ യഥാർത്ഥ ശിഷ്യനാകാൻ. ഉപമയുടെ സന്ദേശവും സമാനമാണ്. അഞ്ചുപേർ എണ്ണ കരുതിയില്ല എന്നതാണ് സംഘർഷ പശ്ചാത്തലം. എണ്ണ മറന്നുപോകാൻ സാധ്യതയില്ല. അവർ പന്തം കത്തിച്ച് നൃത്തം ചെയ്യേണ്ടവരാണ് എന്ന് അവർക്കു നല്ല ബോധ്യമുണ്ട്. അപ്പോൾ പ്രശ്നം വ്യക്തിപരമായ ഉത്തരവാദിത്വമാണ്. ഉത്തരവാദിത്വത്തോടെ ജീവിതത്തിന്റെ ദൗത്യം സഗൗരവം വഹിക്കാനുള്ള വ്യക്തിപരമായ തീരുമാനം രക്ഷയ്ക്കു പരമപ്രധാനമാണ്.

''അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ'' എന്നു പറഞ്ഞാണ് ഉപമ അവസാനിക്കുന്നത്. ''ജാഗരൂകരാവുക'' എന്ന ആഹ്വാനത്തിന്റെ രണ്ടാമത്തെ മാനമാണ് ഉപമയിൽ വ്യക്തമാക്കപ്പെട്ടത്. മത്തായിയുടെ സമൂഹത്തിന് ആവശ്യമായിരുന്ന ഒരു കാര്യമാണ് ഉത്തരവാദിത്വത്തോടെ വിശ്വാസദൗത്യം ജീവിക്കുക എന്നത്. യേശുവിന്റെ രണ്ടാം വരവും അതിനുള്ള ആഹ്വാനമാക്കി ആവിഷ്കരിക്കുന്ന സുവിശേഷകൻ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമയെടുത്ത് സമൂഹത്തിന്റെ ആവശ്യമനുസരിച്ച് പുനർവ്യാഖ്യാനം ചെയ്യുകയായിരുന്നു. അങ്ങനെ അത് യുഗാന്ത്യസംബന്ധമായ ഉപമയായി തീർന്നു.

താലന്തുകളുടെ ഉപമയിലാണ് ''ജാഗരൂകരായിരിക്കുക'' എന്ന ഉപദേശത്തിന്റെ പുതിയ ഒരു വശം വെളിപ്പെടുത്തപ്പെടുന്നത്. ലൂക്കാ 19:12-27 നാണയങ്ങളുടെ ഉപമ വിവരിക്കുന്നുണ്ട്. രണ്ടും ഒരേ ഉപമയുടെ രണ്ടു രൂപങ്ങൾ ആയിരിക്കണം. മത്തായി ഇത് വളരെ വ്യക്തമായ പശ്ചാത്തലത്തിൽ കൊണ്ടുവന്ന് പുനർവ്യാഖ്യാനം ചെയ്ത് സമൂഹത്തിന്റെ നവീകരണത്തിനുള്ള പ്രവർത്തന മാതൃകയാക്കി. യജമാനൻ യേശുവാണ്. യേശുവിന്റെ സ്വർഗാരോഹണത്തിനു ശേഷമുള്ള സഭയുടെ പശ്ചാത്തലമാണ് പിന്നിൽ. ''ഏറെക്കാലത്തിനുശേഷം'' (25:19) എന്നു പറയുമ്പോൾ രണ്ടാം വരവാണ് ഉദ്ദേശിക്കുന്നത്. ഈ ആഗമനം അപ്രതീക്ഷിതമായിരിക്കും എന്നത് പ്രാധാന്യമർഹിക്കുന്നു. ''നാണയം'' ''താലന്ത്'' ആക്കിയത് മത്തായി ആയിരിക്കണം. ഓരോരുത്തർക്കും കഴിവനുസരിച്ചു ലഭിക്കുന്ന ദാനങ്ങൾ താലന്തുകളാണ്. പുനർവ്യാഖ്യാന പ്രക്രിയയിൽ ''വിധി'' എന്ന വിഷയത്തിന് മത്തായി പ്രാധാന്യം കൊടുത്തതിന്റെ സൂചനയാണ് 25:21, 23, 30 എന്നീ വാക്യങ്ങളിലെ വിധിവാചകങ്ങൾ. പാരമ്പര്യത്തിന്റെ ആദ്യരൂപത്തിൽ തന്നെ പ്രസ്തുത ആശയം ഉണ്ടായിരുന്നു എന്നു വന്നാലും മത്തായി ഇതിനു നല്കുന്ന ഊന്നൽ വ്യക്തമാണ്.

എന്നാൽ ഏറ്റവും പ്രധാന സന്ദേശം ''ജാഗരൂകരായിരിക്കൽ'' എന്തിൽ അടങ്ങിയിരിക്കുന്നു എന്നതാണ്. താലന്തു വർധിപ്പിച്ചവരോട് യജമാനൻ പറയുന്നത്, ''നല്ലവനും വിശ്വസ്തനുമായ ഭൃത്യാ'' എന്നാണ് (25:21-23). എന്നാൽ താലന്തു കുഴിച്ചിട്ടവനോട് പറയുന്നത്, ''ദുഷ്ടനും മടിയനുമായ ഭൃത്യാ'' എന്നാണ് (25:26). ''വിശ്വസ്തൻ'', ''മടിയൻ'' എന്നീ വിശേഷണങ്ങൾ മത്തായിയുടേതാണ്. എങ്ങനെയാണ് ജാഗരൂകരായിരിക്കേണ്ടത് എന്ന് ആ വിശേഷണങ്ങളിലൂടെ വ്യക്തമാകുന്നു. വിശ്വസ്തത കാത്തുപാലിക്കുന്നവൻ ഉണർന്നിരിക്കുകയും അലസതയില്ലാതെ നിരന്തരം ഭാവാത്മകമായി പ്രവർത്തിക്കുകയും ചെയ്യും. മാത്രമല്ല ഉത്തരവാദിത്വത്തോടെ കണക്കു ബോധിപ്പിക്കുകയും ചെയ്യും. ക്രൈസ്തവൻ താൻ ജീവിക്കുന്ന സാഹചര്യത്തിൽ തനിക്കുള്ളതും തന്റെ മനസ്സും പൂർണമായി ഉപയോഗിച്ച് വിശ്വസ്തതയോടെ ജീവിക്കുന്നവനാകണം എന്നാണ് സന്ദേശത്തിന്റെ രത്നച്ചുരുക്കം. നിഷ്ക്രിയത, ഒഴിഞ്ഞുമാറൽ, സാഹചര്യങ്ങളോട് ഇഴുകിച്ചേരാതിരിക്കൽ, ഫലം പുറപ്പെടുവിക്കാതിരിക്കൽ എന്നിവ അക്രൈസ്തവമായ മനോഭാവങ്ങളാണ്.

### 3) 25:31-46: അവസാനവിധി

അന്തിമപ്രഭാഷണത്തിന്റെ പാരമ്യത്തിൽ എത്തുന്ന നിമിഷമാണ് അവസാന വിധി. മത്തായി മാത്രമേ ഇതു രേഖപ്പെടുത്തുന്നുള്ളൂ. സുവിശേഷത്തിൽ ഇതുവരെ അവതരിപ്പിച്ച സന്ദേശത്തിന്റെ കാതൽ ഇവിടെ പ്രത്യക്ഷപ്പെടുന്നു. യേശുവിന്റെ അധികാരം, യേശുവിന്റെ പാവപ്പെട്ടവരുമായുള്ള താദാത്മ്യപ്പെടൽ, യഥാർഥ വിശുദ്ധിയുടെ അടയാളം- ഇതെല്ലാം ഇവിടെ വ്യക്തമാക്കപ്പെടുന്നു. അതിനാൽ യേശുവിന്റെ പ്രവർത്തനത്തിന്റെ ഉപസംഹാരമായി ഈ ഭാഗത്തെ കണക്കാക്കാം. 16:27ലെ പ്രവചനത്തിന്റെ പൂർത്തീകരണമാണത്.

ദാനിയേൽ 7:13ലെ വിധിയാളന്റെ ചിത്രത്തിലേക്കു ശ്രദ്ധക്ഷണിച്ചുകൊണ്ടാണ് രംഗം ആരംഭിക്കുന്നത്. വളരെ നാടകീയമായ അവതരണമാണ് മത്തായി ഇവിടെ നടത്തുന്നത്. വിധിയാളന്റെ മുമ്പിൽ ''എല്ലാജനതകളു''മാണ് ഒരുമിച്ചു കൂട്ടപ്പെടുന്നത്. ഇനി അതിർത്തികൾക്ക് അർഥമില്ല. യേശു എല്ലാ ജനതകളുടെയും മേൽ അധികാരം ഉള്ളവനാണ് (28:18-19). എല്ലാവരും യേശുവിനാൽ വിധിക്കപ്പെടേണ്ടവരാണ്.

പിന്നെ നടക്കുന്നത് വേർതിരിക്കലാണ്. വിധിയുടെ പ്രതീകമാണിത്. ചെമ്മരിയാടും കോലാടും തമ്മിലുള്ള വ്യത്യാസത്തിന് പ്രാധാന്യമില്ല. ''വേർതിരിക്കപ്പെടുന്നു'' എന്നതിനാണ് പ്രാധാന്യം. ''ഇടതുവശം'' തിരസ്കരണവും ''വലതുവശം'' സ്വീകരണവും സൂചിപ്പിക്കുന്നു.

വിധിയുടെ അടിസ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. യേശു സമൂഹത്തിലെ ''ദരിദ്രരു''മായി താദാത്മ്യപ്പെടുന്നു. എളിയവരിലൂടെ അവിടന്നു മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അവരെ പരിഗണിച്ചപ്പോൾ യേശുവിനെയാണവർ പരിഗണിച്ചത്. ഇടതുവശത്തു നില്ക്കുന്നവരോടു പറയുമ്പോൾ ആവർത്തന വിരസത ഒഴിവാക്കുന്ന സുവിശേഷകൻ പകരം ഉപയോഗിക്കുന്ന ഒരു വാക്ക് ഈ പരിഗണനയുടെ അർഥം വിശദീകരിക്കുന്നു: ''നിനക്കു **ശുശ്രൂഷ ചെയ്യാതിരുന്നതും** എപ്പോൾ?'' (25:44). ശുശ്രൂഷിക്കുക (ഗ്രീക്ക്: diakoneo) ജീവൻ പോലും അപരന് അർപ്പിക്കാൻ തയ്യാറാവുന്ന സ്വയം ദാനമാണ്.

ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ പശ്ചാത്തലം ഇതിന്റെ പിന്നിൽ ഉണ്ട് എന്നു വ്യക്തമാണ്. മിഷനറിമാരെ അവഗണിക്കുന്നവർ യേശുവിനെയാണ് അവഗണിക്കുന്നത് എന്നു സാരം. ''ചെറിയവർ'', ''സഹോദരന്മാർ'' എന്നീ പ്രയോഗങ്ങൾ പന്ത്രണ്ടു ശിഷ്യന്മാർക്കു നല്കപ്പെടുന്ന നിർദേശങ്ങളടങ്ങിയ പ്രഭാഷണത്തിൽ ഉപയോഗിച്ചതാണ് (10:42).

എന്തുതരം ശുശ്രൂഷയാണ് ചെയ്യേണ്ടത്? സ്നേഹം പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് മാർഗം. വാക്കുകളല്ല, പ്രവൃത്തികളാണ് വിശുദ്ധിയുടെ അളവുകോൽ. ദൈവത്തിന്റെ ഹിതം അനുഷ്ഠിക്കുന്നവനാണ് വലതുവശത്തു നില്ക്കാൻ അർഹൻ. ക്രൈസ്തവജീവിതത്തിന്റെ അർഥവും രഹസ്യവും പ്രവൃത്തികളിലൂടെയുള്ള സഹോദരസ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നത്. പ്രവൃത്തിയിൽ സ്നേഹിക്കാത്തവൻ ക്രൈസ്തവനല്ല എന്നു പറഞ്ഞാൽ ശരിയാണ്.

# യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം (26:1 – 28:15)

മത്തായി സുവിശേഷത്തിന്റെ ആരംഭത്തിൽ യേശുവിന്റെ ബാല്യകാലം വിവരിച്ചതിനു സമാന്തരമായി അവിടത്തെ മരണമാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. 26:1-46 വരെ പീഡാസഹനത്തിനൊരുക്കമായുള്ള സംഭവങ്ങൾ വിവരിക്കപ്പെടുന്നു: തൈലാഭിഷേകം, പെസഹാ ആചരണം, പുതിയ ഉടമ്പടി, ഗത്സെമനിയിലെ പ്രാർഥന, അതിനുശേഷം ബന്ധനം, യഹൂദരുടെ മുമ്പിലെ വിചാരണ, പീലാത്തോസിന്റെ മുമ്പിലെ വിചാരണ, കുരിശുമരണം, സംസ്കരണം, ഉത്ഥാനം എന്ന ക്രമത്തിൽ വിവരണം നീങ്ങുന്നു. വിശ്വാസ പ്രഖ്യാപനമാണ് ലക്ഷ്യം. പ്രധാന കഥാപാത്രങ്ങൾ യേശു, ശത്രുക്കൾ, സ്വീകരിക്കുന്നവർ എന്നിവരാണ്. നാം ഏതു ഭാഗത്തു നില്ക്കുന്നു എന്നതാണ് പ്രധാനം. യേശുവിനോടൊപ്പം പ്രതിക്കൂട്ടിൽ നിന്നാലേ അർഥമുള്ളൂ. എങ്കിലേ വിശ്വാസ പ്രഖ്യാപനം നടക്കുകയുള്ളൂ.

26-ാം അധ്യായം ആരംഭിക്കുന്നത് പ്രഭാഷണങ്ങൾ അവസാനിപ്പിക്കാൻ മത്തായി ആവർത്തിക്കുന്ന ഫോർമുല ഉപയോഗിച്ചാണ്: ''യേശു ഈ വചനങ്ങൾ എല്ലാം അവസാനിപ്പിച്ചശേഷം'' (26:1). യഹൂദപ്രമാണികൾ ഔദ്യോഗികമായി തീരുമാനമെടുത്തുകഴിഞ്ഞു, യേശുവിനെ കൊല്ലുവാൻ (26:5).

## 1 തൈലാഭിഷേകം (26:6–13)

ബഥാനിയായിലെ തൈലാഭിഷേകം (26:6-13) രണ്ടു സന്ദേശം നല്കുന്നു: 1) യേശുവിനോട് ഒരു യഥാർഥ ശിഷ്യൻ പെരുമാറേണ്ട രീതി. സ്നേഹത്തോടെ പാദത്തിങ്കൽ ഇരുന്ന് ശുശ്രൂഷചെയ്യുകയാണു യഥാർഥ ശിഷ്യന്റെ ജീവിതശൈലി. 2) തൈലാഭിഷേകം യേശുവിന്റെ മരണത്തിന്റെയും സംസ്കാരത്തിന്റെയും മുന്നോടിയും സൂചനയുമാണ്. ഇതിനെക്കുറിച്ചാണ് ''ഞാനാകട്ടെ, നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കുകയില്ല'' എന്ന് യേശു സൂചിപ്പിക്കുന്നത്. സുവിശേഷത്തിന്റെ അന്തസ്സത്തയാണ് യേശുവിന്റെ സഹനവും മരണവും ഉത്ഥാനവും.

അഭിഷേകം നടത്തുന്ന വ്യക്തിയെ ''ഒരു സ്ത്രീ'' എന്നു മാത്രമേ മത്തായി വിശേഷിപ്പിക്കുന്നുള്ളൂ. മർക്കോസിന്റെ വിവരണവും അങ്ങനെയാണ് (14:3). ലൂക്കാ ''പാപിനിയായ സ്ത്രീ'' എന്നു പറയുന്നു (7:37). യോഹന്നാൻ 'മേരി' എന്ന പേര് പറയുന്നു. മർത്തായുടെ സഹോദരിയാണ് മേരി (12:3).

യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കാൻ തീരുമാനിക്കുന്നതും ശത്രുതയുടെ വളർച്ചയുടെ അടയാളമാണ്. 12:14 മുതൽ ഈ എതിർപ്പിന്റെ വളർച്ച സുവിശേഷകൻ രേഖപ്പെടുത്തിയിരുന്നു. 30 വെള്ളിക്കാശ് ഒരു അടിമയുടെ വിലയാണ് (പുറ 21:32; സഖ 11:12) ''പന്ത്രണ്ട് പേരിൽ ഒരുവൻ'' എന്ന പ്രയോഗത്തിലൂടെ യൂദാസിന്റെ പ്രവൃത്തിയുടെ കാഠിന്യം സൂചിപ്പിക്കപ്പെടുന്നു.

## 2 പെസഹാ ആചരണം (26:17–80)

യേശുവിന്റെ മരണം പെസഹാ ആഘോഷവുമായി ബന്ധപ്പെടുത്താതെ വ്യാഖ്യാനിക്കാനാവില്ല. ഇത് എല്ലാ സുവിശേഷകരും വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. മത്തായി യേശുവിന്റെ അധരങ്ങളിലൂടെ ഇത് അറിയിക്കുന്നു. ''എന്റെ സമയം സമാഗതമായി. ഞാൻ എന്റെ ശിഷ്യന്മാരോടുകൂടെ പെസഹാ ആചരിക്കും...'' (26:18). ''സമയം'' യേശുവിന്റെ മരണത്തെയാണ് സൂചിപ്പിക്കുക (യോഹ. 2:4; 8:20; 12:23; 13:1). വിവരണത്തിന്റെ ആരംഭത്തിൽതന്നെയുള്ള ''പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസം'' എന്ന പ്രയോഗവും പെസഹായും യേശുവിന്റെ മരണവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്.

ഭക്ഷണസമയത്ത് യേശു തന്നെ ഒറ്റിക്കൊടുക്കുന്നവനെക്കുറിച്ച് പ്രവചിക്കുന്നു. യൂദാസ് ഒഴിച്ച് പതിനൊന്നുപേരും ''കർത്താവേ, അത് ഞാനല്ലല്ലോ'' (26:22) എന്നാണ് പ്രതികരിക്കുന്നത്. ''കർത്താവേ'' എന്ന അഭിസംബോധന യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ച് ഉത്ഥിതനായ യേശുവിനെ നാഥനായി അംഗീകരിച്ചവരുടേതാണ്. ഇതിന് വിപരീതമായി യൂദാസ് യേശുവിനോട് ചോദിക്കുന്നത് ''ഗുരോ, അതു ഞാനോ?'' എന്നാണ് (26:25). ''ഗുരോ'' (റബ്ബി) എന്ന അഭിസംബോധന വളരെ പൊതുവായുള്ളതാണ്. യേശുവിനെ ചുംബിച്ച് ഒറ്റിക്കൊടുക്കുമ്പോഴും യൂദാസ് ഇതുതന്നെയാണ് ഉപയോഗിക്കുന്നത് (26:49). ഒറ്റുകാരനെ തിരിച്ചറിയാൻ യേശു നല്കുന്ന അടയാളം ''എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ'' എന്നാണ്. ഗുരുവിന്റെ കൂടെ ഭക്ഷണത്തിനിരിക്കുമ്പോൾ ഗുരു മുക്കിയശേഷമേ ബാക്കിയുള്ളവർ പാത്രത്തിൽ കൈ മുക്കാവൂ. ഗുരുവിനോടൊപ്പം കൈമുക്കുന്നവൻ ഗുരുവിനോടു ബഹുമാനവും അനുസരണവുമില്ലാത്തവനും, ഗുരുവിനെ എതിർക്കുന്നവനുമാണ്. ഇത് പ്രതീകാത്മകമായ അവതരണമാണ്. മത്തായി മാത്രമേ ഇങ്ങനെ വിവരിക്കുന്നുള്ളൂ എന്നതും ശ്രദ്ധേയമാണ്. 26:24 പീഡാസഹനത്തിന്റെ രണ്ടു വശങ്ങൾ വ്യക്തമാക്കുന്നതാണ്. സഹനം പിതാവിന്റെ പദ്ധതിയുടെ ഭാഗമാണ്, ദൈവഹിതമാണ്. മറുവശത്ത് മനുഷ്യരുടെ ഗൂഢാലോചനയും കുതന്ത്രങ്ങളും ഒറ്റിക്കൊടുക്കലും നിഷേധിക്കലും വിചാരണയും വിധിക്കലുമെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട് എന്നതും യാഥാർഥ്യമാണ്. പുതിയ ഉടമ്പടിയിൽ യൂദാസ് പങ്കുചേരുന്നില്ല എന്നുവേണം അനുമാനിക്കാൻ.

യഹൂദ പെസഹാ ആചരണത്തിന് പുതിയ അർഥവും ആഴവും നല്കിക്കൊണ്ട് യേശു പുതിയ ഉടമ്പടി സ്ഥാപിക്കുന്നു. ''ഭക്ഷിക്കുക - പാനം ചെയ്യുക'' എന്നിവ പ്രധാനപ്പെട്ട ക്രിയകളാണ്. യഹൂദർക്ക് അതു മനസ്സിലാക്കാൻ വിഷമമായിരുന്നു. ബലിയർപ്പിക്കപ്പെട്ട വസ്തു ഭക്ഷിക്കുന്നവർ ബലിവേദിയുമായി ഐക്യപ്പെടുന്നു എന്ന് അവർ വിശ്വസിച്ചിരുന്നു (1 കോറി 10:18). പക്ഷേ രക്തം കുടിക്കുക യഹൂദർക്ക് നിഷിദ്ധവും അസാധ്യവുമായിരുന്നു. കാരണം അത് ജീവന്റെ പ്രതീകമായിക്കരുതിയിരുന്നു. യേശു ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയുംവേണം എന്നു പറയുമ്പോൾ മനുഷ്യരുടെ സിരകളിൽ അവിടത്തെ ജീവൻ ഒഴുകണമെന്നാണ് അർഥമാക്കുന്നത്.

പക്ഷേ, ദിവ്യകാരുണ്യം ഇതിനപ്പുറത്ത്, ഉടമ്പടി വിരുന്നു കൂടിയാണ് (26:28). ലൂക്കാ 22:20, 1 കോറി 11:25 എന്നീ വാക്യങ്ങളിൽ ''പുതിയ'' എന്ന വിശേഷണം ചേർത്തിട്ടുണ്ട്. ജറെമിയാ പറയുന്ന 'പുതിയ' ഉടമ്പടിയാവണം അതിന്റെ പിന്നിൽ (31:31). മത്തായി ''ഉടമ്പടിയുടെ രക്തം'' (26:28) എന്നു മാത്രമേ പറയുന്നുള്ളൂ. പുറപ്പാടിന്റെ പുസ്തകത്തിൽ മോശ രക്തമെടുത്ത് അൾത്താരയിലും ജനങ്ങളുടെ മേലും തളിക്കുന്ന രംഗമുണ്ട്. ഉടമ്പടി സ്ഥാപനമാണ് പശ്ചാത്തലം (പുറ 24:8). പാപമോചനമാണ് രക്തം തളിക്കുന്നതിന്റെ ലക്ഷ്യം. റോമാ 3:25 ൽ പറയുന്നുണ്ട്: ''വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപ്പരിഹാരമായി ദൈവം അവനെ നിശ്ചയിച്ചുതന്നു'' എന്ന്. മർക്കോസ് ''അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന'' (14:24) എന്നുമാത്രം പറയുമ്പോൾ മത്തായി വളരെ വ്യക്തമായി ''പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന.....'' (26:28) എന്നു പറയുന്നുണ്ട്. യേശുവിലൂടെ മാത്രമേ, അതും രക്തം ചിന്തലിലൂടെ മാത്രമേ പാപമോചനമുള്ളൂ എന്ന് മത്തായി വ്യക്തമാക്കുന്നു. അതുകൊണ്ടാണ് സ്നാപകയോഹന്നാന്റെ ജ്ഞാനസ്നാനം പാപമോചനത്തിന് എന്നു മത്തായി പറയാത്തത് (3:6). എന്നാൽ മർക്കോസ് ''പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം'' (മർക്കോ 1:4) എന്നാണ് പറയുക.

ദിവ്യകാരുണ്യം പ്രവചനപരമായി വരാനിരിക്കുന്ന വിരുന്നിന്റെ മുന്നോടിയാണ് (1 കോറി 11:26). ''പിതാവിന്റെ രാജ്യത്തിൽ'' എന്നു മത്തായി പറയുമ്പോൾ പിതാവുമായുള്ള ഐക്യമാണ് ഇതിലൂടെ സ്ഥാപിക്കപ്പെടുന്നത് എന്ന സൂചനയുണ്ട്. ഇത് ഒരു ബലി മാത്രമല്ല, അതിന്റെ ഫലമായി പിതാവുമായുള്ള ഐക്യത്തിന്റെ അനുഭവവുമാണ്. യേശുവിന്റെ രണ്ടാം വരവുവരെ നാം ഇപ്രകാരം യേശുവിന്റെ മരണവും ഉത്ഥാനവും പ്രഖ്യാപിച്ചുകൊണ്ടിരിക്കണം.

## 3. ഗത്സെമനിയിലെ പ്രാർഥന (26:36–46)

പീഡാസഹനത്തിനു തൊട്ടുമുമ്പ് അതിന്റെ അർഥവും അതിനെ വീക്ഷിക്കേണ്ടരീതിയും പ്രാർഥനയുടെ മാധ്യമത്തിലൂടെ ഒരിക്കൽ കൂടി വെളിപ്പെടുത്തപ്പെടുന്നു. യേശു പിതാവിന്റെ സന്നിധിയിൽ, താൻ കടന്നു പോകേണ്ടിയിരിക്കുന്ന സഹനത്തിന്റെ സർവമാനങ്ങളോടുംകൂടെ നില്ക്കുന്ന രംഗം ഹൃദയസ്പർശിയാണ്. എല്ലാ സമവീക്ഷണ സുവിശേഷകരും ഈ രംഗം അവതരിപ്പിക്കുന്നുണ്ട് (മർക്കോ 14:32–42; ലൂക്കാ 22:39–46). എന്നാൽ ശിഷ്യന്മാർക്കും ക്രൈസ്തവസമൂഹത്തിനും നല്കപ്പെടുന്ന പ്രായോഗിക നിർദേശങ്ങൾക്ക് മത്തായി ഇവിടെയും ഊന്നൽ കൊടുത്തിരിക്കുന്നു.

മൂന്നു പ്രാവശ്യം പിതാവിനോട് പ്രാർഥിക്കുന്ന യേശു താൻ കൂടെ കൊണ്ടുപോകാനാഗ്രഹിക്കുകയും ഉണർന്നിരിക്കാൻ ആവശ്യപ്പെടുകയും ചെയ്ത മൂന്ന് ശിഷ്യന്മാരുടെ അടുക്കലേക്കും മൂന്നു പ്രാവശ്യം പോകുന്നു. (പ്രാർഥന 26:39, 42, 44; ശിഷ്യരുടെ പക്കൽ: 26:40, 43, 45). രക്ഷാകര പ്രവർത്തനത്തിന്റെ അടിസ്ഥാനപരമായ രണ്ടുവശങ്ങളാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. പിതാവിന്റെ ഹിതമനുസരിച്ചാണ് എല്ലാം സംഭവിക്കുന്നത്. ആ ഹിതത്തിന്റെ ഭാഗമാണ് സഹനം. ഈ ലംബതലത്തോടൊപ്പം ഒരു തിരശ്ചീനതലവുമുണ്ട്. രക്ഷാകര പദ്ധതിയും അതിന്റെ അവിഭാജ്യഘടകമായ സഹനവും നമ്മെ എത്തിക്കേണ്ടത് സമൂഹത്തിലാണ്. കൂട്ടായ്മയിലും സാഹോദര്യത്തിലും ജീവിക്കുന്ന ഒരു സമൂഹത്തിനു രൂപം കൊടുക്കുകയാണ് ലക്ഷ്യം. അതുകൊണ്ടാണ് പ്രാർഥിക്കുന്ന യേശു അതിനു സമാന്തരമായി ശിഷ്യരുടെ അടുക്കൽ പോകുന്നത്.

''പിതാവേ'' എന്ന് അഭിസംബോധന ചെയ്താണ് യേശു ആരംഭിക്കുന്നത്. സഹനനാടകത്തിന്റെ അന്തിമരംഗം അരങ്ങേറും മുമ്പ് തന്നെ അയച്ചവനുമായുള്ള ഗാഢബന്ധം പ്രാർഥനയിൽ പ്രകടിപ്പിക്കുകയാണ് യേശു. അതോടൊപ്പം പിതാവാണ് ഈ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന്റെ നിയന്താവ് എന്നും താൻ അവിടത്തെ കരങ്ങളിൽ ഒരു ഉപകരണം മാത്രമാണ് എന്നും ഏറ്റുപറയുകയാണ്. ''പാനപാത്രം'' സഹനത്തിന്റെ പ്രതീകമാണ് (20:22). ''അവിടത്തെ ഹിതം നിറവേറട്ടെ'' എന്നു പ്രാർഥിക്കുമ്പോൾ പിതാവിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി പൂർണമായി സമർപ്പിക്കുന്ന യേശുവിന്റെ അനുസരണമാണ് പ്രകടമാകുന്നത്. സ്നാപക യോഹന്നാനിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ ''ഇപ്പോൾ ഇത് സമ്മതിക്കുക. അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്'' എന്നു പറഞ്ഞ് ആരംഭിച്ച യേശുവിന്റെ പ്രവർത്തനം അതേ സമർപ്പണ മനോഭാവത്തിൽ അന്തിമഘട്ടത്തിൽ എത്തിച്ചേരുകയാണ്.

ശിഷ്യർക്ക് ലഭിക്കുന്ന വ്യക്തമായ നിർദേശം ഏതാനും ക്രിയകൾ കല്പനാരൂപത്തിൽ ഉപയോഗിച്ച് വ്യക്തമാക്കിയിരിക്കുന്നു: ''ഇവിടെ ഇരിക്കുക'' (26:36), ''ഉണർന്നിരിക്കുക'' (26:38), ''പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'' (26:41), ''എഴുന്നേല്ക്കുവിൻ; നമുക്കുപോകാം.'' (26:46). ഉണർന്നിരിക്കുകയും പ്രാർഥിക്കുകയും ചെയ്യുക

യാണ് ഒരു ശിഷ്യന്റെ കടമ. പ്രലോഭനങ്ങൾ സൂചിപ്പിക്കുന്നത്, രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിനായി പരിശ്രമിക്കുമ്പോൾ വരുന്ന പ്രതിബന്ധങ്ങളും പ്രത്യേകിച്ച് സഹനമെന്ന യാഥാർഥ്യവുമാണ്. അപ്പോൾ പിതാവിന്റെ പക്ഷത്തു നില്ക്കാൻ ശക്തി നല്കുന്നതു പ്രാർഥനയാണ്.

## 4. യേശു ഒറ്റിക്കൊടുക്കപ്പെടുന്നു (26:47–56)

യൂദാസിന്റെ തീരുമാനത്തെക്കുറിച്ചും (26:14–16) അതിന്റെ സ്ഥിരീകരണത്തെക്കുറിച്ചും (26:25) മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. യേശുവും അവനെ ബന്ധിക്കാൻ വരുന്നവരും തമ്മിലുള്ള സംഭാഷണത്തിലെ ചില കാര്യങ്ങൾ വിശദീകരിക്കാം. യേശുവിനെ ഒറ്റിക്കൊടുക്കുന്നതും ബന്ധിക്കുന്നതും പിതാവിന്റെ തിരുവിഷ്ടത്തിന്റെയും പ്രവാചകലിഖിതങ്ങളുടെയും പൂർത്തീകരണമാണ്. അതാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. അതിനാൽ എതിർക്കുന്നവരോടു ചെറുത്തുനില്ക്കാനുള്ള ശ്രമത്തിന് അർഥമില്ല. പത്രോസിന്റെ സംരക്ഷണ പരിശ്രമത്തിന് യേശു അനുമതി നല്കുന്നില്ല.

മൂന്നു കാരണങ്ങളാലാണ് എതിർപ്പിനെ ചെറുക്കാതിരിക്കാനും അഹിംസ പാലിക്കാനും യേശു പറയുന്നത്. ആദ്യത്തേത് പൊതുനിയമമാണ്: ''വാൾ എടുക്കുന്നവൻ വാളാൽ നശിക്കും''. ''നശിക്കുക'' മരണത്തെ മാത്രമല്ല സൂചിപ്പിക്കുക. നിത്യനാശമാണ് വിവക്ഷിക്കപ്പെടുന്നത് (26:52). രണ്ടാമത്തേത്, പിതാവിലുള്ള ആശ്രയമാണ് യഥാർഥ ചെറുത്തുനില്പ് എന്നാണ്. പിതാവുമായുള്ള ബന്ധമാണ് ഇതിന്റെയൊക്കെ പിന്നിലെ ശക്തി എന്നർഥം (26:53). മൂന്നാമതായി, വിശുദ്ധ ലിഖിതത്തിന്റെ പൂർത്തീകരണമാണ് ഈ സംഭവങ്ങളിലൂടെ നടക്കുന്നത് (26:54).

വിവരണം അവസാനിക്കുന്നത് ശിഷ്യന്മാരുടെ ഇടർച്ചയെക്കുറിച്ച് പറഞ്ഞാണ്. 26:31ൽ യേശു ഇത് പ്രവചിച്ചിരുന്നു. സഹനത്തിന്റെ പശ്ചാത്തലത്തിൽ ഗുരുവിനെ അംഗീകരിക്കാൻ സാധിക്കാതെ വിശ്വാസം ക്ഷയിച്ച് ഓടിപ്പോകുന്ന ശിഷ്യന്മാർ നമ്മുടെ പ്രതീകങ്ങളും മുന്നോടികളുമാണ്.

## 5 പ്രധാന പുരോഹിതന്റെ മുമ്പിൽ വിചാരണ – പത്രോസിന്റെ നിഷേധം (26:57–75)

ഈ രണ്ടു സംഭവങ്ങളും ഒന്നിച്ചു വായിച്ചാലേ അർഥം പൂർണ്ണമായി മനസ്സിലാകൂ. സുവിശേഷകൻ ആ രീതിയിലാണ് വിവരണം ക്രമീകരിച്ചിരിക്കുന്നത്. ന്യായാധിപസംഘത്തിനു മുന്നിൽ നില്ക്കുന്ന യേശുവിലും പുറത്ത് മുറ്റത്തിരുന്ന് തീ കായുന്ന പത്രോസിലും നമ്മൾ ഒരേ സമയത്ത് ശ്രദ്ധപതിപ്പിക്കണം. രണ്ടും ഒരേ സമയത്താണ്, ഒന്നിനു പിറകെ ഒന്നായിട്ടല്ല, സംഭവിക്കുന്നത്.

26:57–58 ആമുഖമാണ്. പ്രധാന കഥാപാത്രങ്ങൾ എല്ലാം അവിടെ അവതരിപ്പിക്കപ്പെടുന്നു: യേശു, പ്രധാന പുരോഹിതൻ, യഹൂദപ്രമാണികൾ, പത്രോസ്, പരിചാരകന്മാർ. ഇനി രണ്ടു രംഗങ്ങളിലായിട്ടാണ് അവതരണം: ഒന്ന്, യേശുവിന്റെ വിചാരണ – അകത്ത്; രണ്ട്, പത്രോസിന്റെ നിഷേധം – പുറത്ത്.

ന്യായാധിപസംഘം മതപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുള്ള യഹൂദരുടെ ആലോചനാസംഘമാണ്. രാത്രിയിൽ നടക്കുന്ന യോഗം, തിരുനാൾ ദിവസത്തെ വിധിപ്രസ്താവന, തെളിവെടുക്കുന്ന ദിവസം തന്നെ വിധി പ്രസ്താവിക്കുന്നത് – ഇതൊക്കെ അല്പം അസാധാരണമാണ്. നല്കപ്പെടുന്ന സാക്ഷ്യം കള്ളമാണ് എന്ന് വായനക്കാരനു സൂചന ലഭിക്കുന്നതിനാൽ സാക്ഷ്യത്തിന്റെ പക്ഷത്തുചേരാൻ ഒരിക്കലും പ്രവണതയുണ്ടാകില്ല. ദേവാലയത്തിന്റെ നാശവും പുനർനിർമാണവുമാണ് ദൈവദൂഷണമായി അവർ ആരോപിക്കുന്നത്. കള്ളസാക്ഷ്യത്തിനും കുറ്റാരോപണത്തിനും യേശു മറുപടി പറയുന്നില്ല. പ്രധാന പുരോഹിതന്റെ അവസാനത്തെ ചോദ്യം യേശുവിന്റെ അനന്യതയെക്കുറിച്ചുതന്നെയാണ്. ചുരുക്കത്തിൽ 'നീ ദൈവപുത്രനാണോ?' എന്നാണ് ചോദ്യത്തിന്റെ അർഥം. അതിന് യേശു വ്യക്തമായ മറുപടിയും അതേത്തുടർന്ന് വിശദീകരണവും നല്കുന്നുണ്ട്. വിശദീകരണം ദാനി 7:13 നെ അടിസ്ഥാനമാക്കിയാണ്. താൻ ദൈവപുത്രനാണെന്നും അന്തിമ ദിവസം വാനമേഘങ്ങളിൽ വരുന്ന വിധിയാളനാണെന്നുമാണ് യേശു പറഞ്ഞത്. യേശുവിന്റെ വ്യക്തിത്വത്തിന്റെയും പ്രവർത്തനത്തിന്റെയും വർത്തമാന

കാലസംബന്ധവും ഭാവികാലസംബന്ധവുമായ രണ്ടുതലങ്ങളും ഇവിടെ വെളിപ്പെടുത്തപ്പെടുന്നു. സഹിക്കുന്ന യേശു ദൈവം തന്നെയാണ് എന്നാണ് അർഥം. ഇത് ദൈവദൂഷണമായി പ്രഖ്യാപിക്കുകയും മരണശിക്ഷയ്ക്കർഹനാണെന്ന് വിധിക്കുകയും ചെയ്യുന്നു. യേശുവിനെ അടിക്കുന്നത് യഹൂദരുടെ ശക്തമായ എതിർപ്പിന്റെയും ശത്രുതയുടെയും സൂചനയാണ്.

യേശുവിനെ പ്രധാന പുരോഹിതൻ അകത്ത് ചോദ്യം ചെയ്യുമ്പോഴാണ് പുറത്ത് പരിചാരിക പത്രോസിനെ ചോദ്യം ചെയ്യുന്നത്. പ്രശ്നം യേശുവുമായുള്ള ബന്ധമാണ്. മൂന്നു പ്രാവശ്യം അവൻ ആ ബന്ധം നിഷേധിക്കുന്നു. യേശു പ്രധാന പുരോഹിതന്റെ മുമ്പിൽ സ്വയം വെളിപ്പെടുത്തുമ്പോൾ അവന്റെ വലിയ ശിഷ്യൻ അതിനുവിരുദ്ധമായി അവനെ ഉപേക്ഷിച്ച് സംസാരിക്കുന്നു. ഈ വൈരുധ്യമാണ് പത്രോസിന്റെ നിഷേധത്തിന്റെ അഗാധത വെളിപ്പെടുത്തുന്നത്.

അതോടൊപ്പം 26:31-35ൽ യേശുവിനെ ഒരിക്കലും ഉപേക്ഷിക്കില്ല എന്നു പത്രോസ് നടത്തുന്ന വാഗ്ദാനവും നിഷേധത്തിന്റെ ആഴം വർധിപ്പിക്കുന്നു. പത്രോസിന്റെ നിഷേധം യേശു പ്രവചിച്ചതാണ്. കോഴി കൂകിയപ്പോൾ പത്രോസ് അതോർത്തു. നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമിതാണ് - നിഷേധമല്ല ഇവിടെ പ്രസക്തം, അതിനു ശേഷമുള്ള പത്രോസിന്റെ മനോഭാവമാണ്. ''......യേശു പറഞ്ഞ വാക്കുകൾ അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ പുറത്തുപോയി ഹൃദയം നൊന്തു കരഞ്ഞു''. ഇവിടെയാണ് പ്രവർത്തന മാതൃക. സഹനത്തിന്റെ പാതയിലൂടെ നാഥന്റെ പിന്നാലെ പോകുമ്പോൾ ഇടറി വീഴാൻ സാധ്യതയുണ്ട്. പക്ഷേ, തെറ്റു മനസ്സിലാക്കുമ്പോഴും ഓർക്കുമ്പോഴും പുറത്തുപോയി ഹൃദയം നൊന്തു കരയണം. അതാണ് സന്ദേശം.

## 6 പീലാത്തോസിന്റെ മുമ്പിൽ വിചാരണ<br>യഹൂദജനത്തിന്റെ തിരസ്കരണം (27:1-26)

അടുത്ത രംഗം പീലാത്തോസിന്റെ മുമ്പിലാണ് നടക്കുന്നത്. മത്തായിയുടെ ദൈവശാസ്ത്ര വീക്ഷണമനുസരിച്ച് ഉടമ്പടിയുടെ ജനം യേശുവിനെ തിരസ്കരിക്കുന്ന പരസ്യപ്രഖ്യാപനം നടക്കുന്ന രംഗമാണിത്. സാഹിത്യപരമായി വളരെ മനോഹരമാണ് ഈ വിവരണം.

27:1 ആമുഖവും കഥാപാത്രങ്ങളെ പരിചയപ്പെടുത്തലുമാണ്: യേശു, എതിരാളികളായ യഹൂദപ്രമാണികൾ (പുരോഹിത പ്രമുഖർ, ജനപ്രമാണികൾ) പീലാത്തോസ്. വിവരണം മുഴുവൻ മനസ്സിലാക്കുന്നതിന് നാലു കഥാപാത്രങ്ങളെക്കൂടി പരിചയപ്പെടേണ്ടതുണ്ട്: ജനക്കൂട്ടം, യൂദാസ്, പീലാത്തോസിന്റെ ഭാര്യ, ബറാബാസ്.

യേശു വിചാരണ ചെയ്യപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ യൂദാസിന്റെ അന്ത്യം വിവരിക്കുന്നതിന്റെ (27:3-10) പ്രസക്തി എന്ത്? യഥാർഥത്തിൽ 27:10 കഴിഞ്ഞ് 27:11b യിൽ തുടർന്നാൽ വിവരണത്തിന് ഒഴുക്കുണ്ട്. 27:11a ചേർക്കേണ്ടി വന്നത് (''യേശു ദേശാധിപതിയുടെ മുമ്പിൽ നിന്നു'') ഇടയ്ക്കു വന്ന വിവരണം യേശു എവിടെയാണ് എന്നകാര്യം വിസ്മരിക്കാൻ വായനക്കാരനെ പ്രേരിപ്പിച്ചിരിക്കുമോ എന്ന ചിന്ത കൊണ്ടാണ്. അങ്ങനെ വീണ്ടുമൊരു പരിചയപ്പെടുത്തൽ ആവശ്യമായി വന്നു.

യൂദാസിന്റെ അന്ത്യം മത്തായി മാത്രമേ വിവരിക്കുന്നുള്ളൂ. പിന്നെ, അപ്പസ്തോലപ്രവർത്തനങ്ങൾ 1:18-19 ലും ഒരു വിവരണമുണ്ട്. സുവിശേഷകൻ ഈ വിവരണം യേശുവിന്റെ വിചാരണയുമായി ബന്ധിപ്പിക്കുന്നുണ്ട്. പശ്ചാത്തപിച്ച് മുപ്പതു വെള്ളിക്കാശുമായി വരുന്ന യൂദാസിന്റെ വാക്കുകളാണ് പ്രധാനപ്പെട്ടത്: ''നിഷ്ക്കളങ്ക രക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു'' (27:4). യേശു നിഷ്ക്കളങ്കനാണ് എന്നതിന് സാക്ഷ്യം നല്കുന്നത് ഒറ്റിക്കൊടുത്തവൻ തന്നെയാണ്. പിന്നെ നടക്കുന്ന കാര്യങ്ങൾ, സുവിശേഷകന് താല്പര്യമുള്ള വിഷയമായ പഴയനിയമ പൂർത്തീകരണവുമായി ബന്ധിപ്പിച്ചാണ് നാം മനസ്സിലാക്കേണ്ടത്. സഖ 11:12-13 ആണ് പശ്ചാത്തലത്തിലെ പ്രധാനപ്പെട്ട പഴയ നിയമഭാഗം.

വിചാരണ ചെയ്യപ്പെടുന്ന യേശുവിനുവേണ്ടിയും യേശുവിനെതിരായും പക്ഷം ചേരുകയും അങ്ങനെ എതിർപ്പു വളർന്ന് തിരസ്കരണമായിത്തീരുകയും ചെയ്യുന്ന രീതിയിലാണ് വിവരണം മുന്നോട്ടുപോകുന്നത്. യൂദാസിനുശേഷം, യേശുവിന്റെ ഭാഗത്തു നില്ക്കുന്നത് വിജാതീയരായ പീലാത്തോസും ഭാര്യയുമാണ്. വൈരുധ്യമാണ് ഇവിടെയും. മത്തായി 2-ാം അധ്യായത്തിൽ

യേശുവിന്റെ ജനനത്തിനുശേഷമുള്ള സംഭവങ്ങൾ വിവരിക്കുമ്പോൾ ഇതു മുൻകൂട്ടി അവതരിപ്പിച്ചു. യഹൂദർ (ഹേറോദോസും കൂട്ടരും) യേശുവിനെ തിരസ്കരിക്കുമ്പോൾ വിജാതീയരായ ജ്ഞാനികൾ യേശുവിനെ അംഗീകരിക്കുന്നു. 27:18, 23, 24 എന്നീ വാക്യങ്ങളിൽ പീലാത്തോസ് യേശുവിന്റെ കുറ്റമില്ലായ്മ ഏറ്റുപറയുന്നുണ്ട്. അസൂയനിമിത്തമാണ് യേശുവിനെ ബന്ധിച്ചത് എന്നു പീലാത്തോസിന് അറിയാമായിരുന്നു. അവൻ എന്തുതിന്മചെയ്തു എന്ന് അയാൾ ചോദിക്കുന്നുണ്ട്. ഈ ''നീതിമാന്റെ'' രക്തത്തിൽ എനിക്കു പങ്കില്ല എന്നാണ് അയാൾ പറയുന്നത്. ബറാബാസിനെ യേശുവിനോടൊപ്പം നിറുത്താൻ കാരണം ക്രൂരനായ ബറാബാസിനുവേണ്ടി അവൻ വാദിക്കില്ല, അങ്ങിനെ യേശുവിനെ രക്ഷപ്പെടുത്തണം എന്ന ആഗ്രഹംകൊണ്ടു മാത്രമാണ്.

കൂടാതെ, പീലാത്തോസിന്റെ ഭാര്യയ്ക്ക് സ്വപ്നത്തിലാണ് സന്ദേശം കിട്ടുന്നത്. സ്വർഗീയസന്ദേശമെന്നാണർത്ഥം. ''ഈ **നീതിമാന്റെ** കാര്യത്തിൽ ഇടപെടരുത്''എന്നാണ് അവൾ പറഞ്ഞുവിടുന്നത് (27:19). നിഷ്കളങ്കനും, നിരപരാധിയും നീതിമാനുമാണ് യേശു എന്ന് വ്യക്തമായി.

മറുവശത്ത്, യേശുവിനെ സ്വീകരിക്കേണ്ട സ്വന്തം ജനത - ഇസ്രായേൽ - യേശുവിനെതിരേ മുറവിളികൂട്ടുന്നു. അവരുടെ എതിർപ്പ് ഓരോ നിമിഷവും വളരുന്നു. ജനക്കൂട്ടം അവരുടെ പ്രേരണയ്ക്കു വഴങ്ങുന്നു. യേശുവിന്റെ മരണത്തിനായി വാദിക്കുന്നു. യേശുവിനെതിരേ കുപ്രസിദ്ധനായ ബറാബാസിനെ സ്വീകരിക്കുന്നു.

അപ്പോൾ പീലാത്തോസ് പ്രതീകാത്മകമായ ഒരു കാര്യം ചെയ്യുകയും ഒരു പ്രഖ്യാപനത്തിലൂടെ അർഥം വിശദീകരിക്കുകയും ചെയ്യുന്നു (27:24). കൈകഴുകൽ ഒരു പ്രതീകമാണ് (നിയ 21:6-8; സങ്കീ 26:6; 73:13 എന്നിവ കാണുക). ''ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല'' എന്ന പ്രഖ്യാപനമാണ് വിശദീകരണം. രക്തം അപരാധബോധത്തിന്റെ പ്രതീകമാണ് (എസ 18:13; ലേവ്യ 20:9). ഈ നീതിമാനെ വിധിക്കുന്നതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നില്ല എന്നാണയാൾ പറയുന്നത്.

പീലാത്തോസിന്റെ ഈ പ്രഖ്യാപനത്തോട് യഹൂദജനം പ്രതികരിക്കുന്നത്, പീലാത്തോസ് ഉപയോഗിച്ച പ്രധാനപ്പെട്ട വാക്കിൽ തുടങ്ങുന്ന ഒരു പരസ്യ പ്രഖ്യാപനത്തിലൂടെയാണ്. ''അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും ആയിക്കൊള്ളട്ടെ'' (27:25). അവനെ വധിക്കുന്നതിന്റെ ഉത്തരവാദിത്വം ഞങ്ങളും വരും തലമുറകളും ഏറ്റെടുക്കുന്നു എന്നു സാരം. യേശു ഞങ്ങളുടെ മിശിഹാ അല്ല എന്ന പരസ്യപ്രഖ്യാപനമാണിത്.

ആരാണ് ഇതു പറയുന്നത് എന്നു ശ്രദ്ധിക്കണം. ഇതുവരെ ജനക്കൂട്ടമാണ് സംസാരിച്ചിരുന്നത് (27:15). ഈ വാക്യം വരുമ്പോൾ മത്തായി ഉപയോഗിക്കുന്ന പ്രയോഗം ''ജനം മുഴുവനും'' എന്നതാണ്. ''ജനക്കൂട്ടം'' (ഗ്രീക്കിൽ ochlos) എല്ലാവരെയും ഉൾക്കൊള്ളുന്നു. വളരെ പൊതുവായ പ്രയോഗമാണത്. ''ജനം'' (ഗ്രീക്കിൽ laos) ഉടമ്പടിയുടെ ജനത്തെയാണ് സൂചിപ്പിക്കുക. ഇസ്രായേൽ ജനം മുഴുവനുമാണ് പ്രഖ്യാപനം നടത്തുന്നത്, ഒരു വിഭാഗം മാത്രമല്ല. ''മുഴുവനും'' എന്ന വിശേഷണം ചേർത്ത് ഇസ്രായേൽ ജനതയുടെ പ്രഖ്യാപനമായി മത്തായി അത് അവതരിപ്പിക്കുന്നു. ഇസ്രായേൽ യേശു ക്രിസ്തുവിനെ തിരസ്കരിക്കുന്ന രംഗമാണ്. ദൈവശാസ്ത്രപരമായി, വിശ്വസ്തതയോടെ അവസാനനിമിഷം വരെ ഉടമ്പടി അനുസരിച്ച ദൈവത്തെ ഇസ്രായേലാണ് അവിശ്വസ്തതയോടെ ഉപേക്ഷിക്കുന്നത്, ഉടമ്പടി ധിക്കരിക്കുന്നത്. സ്വജനത്താൽ തിരസ്കരിക്കപ്പെടുന്ന ദൈവത്തിന്റെ ചിത്രം സുവിശേഷത്തിന്റെ രണ്ടാം അധ്യായത്തിൽ യേശുവിന്റെ ജനനത്തെപ്പറ്റി ഹേറോദോസിന്റെ നിലപാട് ഓർമിപ്പിക്കുന്നു. അത് ഈ തിരസ്കരണത്തിന്റെ മുന്നോടിയായിരുന്നു.

27:26 തിരസ്കരണ പ്രഖ്യാപനത്തിന്റെ യാഥാർഥ്യമാക്കൽ അറിയിക്കുന്നു. യേശുവിനെ ക്രൂശിക്കാൻ ഏല്പിച്ചു കൊടുക്കുന്നു.

## 7. കുരിശുമരണം, സംസ്കാരം (27:27–66)

പീലാത്തോസ് യേശുവിനെ മോചിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവസാനം അയാളും യഹൂദപ്രമാണികളും ഒരേ തലത്തിൽ എത്തിച്ചേരുന്നു. യേശു യഹൂദർക്കും വിജാതീയർക്കും ഒരു

പോലെ വെല്ലുവിളിയാണ്. യഹൂദരുടെ ഹൃദയകാഠിന്യവും എതിർപ്പും പോലെ വിജാതീയരുടെ ശത്രുതയും യേശുവിനെ രാജാവാക്കി പരിഹസിക്കുന്നതിലും അടിക്കുന്നതിലും തുപ്പുന്നതിലും പ്രകടമാകുന്നു.

പിന്നീടുള്ള സംഭവങ്ങളുടെ വിവരണത്തിൽ മത്തായി ശ്രദ്ധിക്കുന്നത് പഴയനിയമത്തിന്റെ പൂർത്തീകരണത്തിലാണ്. മത്തായി മാത്രമാണ് കയ്പ് കലർത്തിയ വീഞ്ഞിനെക്കുറിച്ചു പറയുന്നത്. പിന്നിൽ സങ്കീ 69:22 ആണ്. സങ്കീ 22:8-9 വാക്യങ്ങൾക്കും മത്തായി ആണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്.

ക്രൂശിതനായ യേശുവിന്റെ മുമ്പിൽ ഉയർത്തപ്പെടുന്ന വെല്ലുവിളികൾ പ്രവർത്തനാരംഭത്തിലെ പ്രലോഭനങ്ങൾക്കു സമാന്തരമാണ് (മത്താ 4:1-11). ''ദൈവപുത്രനാണെങ്കിൽ'', ''രാജാവാണെങ്കിൽ.....'' എന്നുതുടങ്ങുന്ന വെല്ലുവിളികൾ ഉയർത്തുന്നത് കടന്നുപോകുന്നവരും യഹൂദപ്രമാണികളും കൂടെ ക്രൂശിതരായ കവർച്ചക്കാരുമാണ്. ശക്തി പ്രകടിപ്പിച്ച് സ്വയം രക്ഷിക്കാനാണ് വെല്ലുവിളി. യേശുവിന്റെ പ്രത്യുത്തരം മൗനമാണ്.

സങ്കീ 22:1 ഉപയോഗിച്ചുള്ള യേശുവിന്റെ പ്രാർഥന ദൈവം ഉപേക്ഷിച്ചു എന്നതിന്റെ സൂചനയല്ല. വേദനയുടെ പാരമ്യത്തിൽപ്പോലും ദൈവസാന്നിധ്യം അനുസ്മരിച്ച് പ്രാർഥിക്കുന്ന യേശുവിന്റെ ചിത്രമാണിത്. നിരാശയല്ല, വിശ്വാസമാണ് അതു പ്രകടമാക്കുന്നത്. സങ്കീ. 22 ന്റെ പൂർണമായ സന്ദേശം വിശ്വാസത്തിലധിഷ്ഠിതമായ സമർപ്പണമാണ്.

''ഏലിയാ വരുമോ എന്നുനോക്കാം'' എന്നു പറയുമ്പോൾ യഹൂദരുടെ ഇടയിലുണ്ടായിരുന്ന ഒരു വിശ്വാസമാണ് വ്യക്തമാകുന്നത്. നിരപരാധികളായ വ്യക്തികൾ അനീതിപരമായി സഹിക്കുമ്പോൾ ഏലീയാ സഹായിക്കും എന്ന ഒരു വിശ്വാസമുണ്ടായിരുന്നു. യേശുവിന്റെ നിഷ്കളങ്കതയുടെ നേരെയുള്ള വെല്ലുവിളിയാണ് ഈ വാക്കുകൾ.

ദേവാലയത്തിലെ തിരശ്ശീല കീറുന്ന രംഗം സമാന്തരസുവിശേഷകർ എല്ലാവരും അവതരിപ്പിക്കുന്നുണ്ട്. പഴയദേവാലയത്തിന്റെ അർഥമില്ലായ്മയും പുതിയ ദേവാലയത്തിന്റെ സ്വഭാവവുമാണ് ഇത് വെളിപ്പെടുത്തുന്നത്. യേശുവിലൂടെ ദൈവം എല്ലാവർക്കും സ്വയം വെളിപ്പെടുത്തുന്നു. യേശുവാണ് ദേവാലയം.

മത്തായിയെ സംബന്ധിച്ചിടത്തോളം യേശു മരിക്കുന്ന വേളയിൽ നടക്കുന്ന മറ്റു സംഭവങ്ങളാണ് പ്രധാനം. യേശു ജനിച്ചപ്പോൾ നക്ഷത്രം ഉദിച്ചതുപോലെ മരിക്കുമ്പോൾ പ്രപഞ്ചം ആകെ ഇളകുന്നു. ഭൂമികുലുക്കം, പാറപിളർച്ച, ശവകുടീരങ്ങളുടെ തുറക്കപ്പെടൽ, മരിച്ചവരുടെ ഉയിർപ്പ് എന്നിവയെല്ലാം വെളിപാട് സാഹിത്യരൂപത്തിന്റെ ഘടകങ്ങളാണ് (27:51-54; ജോയേൽ 2:10; എസെ 37:12; ഏശയ്യ 26:19; നാഹും 1:5-6; ദാനി; 12:2). യേശുവിൽ ദൈവം സ്വയം വെളിപ്പെടുത്തുന്ന രംഗമാണ്. യേശുവിന്റെ മരണനിമിഷം ഒരു പുതിയ യുഗം പിറക്കുന്നു. ഈ വെളിപാട് മനസ്സിലാക്കിയവരാണ് യേശുവിനെ ദൈവപുത്രനായി ഏറ്റു പറയുന്നത് (27:54).

യേശുവിനോടു കൂടെ നില്ക്കാനും ഒന്നിച്ചു സഹിക്കാനും ആഗ്രഹിക്കുന്ന ശിഷ്യന്മാരുടെ പ്രതിനിധികളും മാതൃകകളുമാണ് കിരേനക്കാരനായ ശിമയോൻ (27:32), അകലെ എല്ലാം നോക്കി നില്ക്കുന്ന സ്ത്രീകൾ (27:55-56) എന്നിവർ. സംസ്കാരത്തെക്കുറിച്ച് വിവരിക്കുമ്പോൾ മത്തായി വേഗതകൂട്ടുന്നു. ഉത്ഥാനവിവരണത്തിൽ എത്തിച്ചേരാനുള്ള ധൃതിയാണ്. അരിമത്തേയക്കാരൻ ജോസഫും മഗ്ദലേനമറിയവും മറ്റേ മറിയവും ശിഷ്യത്വത്തിന്റെ ഗുണങ്ങൾ ഉൾക്കൊള്ളുന്നവരാണ് എന്നാണ് സൂചന. മഗ്ദലേനാമറിയവും മറ്റേ മറിയവുമാണ് പിന്നീട് ഉത്ഥാനത്തിന്റെ സന്ദേശം ആദ്യം സ്വീകരിക്കേണ്ടവർ (28:1). അതുകൊണ്ട് അവർ സംസ്കാരസമയത്ത് അവിടെ വേണം. എങ്കിലേ വിവരണം പൂർണമാകുകയുള്ളൂ.

കല്ലറയ്ക്കു കാവൽ നില്ക്കുന്ന സംഭവവും മത്തായി മാത്രമേ വിവരിക്കുന്നുള്ളൂ (27:62-66). സുവിശേഷകൻ വൈരുധ്യത്തിലൂടെ സന്ദേശം നല്കുകയാണ്. യേശു ഉയിർത്തെഴുന്നേല്ക്കും എന്ന സംശയവും അറിവും ശത്രുക്കൾക്കാണുള്ളത്. [കല്ലറയ്ക്കൽ വരുന്ന സ്ത്രീകൾക്ക് ആ ചിന്തയില്ല (28:1)]. അതുകൊണ്ട് അത് നടക്കാതിരിക്കാൻ വേണ്ട പ്രതിവിധികൾ അന്വേഷിക്കുകയാണ് അവർ. യേശുവിന്റെ വാക്കുകൾതന്നെയാണ് അവരുടെ സംശയത്തിന്റെ ആധാരം. കല്ലറയക്കു മുമ്പിൽ കല്ലുരുട്ടിവച്ച് അതിനു മുദ്രവച്ച് കാവൽ നിറുത്തുമ്പോൾ മാനുഷികമായ എല്ലാ

സുരക്ഷിതത്വമാർഗങ്ങളും അവർ അന്വേഷിച്ചു നടപ്പാക്കി. ഉത്ഥാനത്തിന്റെ അർഥവും ശക്തിയും ആഴത്തിൽ വെളിപ്പെടുത്താനുള്ള ഒരു മാർഗമാണിത്. മത്തായിയുടെ കാലഘട്ടത്തിൽ സഭയും യഹൂദരും തമ്മിലുള്ള അകൽച്ചയുടെ സ്വഭാവവും ഇത് വെളിപ്പെടുത്തുന്നു.

### 8. ഉത്ഥാനം 28:1–15

മനുഷ്യശക്തികൾക്കും സുരക്ഷിതത്വത്തിനും അതീതമായി ദൈവശക്തി പ്രവർത്തിച്ചു. കാവല്ക്കാരെ ഭയപ്പെടുത്തിക്കൊണ്ട് യേശു മരിച്ചപ്പോൾ ഭൂകമ്പം ഉണ്ടാക്കിയ ദൈവം വീണ്ടും ഭൂമി കുലുക്കി, കല്ലറയുടെ മുദ്രപൊട്ടിച്ചു യേശുവിനെ ഉയിർപ്പിച്ചു. ഇവിടെ വെളിപാടു സാഹിത്യ രൂപമാണ് ഉപയോഗിക്കപ്പെടുന്നത് (ദാനി 10:7 വായിക്കുക). സ്ത്രീകൾക്കു ലഭിക്കുന്ന സന്ദേശത്തിന്റെ കാതൽ യേശു ഉയിർത്തു എന്നതാണ്. അവർക്കു ലഭിക്കുന്ന ദൗത്യം ശിഷ്യരോട് ഗലീലിയിലേക്കു യാത്ര തിരിക്കണമെന്ന് അറിയിക്കാനാണ് (28:10). യേശു പ്രവർത്തനം ആരംഭിച്ച അതേ ഗലീലിയിൽ വച്ചാണ് ശിഷ്യരും അയയ്ക്കപ്പെടേണ്ടത്. ജറുസലേമിൽ നിന്ന് ഗലീലിയിലേക്കു തിരിച്ചു പോകുന്നത് യേശു പറഞ്ഞതും പ്രവർത്തിച്ചതും രണ്ടാമത് അനുഭവിക്കുന്നതിനു തുല്യമാണ്. മടക്കയാത്ര വെളിപാടിനുള്ള സമയമാണ്. അപ്പോഴാണ് മനസ്സു തുറക്കപ്പെടുന്നതും അനുഭവങ്ങൾ മനനം ചെയ്യപ്പെടുന്നതും.

കാവൽക്കാരുടെ വ്യാജപ്രസ്താവന (28:11–15) യേശുവിനെതിരെയുള്ള എതിർപ്പ് മരണത്തിനും ഉത്ഥാനത്തിനും ശേഷവും തുടരുന്നു എന്നതിന്റെ സൂചനയാണ്. 12:14 ൽ ആരംഭിച്ച ഗൂഢാലോചന ഉത്ഥാനശേഷവും തുടരുന്നു. അത് സത്യത്തിൽ സുവിശേഷകൻ എഴുതുമ്പോൾ സഭ അനുഭവിച്ചിരുന്ന കാര്യമാണ് (28:15). എതിർപ്പും ശത്രുതയും സഹനവും മരണവും എന്നും ഉണ്ടാകും. പക്ഷേ അവയ്ക്കതീതമായ ദൈവശക്തിയാൽ വിജയവും ഉത്ഥാനവും എന്നും സാധിതമാകും.

# ഉപസംഹാരം (28:16 – 20)

ഉപസംഹാരം ഒരു ഗ്രന്ഥത്തിന്റെ രത്നച്ചുരുക്കമായിരിക്കും. അതോടൊപ്പം വായനക്കാരെ മുന്നോട്ടു നയിക്കുവാൻ ഉതകുന്നതും പുതിയ ചക്രവാളങ്ങൾ തുറക്കുന്നതുമായ നിർദേശങ്ങളും അവിടെയുണ്ടാകും. ഭൂതകാലത്തിലേക്കും ഭാവിയിലേക്കും അതു വിരൽ ചൂണ്ടുമെന്ന് ചുരുക്കം.

മത്താ 28:16–20 ഇതൊക്കെ പൂർണമായി ഏറ്റെടുക്കുന്നു. അഞ്ചു വാക്യങ്ങളിൽ ഉൾക്കൊള്ളിക്കാവുന്നതിന്റെ പരമാവധി ഇവിടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഘടന ഇപ്രകാരമാണ്:

| | |
|---|---|
| ആമുഖം | 28:16–17 |
| പ്രഖ്യാപനം | 28:18 |
| കല്പന | 28:19 |
| വാഗ്ദാനം | 28:20 |

ഒരു പിതാവ് മരണക്കിടക്കയിൽ നല്കുന്ന വിൽപ്പത്രമായിട്ട് ഇതിനെ കണക്കാക്കാം. നിയ 30:15–20ൽ മോശ നല്കുന്ന അന്തിമോപദേശവുമായി ഇതിന് ഉള്ളടക്കത്തിലും രൂപത്തിലും സാമ്യമുണ്ട്. പുതിയ സമൂഹത്തിന്റെ, അല്ലെങ്കിൽ പുതിയ ഇസ്രായേലിന്റെ, നിയമാവലിയാണിത്. പുതിയ പുറപ്പാടിന്റെ തുടക്കമാണിത്. പഴയ ഉടമ്പടിയുടെ എല്ലാ ഘടകങ്ങളും ഇവിടെയും കാണാം.

### ആമുഖം:

സ്ത്രീകളിലൂടെ തങ്ങൾക്കുലഭിച്ച നിർദേശമനുസരിച്ച് ശിഷ്യന്മാർ ഗലീലിയിലെത്തി മലമുകളിൽ കാത്തുനിന്നു. മത്തായി പ്രാധാന്യം കൊടുക്കുന്ന സ്ഥലമാണ് മല (5:1; 24:3 etc). വെളിപാടു നടക്കുന്ന സ്ഥലമാണിത്. ഉത്ഥിതനായ യേശുവിനെ കാണുമ്പോൾ രണ്ടുതരം പ്രതികരണങ്ങളാണ് ശിഷ്യന്മാർക്കുള്ളത് – ആരാധനയും സംശയവും. ഉത്ഥിതന്റെ മുമ്പിൽ വിശ്വാസത്തിന്റെ മനോഭാവമാണ് പ്രഥമത വേണ്ടത്. വിശ്വാസത്തിന്റെ പ്രകടനമാണ് ആരാധന. ആരാധിക്കുന്നവനേ സംശയിക്കാൻ അവകാശമുള്ളൂ. വിശ്വസിക്കുന്നവൻ അന്വേഷിക്കണം. അങ്ങനെയാണ് വിശ്വാസം ആഴപ്പെടുന്നതും.

## പ്രഖ്യാപനം:

യേശുവിന്റെ വാക്കുകൾ തന്റെ അധികാരത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തോടെയാണ് ആരംഭിക്കുന്നത്: സ്വർഗഭൂമികളുടെ മേൽ യേശുവിന് ആധിപത്യം ലഭിച്ചിരിക്കുന്നു. 11:27 ൽ ''പിതാവ് എന്നെ എല്ലാം ഏല്പിച്ചിരിക്കുന്നു'' എന്നു പറഞ്ഞപ്പോൾ ഇതു വ്യക്തമായിരുന്നു. മാത്രമല്ല, പ്രലോഭനങ്ങളുടെ സമയത്ത് പിശാചു പറയുന്ന വാക്കുകൾക്കു നേരേ വിപരീതമായ വാക്കുകളാണ് യേശുവിന്റേത് (4:8–9). സകലത്തിന്റെയും നാഥനും കർത്താവുമായി അവരോധിക്കപ്പെട്ട യേശുവാണ് സംസാരിക്കുന്നത്.

## കല്പന

''ആകയാൽ'' എന്നാണ് കല്പന തുടങ്ങുന്നത്. ഈ വാക്കാണ് കല്പനയ്ക്ക് അർത്ഥം കൊടുക്കുക. ദൗത്യം നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ ആരംഭം യേശുവിന്റെ അധികാരത്താലാണ്. ആ അധികാരത്തിന്റെ കീഴിലാണ് ഓരോരുത്തരും പ്രവർത്തിക്കേണ്ടത്. യേശുവിന്റേതാണ് ദൗത്യം. നമ്മൾ ഉപകരണങ്ങൾ മാത്രമാണ്. അതിനാൽത്തന്നെ ''ആകയാൽ'' നിർണായകമാണ്.

''പോവുക'', ''എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക'', ''ത്രിത്വദൈവനാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുക'', ''പ്രമാണങ്ങൾ അനുസരിക്കാൻ പഠിപ്പിക്കുക'' എന്നിവയാണ് കല്പനകൾ. ഇനി ദൗത്യത്തിന് പരിധികളില്ല. ''സകല ജനതകളും'' എന്നു പറയുമ്പോൾ സീമകളില്ലാത്ത ചക്രവാളങ്ങൾ എന്നാണ് അർഥം. രക്ഷ സാധിതമാകുന്നത് ത്രിത്വൈക ദൈവത്തിന്റെ പ്രവർത്തനത്താലാണ്. പുതിയ വ്യക്തികൾ ഈ അനുഭവത്തിലേക്കു നയിക്കപ്പെടുമ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് അതു നടക്കേണ്ടത്.

''ഞാൻ കല്പിച്ചവ'' എന്നു പറയുമ്പോൾ വാക്കുകളെ മാത്രമല്ല ഉദ്ദേശിക്കുക. വാക്കുകളും പ്രവൃത്തികളും ഒന്നുപോലെ പ്രാധാന്യമർഹിക്കുന്നു. യേശു പഠിപ്പിച്ചവയാണ് സുവിശേഷത്തിൽ ഇതുവരെ രേഖപ്പെടുത്തിയത്. അവയിൽ ഏറ്റവും പ്രധാനമാണ് സ്നേഹത്തിന്റെ നിയമം. അതനുസരിക്കാനാണ് എല്ലാവരേയും പഠിപ്പിക്കേണ്ടത്. ഇതിലാണ് പുതിയ ഉടമ്പടിയും നിയമവും അടങ്ങിയിരിക്കുന്നത്. പഴയ ഉടമ്പടി കാത്തുപാലിക്കാൻ നിയമം നല്കപ്പെട്ടു. പുതിയ ഉടമ്പടിയിൽ ഹൃദയത്തിലാണ് നിയമം എഴുതപ്പെടുന്നത് (ജറെ 31:31). സ്നേഹമാണ് നിയമത്തിന്റെ സ്വഭാവം.

## വാഗ്ദാനം

പഴയ ഉടമ്പടിയുടെ കൂടെ ദൈവസാന്നിധ്യവും നല്കപ്പെട്ടു. കൂടാരമടിച്ചു ജനത്തോടൊപ്പം വസിച്ച ദൈവം: ''ഷെക്കീനാ'' (ദൈവസാന്നിധ്യത്തിന്റെ കൂടാരം). പുതിയ ''ഷെക്കീന''യാണ് 28:20 ൽ വാഗ്ദാനം ചെയ്യപ്പെടുന്നത്: ''യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും''. ദൗത്യം യേശുവിന്റേതാണ്, നമ്മുടേതല്ല. അവിടന്നാണ് ചരിക്കുന്നത്; നമ്മൾ കൂടെ നടക്കുന്നു എന്നേയുള്ളൂ. യുഗാന്തം ആണ് ലക്ഷ്യം. യേശുവിന്റെ അധികാരത്തിൽ അയയ്ക്കപ്പെടുന്നവൻ യേശുവിന്റെ സാന്നിധ്യത്തിൽ ജീവിക്കുന്നു. 1:23 ൽ യേശു ''ദൈവം നമ്മോടുകൂടെ''യാണ് എന്ന് അറിയിച്ചിരുന്നു. ഇപ്പോൾ യേശു തന്നെ അത് പ്രഖ്യാപിക്കുന്നു.

സുവിശേഷത്തിലെ പ്രധാന ആശയങ്ങളും സന്ദേശവും അവതരിപ്പിക്കുന്നതോടൊപ്പം പുതിയ ഒരു ചക്രവാളം തുറക്കപ്പെട്ടു. യേശുവിന്റെ ദൗത്യത്തിന്റെ സാർവലൗകികത. അതിർത്തികളില്ലാത്ത ആ ചക്രവാളത്തിലേക്ക് ചരിക്കാൻ എല്ലാവർക്കും ആഹ്വാനം – ഇതാണ് ഈ ഗ്രന്ഥത്തിന്റെ സർവകാല പ്രസക്തിയും.